# ആമുഖം

ഒരു പഴയകഥയുണ്ട്. ക്രൂരനായൊരു കൊള്ളക്കാരൻ 99 പേരെ കൊന്നുകഴിഞ്ഞു. ഇനിയെന്ത് എന്ന മട്ടിൽ നടക്കുമ്പോൾ ഒരു സന്യാസിയെ കാണുന്നു. കൊള്ളക്കാരൻ പറഞ്ഞു: 'സ്വാമീ ഞാൻ 99 പേരെ വധിച്ചുപോയി. പ്രായശ്ചിത്തം ചെയ്യാനെന്താണ് വഴി. എനിക്കീ തൊഴിൽ മടുത്തു.' സന്യാസി പറഞ്ഞു: 'ക്രൂരം! മഹാപാപം! ഇത്രയും പേരെ കൊല ചെയ്തതിനുള്ള ശിക്ഷ താൻ അനുഭവിച്ചുതന്നെ തീരണം.' കോപിഷ്ഠനായ കൊലയാളി സ്വാമിയെകൂടി വധിച്ച് നൂറ് തികച്ച മനസ്സമാധാനത്തോടെ നടന്നുപോയി! ഇതൊരു കഥയാവാം. പക്ഷേ, ഇന്നത്തെ ലോകം. കാലഘട്ടത്തിലെ മനുഷ്യന്റെ ചിന്താഗതി ഏതാണ്ട് ഇത്തരത്തിലാണ്. നിസ്സഹായരും നിരപരാധികളുമായവരെ കൊന്നൊടുക്കി സമാധാനപാലനം നടത്തുകയാണ് പലരും. ആണവായുധങ്ങൾ കൂമ്പാരം കൂട്ടിവെച്ച് വല്ലവരും വല്ല ഓലപ്പടക്കവും ഉണ്ടാക്കുന്നുണ്ടോ ലോകസമാധാനം തകർത്തോ എന്ന് ഉറ്റുനോക്കുന്ന കുത്തകരാഷ്ട്രങ്ങൾ ഒരു ഭാഗത്ത്, ലോകക്ഷേമത്തിനെന്ന് പറഞ്ഞ് തട്ടികൂട്ടിയ ഐക്യരാഷ്ട്രസഭയാകട്ടെ പട്ടിണിയിലും ദുരിതത്തിലും വലയുന്ന സാധുരാഷ്ട്രങ്ങളെ തിരിഞ്ഞുനോക്കാതെ വല്യേമാന്മാരുടെ ഓണത്തല്ലും തലപ്പന്തുകളിയും പരിപാലിച്ചു മറുഭാഗത്ത്.

താടിയും തലപ്പാവുമണിഞ്ഞ് യന്ത്രത്തോക്കുകളും ബോംബുകളും പൊട്ടിച്ച് ചില മഹാന്മാർ തങ്ങളുടെ മൃഗീയതൃഷ്ണകൾ ശമിപ്പിക്കുന്നു. അവർ ദീനീസേവകരാണ്. രക്തം ചാലിട്ടൊഴുകുന്ന തെരുവുകളിൽ ശരീരഭാഗങ്ങൾ ചിതറിത്തെറിക്കുമ്പോൾ പാർപ്പിടങ്ങൾ കത്തിയമരുമ്പോൾ, വാളും തോക്കുമേന്തി അവരാർത്തുവിളിക്കുന്നു. "***അല്ലാഹു അക്ബർ***". ഏതൊരു കരുണാവാരിധിയായ അല്ലാഹുവിനാണ് അവരുടെ ക്രൂരതമുറ്റിയ കണ്ഠങ്ങളിലെ ചോരമണക്കുന്ന തക്ബീർ വിളി വേണ്ടത്. തന്റെ അപരിമേയമായ കൃപാകടാക്ഷത്താൽ ഈ അണ്ഡകടാഹത്തേയും അതിലെ സർവ്വചരാചരത്തേയും സൃഷ്ടിച്ച് അവരുടെ എല്ലാ ആവശ്യങ്ങളും ചോദിക്കാതെയും പറയാതേയും നിർവ്വഹിച്ചുകൊടുക്കുന്ന ആ സൃഷ്ടികർത്താവിന്, തന്റെ സൃഷ്ടികളോട് കനിവ് കാണിക്കാത്ത, നീതി കാണിക്കാത്ത, മനുഷ്യത്വം മരവിച്ചുപോയവരുടെ സ്തുതി ആവശ്യമില്ലതന്നെ. അവന്റെ സൃഷ്ടികളെ സേവിച്ചും സ്നേഹിച്ചും അവനെ ആരാധിക്കുമ്പോൾ മാത്രമേ അവൻ തന്റെ അടിമയെ അംഗീകരിക്കുകയുള്ളൂ. മുഴുവൻ മനുഷ്യവംശത്തിനും കാരുണ്യവും അനുഗ്രഹവുമായിക്കൊണ്ട് ആ സർവ്വശക്തനായ ദൈവം നമുക്ക് തന്നരുളിയ മഹാനായ പ്രവാചകൻ- ദൈവത്തിന്റെ പ്രിയദാസൻ മുഹമ്മദ് നബി(സ) നീണ്ട 13 വർഷങ്ങൾ എണ്ണമറ്റ ദുരിതവും പീഢനങ്ങളും സഹിച്ച് തന്റെ അനുയായികളോടൊപ്പം മക്കയിൽ കഴിച്ചുകൂട്ടിയത്- ആയുധമേന്താനറിയാഞ്ഞിട്ടോ ധീരതയില്ലാഞ്ഞിട്ടോ ആയിരുന്നില്ല. ക്ഷമയുടേയും സഹനത്തിന്റേയും എല്ലാ അതിർവരമ്പുകളും ലംഘിച്ച് ശത്രുപീഢനം മദീനയിലും പിന്തുടർന്നപ്പോഴാണ് ആക്രമിക്കപ്പെട്ടവർക്ക് തിരിച്ച് പ്രതിരോധിക്കുവാൻ വിശുദ്ധഖുർആൻ അനുവാദം നൽകിയത്. അതും അക്രമം അവസാനിക്കുകയും മതസ്വാതന്ത്ര്യം ലഭിക്കുന്നതുവരെയും മാത്രം. ക്ഷമയാണ് നിങ്ങൾക്കു ഉത്തമം എന്ന നിബ

സ്ഥനയോടെ. ആ ഇസ്‌ലാമിന്റെ ആ മഹാനായ പ്രവാചകന്റെ ഉമ്മത്തിലെ ഒരുകൂട്ടർ ഇന്ന് നിരപരാധികളുടെ രക്തം കുടിച്ചട്ടഹസിക്കുകയാണ്. ദീനിനുവേണ്ടിയാണത്രെ അതും.

കാരുണ്യമാണ്; സൗമ്യതയാണ് ഇസ്‌ലാമിന്റെ ഭാവം. അറിയുന്നവർക്കും അറിയാത്തവർക്കും സമാധാനമാശംസിക്കുകയാണ് ഇസ്‌ലാമിന്റെ മുഖമുദ്ര. തന്റെ അയൽവാസി പട്ടിണികിടക്കുമ്പോൾ വയറുനിറച്ചുണ്ണുന്നവൻ നമ്മിൽപ്പെട്ടവനല്ല. ആരുടെ നാവിൽനിന്നും കയ്യിൽനിന്നും മറ്റുള്ളവർ സുരക്ഷിതരാണോ അവനാണ് മുസ്‌ലിം. ഇസ്‌ലാമിന്റെ മഹാനായ പ്രവാചകൻ നമ്മുടെ മതത്തെ നിർവചിച്ചത് അങ്ങനെയാണ്. ഇസ്‌ലാം ഇന്ന് നാനാഭാഗത്തുനിന്നും ആക്രമിക്കപ്പെടുകയാണ്. അതിനേക്കാൾ ഭീകരം സ്വയം സേവിച്ച് തീർക്കുന്ന ചിതലുകളെ പോലെ ഇസ്‌ലാമിനെ ദ്രവിപ്പിക്കുന്ന ഇത്തരം 'താടീവാലകൾ'തന്നെ. ലോകാവസാനംവരെ മനുഷ്യകുലത്തിന് രക്ഷാമാർഗ്ഗമാക്കി അവതീർണ്ണമായ പാവനമായ ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ രക്തദാഹത്തിന്റെ പര്യായമായി ശത്രുക്കൾ വികലപ്പെടുത്തുമ്പോൾ ലോകാന്ത്യംവരെ മാനവകുലത്തിന് സ്നേഹസന്ദേശവുമായെത്തിയ, ഉത്തമജീവിതമാർഗ്ഗം കാണിച്ചുതന്ന, മനുഷ്യനെ അഗ്നിസ്ഫുടം ചെയ്തെടുക്കുവാൻ പ്രാപ്തമായ ന്യായപ്രമാണം കൊണ്ടുവന്ന പരിശുദ്ധപ്രവാചകരെ ഇവർ അന്ത്യനാക്കിനിർത്തിയിരിക്കുകയാണ്. അന്ത്യനെന്തുണ്ട് വിശേഷം എന്ന് ചിന്തിക്കാൻ മാറാലകെട്ടിയ ഇവരുടെ ചിന്താമണ്ഡലങ്ങൾക്ക് ശക്തിയില്ല. പ്രവാചകൻ നിർദ്ദേശിച്ച ദൈവികമാർഗ്ഗം ഖിലാഫത്ത് തിരിച്ചറിയാൻ അന്ധവിശ്വാസത്തിന്റെയും അധികാരക്കൊതിയുടെയും തിമിരം ബാധിച്ച ഇവരുടെ കണ്ണുകൾക്ക് കഴിയുന്നില്ല. 'അന്ത്യപ്രവാചകപട്ടം' നൽകി മനുഷ്യകുലത്തിന് എല്ലാ കാലവും മാർഗ്ഗദർശകനാകേണ്ട ഒരു മഹാത്മാവിനെ അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളെ കാറ്റു കടക്കാത്ത പേടകങ്ങളിലാക്കുന്ന ഇവർ ഖുർആനിക പാഠങ്ങൾക്കും നീതിസാരങ്ങൾക്കും മുകളിൽ ചോരക്കറകൾ കൊണ്ട് കരിപടർത്തുകയാണ്. ദജ്ജാലിയ്യത്തിൽനിന്ന് മൃഗീയതൃഷ്ണകളിൽനിന്ന് രക്തദാഹങ്ങളിൽനിന്ന് മനുഷ്യകുലത്തിന് ഒരു മോചനം ഇനി വിശുദ്ധഖുർആൻ മുഖേന മാത്രമേ സാധ്യമാകൂ. ആ സത്യത്തിന്റെ പൊൻവെളിച്ചം ഇരുട്ടുപടരുന്ന കണ്ണുകൾക്കു മുമ്പിൽ മരവിച്ചുപടരുന്ന മനസ്സുകൾക്കുമുമ്പിൽ വിളിച്ചുപറയാൻ 'അന്ത്യനല്ലാത്ത', എല്ലാ അനാചാരങ്ങളെയും അന്ത്യപ്പെടുത്തിയ വിശുദ്ധപ്രവാചകൻ നിർവചിച്ചത് പോലെ.. അദ്ദേഹത്തിന്റേയും ജമാഅത്തിന്റേയും മാർഗ്ഗത്തിൽ മാതൃകയിൽ ഒരു ഖലീഫയുടെ കീഴിൽ ഒരുപറ്റം സത്യവിശ്വാസികൾ, സച്ചരിതർ ശ്രമിക്കുമ്പോൾ അവരെ തിരിച്ചറിയാൻ അവരുടെ ശ്രമങ്ങൾക്കു ശക്തികൂട്ടാൻ താടിയും തലപ്പാവും മുഖംമൂടിയും വലിച്ചെറിഞ്ഞ് വാളും തോക്കും ഏന്തിയ കൈകൾ കഴുകി വെടിപ്പാക്കി വിശുദ്ധഖുർആൻ ഹൃദയശുദ്ധിയോടെ പാരായണം ചെയ്ത് മാനവനന്മയ്ക്കായി ഹൃദയമുരുകി സർവ്വശക്തനോട് പ്രാർത്ഥിക്കുവാൻ എങ്കിലും ഈ മുസ്‌ലിംനാമധാരികൾ തയ്യാറായെങ്കിൽ. എങ്കിൽമാത്രമേ ഖുർആനിക വെളിച്ചത്തിന്റെ മാസ്മരികതയും ഇസ്‌ലാമിന്റെ ജീവൽദൃഷ്ടാന്തങ്ങളു ലോകം കാണുകയുള്ളൂവെന്നത് അത്യുന്നതങ്ങളിൽ വിധിക്കപ്പെട്ട കാര്യമാണ്.

*എഡിറ്റർ*



## ഖുർആനിൽനിന്ന്

**പ**രലോകത്തെ ഭയപ്പെടുകയും തന്റെ നാഥന്റെ കാരുണ്യത്തെ പ്രത്യാശിക്കുകയും ചെയ്തുകൊണ്ട് രാത്രിയുടെ യാമങ്ങളിൽ കുമ്പിട്ടുകൊണ്ടും നിന്നുകൊണ്ടും (അല്ലാഹുവിനോട്) അർപ്പണബോധത്തോടെ പ്രാർത്ഥിക്കുന്നവൻ (അനുസരണം കാണിക്കാത്തവനെപ്പോലെയാകുമോ?) പറയുക, 'അറിയുന്നവരും അറിയാത്തവരും സമമാകുമോ? നിശ്ചയമായും ബുദ്ധിമാന്മാർ മാത്രമേ ഉപദേശം കരസ്ഥമാക്കുകയുള്ളൂ.' പറയുക. 'വിശ്വസിച്ചവരായ എന്റെ ദാസന്മാരേ, നിങ്ങൾ നിങ്ങളുടെ നാഥനെ ഭയപ്പെടുക. ഈ ലോകത്ത് നന്മ പ്രവർത്തിക്കുന്നവർക്ക് ഏറ്റവും നല്ല പ്രതിഫലമുണ്ട്. അല്ലാഹുവിന്റെ ഭൂമി വിശാലമാണ്. നിശ്ചയമായും സ്ഥിരത കൈക്കൊള്ളുന്നവർക്ക് അവരുടെ പ്രതിഫലം ഒരു കണക്കും കൂടാതെ പൂർണ്ണമായും നല്കപ്പെടുന്നതാണ്.' പറയുക. 'അനുസരണം അല്ലാഹുവിനു മാത്രമാക്കിക്കൊണ്ട് അവനെ മാത്രം ആരാധിക്കണമെന്ന് ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. '(അവനോട്) അനുസരണം പുലർത്തുന്നവരിൽ ഒന്നാമൻ ആകണമെന്നും ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു.' പറയുക, 'ഞാൻ എന്റെ നാഥനെ ധിക്കരിക്കുന്നതായാൽ ഗുരുതരമായ ഒരുനാളിന്റെ ശിക്ഷ (വരുമെന്ന്) ഞാൻ ഭയപ്പെടുന്നു.' പറയുക. 'എന്റെ അനുസരണം അല്ലാഹുവിന് പ്രത്യേകപ്പെടുത്തിക്കൊണ്ട് അവനെ ഞാൻ ആരാധിക്കുന്നു.' (*39:10-15*)

## തിരുനബിവചനങ്ങൾ

**അ**ബൂ ഹുറയ്റ(റ)ൽനിന്ന് നിവേദനം. റസൂൽ(സ) പറഞ്ഞു: "ഒരാൾ നമസ്കാരം ജമാഅത്തായി നിർവ്വഹിച്ചാൽ തന്റെ വീട്ടിലോ അങ്ങാടിയിലോവെച്ച് ഒറ്റയ്ക്ക് നമസ്കരിക്കുന്നതിനേക്കാൾ ഇരുപതിരട്ടി പ്രതിഫലം ലഭിക്കും. അതിന് കാരണം: നല്ലവണ്ണം വുളു ചെയ്തുകൊണ്ട് പള്ളിയിലേക്ക് പുറപ്പെട്ടു. നമസ്കാരം മാത്രമാണ് അവനെ പുറപ്പെടുവിക്കുന്നത്. എങ്കിൽ ഓരോ പാദം എടുത്തുവെക്കുമ്പോഴും തനിക്കൊരു പദവി ഉയർത്തപ്പെടുകയും ഒരു പാപം നീക്കപ്പെടുകയും ചെയ്യും. അതിനുശേഷം അവൻ പള്ളിയിലെത്തിച്ചേർന്നാൽ വുളു നിഷ്ഫലമാകാതെ നമസ്കാരവും പ്രതീക്ഷിച്ച് മുസല്ലയിൽ ഇരിക്കുന്ന സമയമത്രയും മലക്കുകൾ അവനുവേണ്ടി പ്രാർത്ഥിക്കും: അല്ലാഹുവേ! അവനെ നീ അനുഗ്രഹിക്കണം. അവന് ദയ ചെയ്യണം. നമസ്കാരം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നത്ര സമയം (ഫലത്തിൽ) നമസ്കാരത്തിലാണവൻ.

(*ബുഖാരി, മുസ്ലിം*)

# മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥത്തിൽനിന്ന്


**എ**ന്റെ ജമാഅത്തിൽപ്പെട്ടവരാണെന്ന് വിചാരിക്കുന്ന അല്ലയോ ജനങ്ങളേ, സത്യമായും ഭയഭക്തിയുടെ വഴിയിൽ ചലിക്കുമ്പോൾ മാത്രമേ നിങ്ങൾ എന്റെ ജമാഅത്തിൽപ്പെട്ടവരായി ഗണിക്കപ്പെടുകയുള്ളൂ. നിങ്ങൾ അഞ്ചുനേരത്തെ നമസ്കാരം എളിമയോടും ഭക്തിയോടുംകൂടി ദൈവത്തിന്റെ മുമ്പിൽ അവനെ യഥാർത്ഥത്തിൽ കാണുന്നുണ്ടെന്നവണ്ണം അനുഷ്ഠിക്കുവിൻ. ദൈവത്തിനുവേണ്ടി നിങ്ങൾ ഹൃദയമറിഞ്ഞുകൊണ്ട് നോമ്പനുഷ്ഠിക്കുവിൻ. നിങ്ങളിൽ ശരീഅത്ത് വിധിക്കുന്നപ്രകാരം എല്ലാ നിബന്ധനകളോടും കൂടി ബാധ്യതപ്പെട്ടവർ ദാനധർമ്മങ്ങൾ ചെയ്യുവിൻ. മക്കയിൽ ചെന്ന് ഹജ്ജ് അനുഷ്ഠിക്കാൻ ബാധ്യസ്ഥരായിട്ടുള്ളവർ തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഹജ്ജ് അനുഷ്ഠിക്കുവിൻ. നന്മകൾ അതിനോടു ഇഷ്ടം തോന്നുമാറ് അനുവർത്തിക്കുകയും തിന്മകൾ അതിനോടു വെറുപ്പ് തോന്നുംവിധം കൈവെടിയുകയും ചെയ്യുവിൻ. ഭക്തിശൂന്യമായ ഒരു കർമ്മവും ദൈവത്തോളം എത്തുകയില്ലെന്ന് നിങ്ങൾ ഓർത്തുകൊള്ളുവിൻ. എല്ലാ നന്മകളുടേയും വേര് ഭയഭക്തിയാകുന്നു. ഏതൊരു കർമ്മത്തിൽ ഈ വേര് നഷ്ടപ്പെടുന്നില്ലയോ ആ കർമ്മം നശിച്ചുപോകുന്നതല്ല. പണ്ട് സത്യവിശ്വാസികൾ പരീക്ഷിക്കപ്പെട്ടതുപോലെ നിങ്ങളും കഷ്ടപ്പാടുകളാലും പ്രതികൂല സാഹചര്യങ്ങളാലും പരീക്ഷിക്കപ്പെടേണ്ടത് ആവശ്യമാകുന്നു. നിങ്ങൾ പരാജയപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. ആകാശവുമായി നിങ്ങൾക്ക് അടുത്തബന്ധമുണ്ടെങ്കിൽ ഭൂമിക്ക് നിങ്ങൾക്കൊരു ദോഷവും വരുത്താനാവില്ല. നിങ്ങൾക്ക് വല്ല നഷ്ടവും ഏൽക്കുന്നുണ്ടെങ്കിൽ അത് നിങ്ങളുടെ കൈകൾകൊണ്ടുള്ളതായിരിക്കും. ശത്രുക്കളുടെ കൈകളാലായിരിക്കുകയില്ല. ഭൂമിയിൽ നിങ്ങൾക്ക് എല്ലാ ബഹുമാനങ്ങളും നഷ്ടമാകുന്നുവെങ്കിൽ ശാശ്വതമായ കീർത്തി നിങ്ങൾക്ക് സ്വർഗ്ഗത്തിൽ ദൈവം നല്കും. അവനെനിങ്ങൾ കൈവിട്ടുകളയല്ല. നിങ്ങൾക്ക് പലതരം വിഷമതകൾ അനുഭവപ്പെടുകയും നിങ്ങളുടെ ചിരകാല പ്രതീക്ഷകൾ തകർന്നുപോവുകയും ചെയ്താലും നിങ്ങൾ ദുഃഖിക്കാതിരിക്കുകയും ചെയ്യുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ദൈവം അവന്റെ മാർഗ്ഗത്തിൽ നിങ്ങളുടെ വിശ്വസ്തതയെ പരീക്ഷിക്കുകയത്രെ. ആകാശത്തിൽ മലക്കുകളാൽ കീർത്തിക്കപ്പെടണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ മർദ്ദിക്കപ്പെടുമ്പോഴും ആഹ്ലാദം കൊള്ളുവിൻ. ശകാരിക്കപ്പെടുമ്പോൾ നിങ്ങൾ നന്ദിയുള്ളവരായിരിക്കുവിൻ.

ബാഹ്യനിലയിലുള്ള ബയ്അത്ത് ചെയ്തതുകൊണ്ട് മതിയാകുമെന്ന് നിങ്ങൾ ഒരിക്കലും വിചാരിച്ചുപോകരുത്. ബാഹ്യം ഒന്നുമല്ല, ദൈവം നിങ്ങളുടെ ഹൃദയങ്ങളിലേക്കാണ് നോക്കുന്നത്. ആ ഹൃദയാവസ്ഥകളുടെ അടിസ്ഥാനത്തിലാണ് അവൻ നിങ്ങളോട് പെരുമാറുക. പാപം ഒരു വിഷമാകുന്നു. അത് ഭക്ഷിക്കരുത്. ദൈവത്തോടുള്ള അനുസരണക്കേട് ഒരു നിന്ദ്യമായ മരണമാണ്. അതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുവിൻ. നിങ്ങൾ സദാ ദുആ ചെയ്തുകൊണ്ടിരിക്കുവിൻ. ദുആ! അത് നിങ്ങളിൽ ശക്തിപകരും.

നിങ്ങൾ ദൈവത്തിന്റേതായിത്തീരുമെങ്കിൽ ദൈവം നിങ്ങളുടേത് തന്നെയാണ്. നിങ്ങൾ ഉറങ്ങുമ്പോൾ നിങ്ങൾക്കുവേണ്ടി അവൻ ഉണർന്നിരിക്കും. നിങ്ങൾ ശത്രുവിനെക്കുറിച്ച് അശ്രദ്ധനായിരിക്കുമ്പോൾ അവൻ ശത്രുവിനെ നോക്കിപ്പാർക്കും. നിങ്ങളുടെ ശത്രുവിന്റെ ആസൂത്രണങ്ങളെ അവൻ തകർത്തുകൊള്ളും. നിങ്ങളുടെ ദൈവത്തിന് എന്തെന്ത് അത്ഭുതങ്ങളുണ്ടെന്ന് നിങ്ങൾ അറിയുന്നില്ല. അറിഞ്ഞിരുന്നുവെങ്കിൽ ഈ ലോകത്തെ ചൊല്ലി ദുഃഖിച്ചുകൊണ്ടിരിക്കുന്ന ദിനങ്ങൾ നിങ്ങൾക്കുണ്ടാകില്ല. തന്റെ പക്കൽ ഒരു വൻനിധിയുണ്ടായിരിക്കെ ഒരു ചില്ലിക്കാശ് നഷ്ടപ്പെട്ടതിനെ ചൊല്ലി ആരെങ്കിലും കരയുകയും അലമുറകൂട്ടുകയും മരിക്കാനൊരുങ്ങുകയും ചെയ്യുമോ? നിങ്ങൾക്ക് ഈ നിധിയെക്കുറിച്ച് അറിയാമെങ്കിൽ നിങ്ങളുടെ ഓരോ ആവശ്യത്തിന്റേയും അവസരത്തിൽ നിങ്ങൾക്ക് സഹായിത്തിനുണ്ടെന്ന് അറിഞ്ഞെങ്കിൽ നിങ്ങൾ ദുനിയാവിനുവേണ്ടി തന്നത്താൻ മറക്കുന്നതെന്തിന്? ദൈവം ഏറ്റവും പ്രിയപ്പെട്ട നിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. ഓരോ കാൽവെയ്പ്പിലും അവൻ നിങ്ങളുടെ സഹായകനാകുന്നു.

നിങ്ങൾക്കായുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. വിശുദ്ധഖുർആനെ നിങ്ങൾ അവഗണിച്ചനിലയിൽ തള്ളിക്കളയല്ല. ഇതിലാണ് നിങ്ങളുടെ ജീവിതം. ആര് ഖുർആന് ബഹുമാനം നല്കുമോ അവർ ആകാശത്തിൽ ബഹുമാനിതരാകുന്നു.

*(കശ്തിനൂഹ്)*



# അല്ലാഹുവിന്റെ സഹായവും, നബിമാരുടെ വിജയവും

**ഞാ**ൻ അല്ലാഹുവിന്റെ സവിശേഷ ഗുണമായ നാസിർ, നസീർ എന്നതിനെക്കുറിച്ചും, അല്ലാഹു തന്റെ നബിമാരെ എല്ലാ അവസരത്തിലും സഹായിച്ചുകൊണ്ട് അവരുടെ ഭയാവസ്ഥയെ സമാധാനാവസ്ഥയിലേക്ക് മാറ്റുമെന്നും പറഞ്ഞിരുന്നു. അവരുടെ വിഷമങ്ങൾ അകറ്റുന്നു. തന്റെ സഹായത്തിന്റെ കാഴ്ചകൾ കാണിക്കുന്നു. ഞാൻ പറഞ്ഞതുപോലെ നബി(സ) തിരുമേനിയുടെ ജീവിതം അല്ലാഹുവിന്റെ സഹായവും പിന്തുണയുംകൊണ്ട് നിറഞ്ഞുകിടക്കുകയാണ്. നുബുവ്വത്ത് വാദത്തിനു ശേഷം എപ്പോഴും നബി(സ) തിരുമേനിക്ക് നഷ്ടമുണ്ടാക്കാൻ ശത്രുക്കൾ പരിശ്രമിച്ചുകൊണ്ടിരുന്നതായി അവിടത്തെ ജീവിതത്തിൽ കാണാം. അദ്ദേഹത്തെ വിശ്വസിച്ചവരുടെമേൽ അതിക്രമം നടത്തി. അദ്ദേഹത്തോട് അങ്ങേയറ്റം അക്രമം ചെയ്തു. പന്തിവിരോധം ഏർപ്പെടുത്തി. അക്കാരണത്താൽ അവിടത്തെ കുടുംബത്തിനും നബിക്കുതന്നെയും, അവിടത്തെ വിശ്വാസികൾക്കും ഈ അക്രമത്തിൽനിന്ന് രക്ഷപ്പെടാൻ അബൂത്വാലിബിന്റെ അധീനത്തിലുണ്ടായിരുന്ന ഒരു താഴ്‌വരയിൽ പോയി താമസിക്കേണ്ടിവന്നു. അവിടെ ഏകദേശം മൂന്നുവർഷംവരെ പാർത്തു. അവിടെ ഭക്ഷണത്തിനുള്ള ഏർപ്പാടുകളൊന്നും ഉണ്ടായിരുന്നില്ല. കുറച്ചുകാലത്തിനുശേഷം വിശപ്പിന്റെയും ദാഹത്തിന്റെയും കാഠിന്യം അവർക്കെല്ലാം- കുട്ടികൾക്കും വൃദ്ധന്മാർക്കും സ്ത്രീകൾക്കുമെല്ലാം സഹിക്കേണ്ടതായിവന്നു. വിശപ്പും ദാഹവുംകൊണ്ട് കുട്ടികളും വലിയവരുമെല്ലാം ഗതിമുട്ടിയവരായി. ഒരു സ്വഹാബി രാത്രിയിൽ നടന്നുപോകുമ്പോൾ തന്റെ കാലിന്നടിയിൽപ്പെട്ട ഏതോ മൃദുവായ സാധനം തന്റെ വിശപ്പകറ്റുന്നതിനായി എടുത്തുതിന്നു. എന്താണ് താനന്ന് തിന്നതെന്ന് തനിക്കറിയില്ലെന്ന് അദ്ദേഹം പറയുമായിരുന്നു. ഇതായിരുന്നു അവസ്ഥ. എന്തായാലും മൂന്നുവർഷത്തിനുശേഷം അല്ലാഹു അതിൽനിന്ന് മോചനത്തിനുള്ള വഴിയൊരുക്കി. ഖുറയ്ശികളിലെ ചില ഗോത്രക്കാർ ചെയ്ത ഉപരോധ ഉടമ്പടി കാരണത്താൽ നബി(സ)ന് അബൂത്വാലിബിന്റെ താഴ്‌വരയിൽ പോയി താമസിക്കേണ്ടിവന്നു. എല്ലാ ഗോത്രക്കാരും അറിയുന്നതിനും ലംഘിക്കാതിരിക്കുന്നതിനും വേണ്ടി ഉടമ്പടി എഴുതി കഅ്ബയുടെ വാതിലിൽ തൂക്കിയിട്ടിരിക്കുകയായിരുന്നു. ഈ ഉടമ്പടിയെക്കുറിച്ച് ഒരു ദിവസം നബി(സ) തന്റെ പിതൃവ്യനോടു പറഞ്ഞു. എന്നോട് എന്റെ അല്ലാഹു പറഞ്ഞിരിക്കുന്നു, കഅ്ബയുടെ വാതിലിൽ തൂക്കിയിട്ടിരിക്കുന്ന ഉടമ്പടിപത്രിക മുഴുവനും ചിതലെടുത്തിരിക്കുന്നു; ദൈവത്തിന്റെ നാമം മാത്രമേ അതിൽ ബാക്കിയായിട്ടുള്ളൂ. അങ്ങനെ അബൂത്വാലിബ് കഅ്ബാ മന്ദിരത്തിൽച്ചെന്ന് അവിടെയിരുന്നിരുന്ന ഖുറയ്ശികളിലെ വലിയ വലിയ നേതാക്കന്മാരോടു, തന്റെ സഹോദരപുത്രൻ തന്നോടു ഇങ്ങനെ പറഞ്ഞിരിക്കുന്നതായി അറിയിച്ചു. ശരി, നോക്കിക്കളയാമെന്ന് അവർ പറഞ്ഞു. അങ്ങനെ അവർ ആ ഉടമ്പടിപത്രിക നോക്കാൻ പോയപ്പോൾ, അത് നബി (സ) തിരുമേനി പറഞ്ഞതുപോലെ തന്നെ കാണപ്പെട്ടു. മൃദുലമനസ്കരായ ചില ഖുറയ്ശി നേതാക്കൾ പറഞ്ഞു: ഇപ്പോൾ ഒരുപാടായി കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ ബന്ധമില്ലായ്മ അവസാനിപ്പിക്കേണ്ടതാണ്. അവരിലെ പലരുടേയും ഹൃദയം മൃദുലമായിരുന്നു. ഇതിനുമുമ്പേ ഇത് അവസാനിക്കണമെന്ന് അവർ ആഗ്രഹിച്ചിരുന്നതാണ്. ഉടമ്പടി ഈ രീതിയിൽ അവസാനിച്ചത് അല്ലാഹുവിന്റെ സഹായവും പിന്തുണയും ഒന്നുമാത്രമായിരുന്നു. കുറച്ചുകാലം നബി(സ) തിരുമേനിക്കും അവിടത്തെ വിശ്വാസികൾക്കും ഒരു പരീക്ഷണത്തിലൂടെ കടക്കേണ്ടിവന്നു എന്നതു ശരിതന്നെയാണ്. എന്നാൽ, ആ ഖുറയ്ശീ നേതാക്കൾക്കെതിരിൽ, ആ താഴ്‌വരയിൽനിന്ന് പുറത്തുവന്ന് തങ്ങളുടെ നിത്യേനയുള്ള കാര്യങ്ങളനുസരിച്ച് ജീവി

ക്കാൻ അവരിലാർക്കും ശക്തിയുണ്ടായിരുന്നില്ല. ഇത് അല്ലാഹുവിന്റെ സഹായമൊന്നു മാത്രമായിരുന്നു. അവനാണ് അത്തരം ഏർപ്പാട് ചെയ്തത്. ആ ഉടമ്പടിപത്രികയിൽ ഒന്നും ബാക്കിയായില്ല. ചില മാന്യന്മാരുടെ മനസ്സിൽ ഇക്കാരണത്താൽ ഭയവും സഹതാപവികാരങ്ങളും ഉണ്ടായി.

നബി(സ) തിരുമേനി എല്ലാ നബിമാരുടേയും നേതാവായ ഖാത്തമുൽ അമ്പിയാ ആയിരുന്നു. കഠിനമായ ബുദ്ധിമുട്ടുകളുടെ ഒരുപാട് അവസരങ്ങൾ അവിടത്തെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. പക്ഷേ, അല്ലാഹു അനിതരസാധാരണമായ നിലയിൽ തന്റെ സഹായവും പിന്തുണയും കാണിച്ചു.

അങ്ങേയറ്റം അസാധാരണമായ അഞ്ചു സന്ദർഭങ്ങൾ നബി(സ) തിരുമേനിയുടെ ജീവിതത്തിലുണ്ടായിട്ടുണ്ട്. ആ ഘട്ടങ്ങളിൽ ജീവൻ രക്ഷപ്പെടുക എന്നത് അസാധ്യമായി തോന്നിയിരുന്നു. നബി(സ) തിരുമേനി അല്ലാഹുവിന്റെ സത്യവാനായ റസൂൽ അല്ലായിരുന്നുവെങ്കിൽ, അത്തരം ഘട്ടത്തിൽ തീർച്ചയായും നശിപ്പിക്കപ്പെടുമായിരുന്നു. മക്കയിലെ ഖുറയ്ശികൾ, അവിടത്തെ വീട് വളഞ്ഞ സന്ദർഭമായിരുന്നു ഒന്ന്. സത്യനിഷേധികളുടെ വൻകൂട്ടം, സൗർഗുഹയുടെ അരികെ എത്തിയ സന്ദർഭമായിരുന്നു രണ്ടാമത്തേത്. അതിൽ നബി(സ) തിരുമേനി അബൂബക്കറിനോടൊപ്പം ഒളിച്ചിരിക്കുകയായിരുന്നു. മൂന്നാമത്തേത്, ഉഹ്ദ് യുദ്ധത്തിൽ നബി (സ) തനിച്ചായ സന്ദർഭമായിരുന്നു. സത്യനിഷേധികൾ നബിയെ വളഞ്ഞിരുന്നു. നബിയുടെമേൽ വാൾകൊണ്ട് ആക്രമണം നടത്തി. എന്നാൽ എതിരാളികൾക്ക് ലക്ഷ്യം നേടാനായില്ല. ഇതൊരു മുഅ്ജിസത്ത്- ദിവ്യദൃഷ്ടാന്തമായിരുന്നു. യഹൂദസ്ത്രീ വിഷം കലർത്തി പാകം ചെയ്ത ഇറച്ചി നല്കിയ സന്ദർഭമായിരുന്നു നാലാമത്തേത്. ആ വിഷം കടുപ്പമുള്ളതും നാശകാരിയുമായിരുന്നു. അളവിലേറെ അത് കലർത്തിയിരുന്നു. പേർഷ്യൻ രാജാവായ ഖുസ്റോപർവേസ്, നബി(സ)യെ വധിക്കുന്നതിനായി ദൃഢനിശ്ചയം ചെയ്യുകയും അറസ്റ്റുചെയ്തു കൊണ്ടുവരുന്നതിനായി തന്റെ പട്ടാളക്കാരെ അയക്കുകയും ചെയ്ത അങ്ങേയറ്റം ഭയാനകമായഘട്ടമായിരുന്നു അഞ്ചാമത്തേത്. ഈ എല്ലാ ഭയാനകമായ ഘട്ടങ്ങളിൽ നിന്നും നബി(സ) രക്ഷപ്പെട്ടതും, ആ എല്ലാ ശത്രുക്കളുടേയുംമേൽ അവസാനം വിജയം വരിച്ചതും വാസ്തവത്തിൽ അവിടന്ന് സത്യവാനായിരുന്നു എന്നതിനും അല്ലാഹു അവിടത്തോടൊപ്പം ഉണ്ടായിരുന്നു എന്നതിനും പ്രബലമായ തെളിവാണ്.

ശഅ്ബ് അബീത്വാലിബിൽനിന്ന് പുറത്തുവന്ന് കുറച്ചുകഴിഞ്ഞപ്പോൾ ഹസ്റത്ത് അബൂത്വാലിബും ഹസ്റത്ത് ഖദീജായും വഫാത്തായി. ഈ രണ്ടു വ്യക്തികളേയും ഖുറയ്ശികൾ കുറച്ചൊക്കെ ആദരിച്ചിരുന്നു. അബൂത്വാലിബ് ഒരു മഹാനായതുകൊണ്ടും ഖദീജ സമ്പന്നയായ കാരണത്താലും അവർക്ക് കുറേ സ്വാധീനം അവിടെ ഉണ്ടായിരുന്നു. അവരുടെ വഫാത്തിനുശേഷം, എന്തുവന്നാലും നബി(സ)യെ വധിക്കണമെന്നുള്ള നിശ്ചയത്തിൽ ഖുറയ്ശികൾ ഉറച്ചുനിന്നു. ഇനി തങ്ങൾക്ക് കൂടുതൽ സഹിക്കാൻ പറ്റുകയില്ല. ബനുഹാശിം പകരം വീട്ടാതിരിക്കുന്നതിനായി നേതാക്കരായ നമ്മളെല്ലാം മുഹമ്മദിനെ വധിക്കുന്ന കാര്യത്തിൽ പങ്കെടുക്കണമെന്ന് എല്ലാ നേതാക്കന്മാരുംകൂടി തീരുമാനിച്ചു. എല്ലാ നേതാക്കന്മാരും സംഘടിക്കുമ്പോൾ അതിനെനേരിടുക ഹാശിം ഗോത്രത്തിന് പ്രയാസമായിരിക്കും. നബി(സ) തിരുമേനിക്ക് ഈ ഗൂഢാലോചനയെക്കുറിച്ച് അറിവ് കിട്ടി. അവിടന്ന് അല്ലാഹുവിന്റെ അനുവാദത്തോടെ ഹിജ്റത്ത് ചെയ്യാൻ തീരുമാനിച്ചു.

മക്കയിൽനിന്ന് പുറപ്പെട്ടുവന്നപ്പോൾ മുമ്പേ പറഞ്ഞതനുസരിച്ച് ഹസ്റത്ത് അബൂബക്കറും വഴിയിൽ വെച്ച് നബിയോടൊപ്പം ചേർന്നു. പിന്നെ അദ്ദേഹത്തേയും കൂട്ടി സൗർ ഗുഹയിലേക്ക് യാത്രയായി. അവിടെ എത്തിയതിനുശേഷം ഹസ്റത്ത് അബൂബക്കർ(റ) ഗുഹ നല്ലവണ്ണം വൃത്തിയാക്കി. ഗുഹയിലുണ്ടായിരുന്ന എല്ലാ മാളങ്ങളും നല്ലവണ്ണം അടച്ചു. നബി(സ) യോട്, ഉള്ളിലേക്ക് വരാൻ അപേക്ഷിച്ചു. നബി (സ) തിരുമേനി ഉള്ളിലേക്ക് കടന്നു. ഒന്നും ചിന്തിക്കാതെ ഹസ്റത്ത് അബൂബക്കറിന്റെ തുടയിൽ തലവെച്ചുകൊണ്ട് ഉറങ്ങി. മറ്റാരെങ്കിലുമായിരുന്നെങ്കിൽ അത്തരം ഘട്ടത്തിൽ ഉറക്കം വരുമായിരുന്നില്ല. പക്ഷേ, അല്ലാഹുവിന്റെ സഹായം എപ്പോഴും കൂടെയുള്ളതുകൊണ്ട്, സംരക്ഷണത്തെ സംബന്ധിച്ച് ലവലേശം സംശയം ഉണ്ടായില്ല. പിന്നീടുള്ള സംഭവങ്ങൾ വിളിച്ചോതുന്നുണ്ട്, എത്രമാത്രം ദൃഢവിശ്വാസംകൊണ്ട് അവിടത്തെ ഹൃദയം നിറഞ്ഞിരുന്നുവെന്ന്.

അല്ലാഹുവും പെട്ടെന്ന് സഹായിച്ചു. ക്ഷണത്തിൽ എട്ടുകാലിയോട് ഗുഹാമുഖത്ത് വല കെട്ടാൻ പറഞ്ഞു. അതിന്റെ മുന്നിൽ ഒരു മരമുണ്ടായിരുന്നു. കൂടുകെട്ടുക, മുട്ടയിടുകയെന്ന് പ്രാവിനോട് കല്പിച്ചു. ഈ സംരക്ഷണവും സഹായവും അല്ലാഹു പെട്ടെന്നാണ് എത്തിച്ചത്. ഇതൊരു അസാധാരണമായ അടയാളമായിരുന്നു. ഖുറയ്ശികൾ പിന്തുടർന്നുകൊണ്ട് ഗുഹയുടെ അടുത്തെ

ത്തി. കാലിന്റെ അടയാളം അവിടംവരെയേയുള്ളൂവെന്ന് മിക്കവരും പറഞ്ഞു, ഇവിടംവരെ എത്തിയപ്പോൾ ഒന്നുകിൽ അവരെ ഭൂമി വിഴുങ്ങിയിട്ടുണ്ടാകും- എന്തുകൊണ്ടെന്നാൽ ഗുഹയിൽ കയറാൻ പറ്റാത്ത അവസ്ഥയാണുള്ളത്. അല്ലെങ്കിൽ ആകാശത്തിൽ കയറിപ്പോയിട്ടുണ്ടാകും. കാരണം എട്ടുകാലി വല കെട്ടിയിരിക്കുന്നു. പ്രാവ് മുട്ടയിട്ടിരിക്കുന്നു. അതുകൊണ്ട് അവർ ഗുഹയ്ക്കുള്ളിൽ കയറുന്ന പ്രശ്നമേയില്ല. ഗുഹയിലേക്ക് എത്തിനോക്കണമെന്ന് ആർക്കും തോന്നിയില്ല. ആരോ പറഞ്ഞപ്പോൾ മറ്റാരോ അത് നിഷേധിക്കുകയും ചെയ്തു. ഗുഹയിലേക്ക് എത്തിനോക്കാതിരിക്കാനുള്ള വിചാരം സത്യനിഷേധികൾക്കുണ്ടായതും അല്ലാഹുവിന്റെ സഹായമായിരുന്നു. അവർ എത്ര മാത്രം അടുത്തായിരുന്നുവെന്ന് വെച്ചാൽ, ഹസ്റത്ത് അബൂബക്കർ(റ) വളരെ പരിഭ്രമിച്ചു. പക്ഷേ, അവിടന്ന് പറഞ്ഞു: ***ലാ തഹ്സൻ ഇന്നല്ലാഹ മഅനാ***. ഒന്നുകൊണ്ടും വിഷമിക്കണ്ട, അല്ലാഹു നമ്മോടൊപ്പമുണ്ട്. ശത്രു തലയ്ക്കുമീതെ എത്തിയ രണ്ടാമത്തെ സന്ദർഭമായിരുന്നു ഇത്. പക്ഷേ, അല്ലാഹുവിന്റെ സഹായത്താൽ, നബി(സ)ന് ദൃഢവിശ്വാസമുണ്ടായിരുന്നു. അതുകൊണ്ട് അവിടന്ന് അതൊന്നും വകവെച്ചില്ല.

മൂന്നാമത്തെ സംഭവം ഉഹ്ദ് യുദ്ധത്തിൽ നടന്നതാണ്. അല്ലാഹു തന്റെ പ്രത്യേക ദാസരോട് മാത്രം പെരുമാറാറുള്ള ഒരു ഘട്ടമായിരുന്നു അത്. അത്തരം ഒരു പരിതസ്ഥിതിയിൽ ഭൗതികനായ ഒരാൾക്ക് രക്ഷപ്പെടാൻ സാധിക്കുമായിരുന്നില്ല. ആ യുദ്ധത്തിൽ മുസ്ലിംകൾ ചെയ്ത തെറ്റുകാരണത്താൽ, യുദ്ധത്തിന്റെ നില തെറ്റുകയും സത്യനിഷേധികൾ വീണ്ടും ആക്രമണം നടത്തുകയും ചെയ്തു. ആകപ്പാടെ ചിതറിപ്പോയ ഒരവസ്ഥയായിരുന്നു അത്. ആ സമയത്ത് നബി(സ)യുടെ ചുറ്റും വളരെ കുറച്ച് ശിഷ്യന്മാരേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ, സത്യനിഷേധികളുടെ ആവർത്തിച്ചാവർത്തിച്ചുള്ള ആക്രമണത്തിനു മുമ്പിൽ അവർക്ക് പിടിച്ചുനില്ക്കാൻ സാധിക്കുമായിരുന്നില്ല. അതുകൊണ്ട് അവർ ചിതറിപ്പോയി. നബി(സ) തനിച്ചാകുകയും ചെയ്തു. പക്ഷേ ആ സന്ദർഭത്തിൽ ചില ശിഷ്യന്മാർ നബിയുടെ അടുക്കലെത്തി. അവർ തങ്ങളുടെ കൈകൊണ്ട് അതിനെ തടുത്തു. ഹസ്റത്ത് അബൂത്വൽഹയായിരുന്നു കൂടുതലും തടുത്തത്. വാൾകൊണ്ടുള്ള ആക്രമണവും നടന്നു. സഹാബത്ത് അവിടെയും ഇവിടെയും ആയിപ്പോയ ഘട്ടത്തിൽ അല്ലാഹു തന്നെ അതിനെ തടുത്തു. എന്നാൽ, ശത്രുക്കൾ എറിഞ്ഞ രണ്ട് കല്ലുകൾ നബിയുടെമേൽ പതിക്കുകയും മുറിവേല്ക്കുകയും ചെയ്തു. പക്ഷേ, അത്തരം ഘട്ടത്തിൽപോലും ശത്രുക്കൾക്ക്, നബിയെ വധിക്കുക എന്ന ലക്ഷ്യം നേടാൻ കഴിഞ്ഞില്ല. അല്ലാഹുവിന്റെ സഹായമില്ലാതെ ഒരിക്കലും നബി(സ)ന് രക്ഷപ്പെടാൻ സാധിക്കുമായിരുന്നില്ല. നബി(സ)യുടെ കല്പന പൂർണ്ണമായും അംഗീകരിക്കാത്ത കാരണത്താൽ, മുസ്ലിംകൾക്ക് നഷ്ടം സഹിക്കേണ്ടിവന്നു. അതിന്റെ ഫലം ഉണ്ടാവേണ്ടിയിരുന്നതും അങ്ങനെതന്നെയായിരുന്നു. ശത്രുക്കളുടെ അന്തിമാഭിലാഷം പൂർത്തിയാക്കാനുള്ള അവസരം എന്നിട്ടും അല്ലാഹു അവർക്ക് നല്കിയില്ല.

നാലാമത്തെ സംഭവം ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്, നബി(സ)നെ നശിപ്പിക്കുന്നതിനുവേണ്ടി ഒരു യഹൂദ സ്ത്രീ നടത്തിയ ഗൂഢപദ്ധതിയാണ്. സത്യം വെളിപ്പെടാൻ അവൾ വിഷം കൊടുക്കണമായിരുന്നു. അതവൾ നബി(സ)ന് കൊടുത്തു. പക്ഷേ, അല്ലാഹു സഹായം ചെയ്തു. ആ ഗൂഢപദ്ധതി വെളിപ്പെടുത്തി. നിവേദനത്തിൽ ഇതിനെക്കുറിച്ച് പറയുന്നു: ഒരു യഹൂദി സർദാറിന്റെ സഹോദരി നബി (സ)ന് പാകംചെയ്ത മാംസം കൊടുത്തു. അതിൽ നല്ലവണ്ണം വിഷം കലർത്തിയിരുന്നു. നബി(സ) ഇരുന്ന് അത് തിന്നാൻ തുടങ്ങി. സഹാബത്ത് ആദ്യം തിന്നാൻ തുടങ്ങിയിരുന്നു. പക്ഷേ, അവിടന്ന് വായിൽ ഒരു കഷണ മിട്ടപ്പോൾതന്നെ മനസ്സിലായി അതെന്താണെന്ന്. അത് തിന്നരുതെന്ന് എല്ലാവരേയും വിലക്കി. ആ യഹൂദ സ്ത്രീയെ വിളിച്ചുവരുത്തി. അവൾ അത് സമ്മതിച്ചു. പിന്നീട് ചോദിച്ചു. അങ്ങയോട് ആരാണിത് പറഞ്ഞത്? അവിടന്ന് ഇറച്ചിയിലേക്ക് ചൂണ്ടിക്കൊണ്ട് അതാണെന്ന് പറഞ്ഞു. പിന്നീട് അവിടന്ന് ചോദിച്ചു. എന്താണ് നീ ഇതുകൊണ്ട് ആഗ്രഹിച്ചിരുന്നത്. എന്നെ നശിപ്പിക്കാൻ എന്തിനാണ് നീ ആഗ്രഹിച്ചത്. അവൾ പറഞ്ഞു. അങ്ങ് അല്ലാഹുവിന്റെ നബിയും റസൂലുമാണെങ്കിൽ, ഈ വിഷംകൊണ്ട് അങ്ങയ്ക്ക് ഒന്നും സംഭവിക്കുകയില്ല. അല്ലാഹു താങ്കളെ സംരക്ഷിക്കും. ഇനി അങ്ങനെയല്ലെങ്കിൽ ഞങ്ങളുടെ ജീവൻ രക്ഷപ്പെടും. എന്തായാലും ഒരു മനുഷ്യനെന്ന നിലയിൽ ആ വിഷബാധ അല്പം നബി(സ)ന് ഏറ്റിരുന്നു. തൊണ്ടയിൽ അതിന്റെ അടയാളം അനുഭവപ്പെട്ടു. പക്ഷേ, അല്ലാഹു നബിയെ സഹായിച്ചുകൊണ്ട് ആദ്യമേതന്നെ അത് വിഷമാണെന്ന് അറിയി

ച്ചുകൊടുത്തു. പിന്നീടുണ്ടാകേണ്ട തിക്തഫല ത്തിൽനിന്നും നബി (സ)നെ രക്ഷിച്ചു.

അഞ്ചാമത്തെ സംഭവം കാലത്തിന്റെ രാജാവി ന്നെതിരെ അല്ലാഹു എങ്ങനെയാണ് നബി(സ)നെ സഹായിച്ചത് അതാണ്.

യഹൂദികൾ ഒരിക്കൽ നബി(സ)യെക്കുറിച്ച് കിസ്റായോടു പരാതിപ്പെട്ടു. നബിയെ നശിപ്പിക്കാനുള്ള ഗൂഢപദ്ധതികൾ അവർ ചെയ്തുകൊണ്ടിരുന്നു. അറേബ്യയിൽ ഒരു നബി ജനിച്ചിരിക്കുന്നുവെന്നും അയാൾ ശക്തിപ്രാപിച്ചുവരികയാണെന്നും ഒരുകാലത്ത് അങ്ങേയ്ക്കെതിരിലും അയാൾ യുദ്ധം ചെയ്യുമെന്നും രാജാവിനോട് അവർ പറഞ്ഞു. അയാൾ യമനിലെ ഗവർണ്ണർക്ക് കല്പന കൊടുത്തു. ഞാനിങ്ങനെ കേട്ടിരിക്കുന്നു. താങ്കൾ ഉടനെ അയാളെ പിടിച്ച് എന്റെയടുക്കലേക്ക് അയക്കുക. ഗവർണ്ണർ രണ്ടാളുകളെ അയച്ചുകൊണ്ട്, നിങ്ങൾ അതിക്രമമൊന്നും പ്രവർത്തിക്കരുതെന്നും, രാജാവിന് ചതിപ്പറ്റിയിരിക്കുകയാണെന്നും കിസ്റായ്ക്കെതിരെ അണിനിരക്കാൻ ഒരു ശക്തിയും അറബികൾക്കില്ലെന്നും അവരോടു പറഞ്ഞു. (ആ ശക്തി വരാൻ പോകുന്നുവെന്ന കാര്യം അയാൾക്കെന്തറിയാം.) അങ്ങനെ അവർ മദീനയിലെത്തി. നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. എന്തിനാണ് വന്നതെന്ന് അവരോട് അവിടുന്ന് ചോദിച്ചു. അവർ രാജാവിന്റെ സന്ദേശം കൊടുത്തു. താങ്കൾക്കെതിരിലുള്ള പരാതി രാജാവിന് കിട്ടിയിരിക്കുന്നു. ഇക്കാരണത്താൽ താങ്കളെ അദ്ദേഹത്തിന്റെ മുമ്പിൽ ഹാജരാക്കാൻ അദ്ദേഹം കല്പനയിട്ടിരിക്കുകയാണ്. ഞങ്ങളോട് യമനിലെ ഗവർണർ, താങ്കളോട് അതിക്രമം ഒന്നും കാണിക്കരുതെന്ന് പറഞ്ഞിട്ടുണ്ടെന്നും അറിയിച്ചു.

ഇതുകേട്ടപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: നിങ്ങൾ പറയുന്നത് ശരിതന്നെയാണ്, രണ്ടുമൂന്നു ദിവസം കാത്തിരിക്കുക. പിന്നീട് ഞാൻ മറുപടി തരുന്നതാണ്. അവർ പറഞ്ഞു. ശരി. ഞങ്ങൾ കാത്തിരിക്കാം. പക്ഷേ, ഒരു കാര്യം ഞങ്ങൾ പറയാം. താങ്കൾ മറുപടി പറയാതിരിക്കുകയും രാജാവ് താങ്കളുടെമേൽ ആക്രമണം നടത്തുകയും ചെയ്താൽ തെറ്റുധരിക്കരുത്. അങ്ങനെ സംഭവിച്ചാൽ, പിന്നെ അറബികൾക്ക് ഒരു രക്ഷയുമുണ്ടാകുകയില്ല. കാരണം അദ്ദേഹം ഇവിടെ നാശം വിതയ്ക്കും. വളരെ ശക്തനായ രാജാവാണ്. നബി(സ) തിരുമേനി പറഞ്ഞു: അത് സാരമില്ല. നിങ്ങൾ രണ്ടു ദിവസം കാത്തിരിക്കുക. പിന്നീട് രണ്ടാം ദിവസം അവർ വന്നു. കാത്തിരിക്കാൻ അവിടന്ന് അവരോട് പറഞ്ഞു. മൂന്നാം ദിവസവും അവർ വന്നു. എന്നാൽ അവിടന്ന് അതുതന്നെ പറഞ്ഞു. അതു കേട്ടപ്പോൾ തങ്ങളുടെ കാലാവധി കഴിഞ്ഞിരിക്കുന്നുവെന്നും രാജാവ് തങ്ങളോട് ദ്വേഷ്യപ്പെടുമെന്നും അതുകൊണ്ട് താങ്കൾ ഞങ്ങളോടൊപ്പം വരണമെന്നും അവർ പറഞ്ഞു. നബി(സ) തിരുമേനി പറഞ്ഞു: എന്റെ മറുപടി നിങ്ങൾ കേട്ടുകൊൾക, ഇന്ന് രാത്രി, എന്റെ ദൈവം നിങ്ങളുടെ ദൈവത്തെ കൊന്നിട്ടിരിക്കുന്നു. അതുകൊണ്ട് ഇവിടെനിന്ന് മടങ്ങിപ്പോകുക. നിങ്ങളുടെ ഗവർണ്ണറേയും ഈ വിവരം അറിയിക്കുക.

അവർ പോയി ഗവർണ്ണറോട്, നബി(സ) തിരുമേനി പറഞ്ഞ മറുപടി കേൾപ്പിച്ചു. ഗവർണ്ണർ കാര്യങ്ങൾ മനസ്സിലാക്കുന്ന ആളായിരുന്നു. അദ്ദേഹം പറഞ്ഞു. അദ്ദേഹം ഇറാനിലെ രാജാവിന് ഈ മറുപടിയാണ് നല്കിയിട്ടുള്ളതെങ്കിൽ, എന്തെങ്കിലും സംഭവിച്ചിട്ടുണ്ടാകും. അതുകൊണ്ട് നിങ്ങളും കാത്തിരിക്കുക. അങ്ങനെ അവർ കാത്തിരുന്നു. 10,12 ദിവസം കഴിഞ്ഞ്, കപ്പൽ അവിടെ വന്നണഞ്ഞപ്പോൾ വാർത്തയെന്തെങ്കിലും ഉണ്ടോ എന്ന് നോക്കാൻ ഗവർണ്ണർ ആളെ പറഞ്ഞുവിട്ടു. അവർ പറഞ്ഞു: ഒരു കപ്പൽ വന്നിട്ടുണ്ട്. അതിലുള്ള പതാക ആദ്യത്തെ രാജാവിന്റേതല്ല. വേറൊരുതരം പതാകയാണ്. ഇതുകേട്ടുടനെ എത്രയുംവേഗം രാജാവയച്ച ദൂതന്മാരെ കൂട്ടിവരാൻ ഗവർണ്ണർ ആളെ അയച്ചു. സന്ദേശവാഹകർ ഗവർണ്ണറുടെയടുക്കൽ എത്തിയപ്പോൾ അവർ പറഞ്ഞു. രാജാവ് ഒരു കത്ത് താങ്കൾക്ക് തന്നിട്ടുണ്ട്. അദ്ദേഹം കത്ത് നോക്കിയപ്പോൾ അതിലെ മുദ്രയും വേറെ രാജാവിന്റേതായിരുന്നു. കത്ത് തുറന്നപ്പോൾ, രാജാവ് ഇങ്ങനെ എഴുതിയിരിക്കുന്നത് കണ്ടു. ആദ്യത്തെ രാജാവിന്റെ പ്രവർത്തനഫലമായി രാജ്യം നശിക്കുന്നതായി ഞങ്ങൾ കണ്ടു. അതുകൊണ്ട് ഇന്നരാത്രി ഞങ്ങൾ അദ്ദേഹത്തെ വധിച്ചു. നാം അദ്ദേഹത്തിന്റെ സ്ഥാനത്ത് ഉപവിഷ്ഠനായിരിക്കുന്നു.

നബി(സ) തിരുമേനി, ഇന്നുരാത്രി എന്റെ ദൈവം നിങ്ങളുടെ ദൈവത്തെ വധിച്ചിരിക്കുന്നുവെന്ന് പറഞ്ഞ ആ രാത്രി തന്നെയായിരുന്നു അത്. എല്ലാവരിൽനിന്നും അനുസരണപ്രതിജ്ഞ വാങ്ങാനും പുതിയരാജാവ് അതിലെഴുതിയിരുന്നു. ആദ്യത്തെ രാജാവ് അറേബ്യയിലെ ഒരാളെ പിടിക്കുന്നതിനായി കല്പിച്ചിരുന്നു. ആ കല്പന കാലഹരണ

പ്പെടുത്തുക എന്നും എഴുതിയിരുന്നു. ഈ വിവരം കണ്ടിട്ട് ഗവർണ്ണറുടെ മനസ്സിന് നബി(സ) തിരുമേനിയുമായി പെട്ടെന്ന് ഒരു ബന്ധമുണ്ടായി. അദ്ദേഹത്തിന്റെ മനസ്സിൽ ആദരയുക്തമായ ഒരു ഭയം (റുഅ്ബ്) അനുഭവപ്പെട്ടു. അതോടെ അദ്ദേഹം മുസൽമാനായെന്ന് പറയപ്പെടുന്നു.

ഇത്തരം നിരവധി സംഭവങ്ങളുണ്ട്. ഇതിൽ നിന്ന് അല്ലാഹു നബി(സ) തിരുമേനിയെ എപ്പോഴും സഹായിച്ചുകൊണ്ടിരുന്നുവെന്ന് മനസ്സിലാകുന്നു. എന്നാൽ, അവിടന്ന് എപ്പോഴും അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ടുകൊണ്ട്, അവന്റെ സഹായം ലഭിക്കുന്നതിലേക്ക് ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഓരോ ചുവടിലും അല്ലാഹുവിനോട് ദുആ ചെയ്തു.

ഹസ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറയാറുണ്ടായിരുന്നു. എന്റെ രക്ഷിതാവേ! എന്നെ സഹായിച്ചാലും എനിക്കെതിരിൽ ശത്രുവിനെ സഹായിക്കരുതേ. എനിക്ക് വിജയം നല്കിയാലും. എനിക്കെതിരിൽ ശത്രുക്കൾക്ക് വിജയം നല്കരുതേ. മാപ്പിന്റെ അറകൾ എനിക്കനുകൂലമായി മാറ്റേണമേ, എനിക്കെതിരിൽ മാറ്റാതിരിക്കേണമേ. എനിക്ക് മാർഗ്ഗദർശനം നല്കിയാലും. എനിക്കുവേണ്ടി സന്മാർഗ്ഗം ഒരുക്കിത്തന്നാലും. അതിനെ ലംഘിക്കുന്നവന്റെ മേൽ എനിക്ക് വിജയം നല്കിയാലും.

ഈ ദുആ നബി(സ) തിരുമേനി സാധാരണ ചെയ്യാറുണ്ടായിരുന്നതാണ്. എല്ലാ കാര്യങ്ങളും സമ്മേളിച്ചിരിക്കുന്ന ദുആയാണിത്. എല്ലാവരും ഈ ദുആ ചെയ്യേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുതആല വിശുദ്ധഖുർആനിൽ ഒരു സൂറത്ത് അയച്ചുകൊണ്ട് റസൂലുല്ലാഹി(സ)ന്റെ ഔന്നത്യവും നിലയും വെളിപ്പെടുത്തിയിരിക്കുന്നു. ആ സൂറത്താണ് ***അലംതറ കയ്ഫ ഫഅല റബ്ബുക്കബി അസ്ഹാബിൽ ഫീൽ.*** നബി(സ) തിരുമേനി വിഷമങ്ങളും ദുഃഖങ്ങളും അനുഭവിച്ചുകൊണ്ടിരുന്ന അവസ്ഥയിലാണ് ഈ സൂറത്തിറങ്ങിയത്. അല്ലാഹു ആ അവസ്ഥയിൽ ഞാൻ നിന്നെ സഹായിക്കുന്നവനും പിന്തുണ നല്കുന്നവനുമാണെന്നു പറഞ്ഞുകൊണ്ട് നബി(സ)യെ സാന്ത്വനപ്പെടുത്തി. ഇതിൽ ഒരു മഹത്തായ പ്രവചനമുണ്ട്. നിന്റെ രക്ഷിതാവ് ആ ആനയുടെ ആളുകളുമായി എങ്ങനെ പെരുമാറിയെന്ന് നീ കണ്ടില്ലേ? അതായത്, അവരുടെ കുതന്ത്രം കൊണ്ട് അവരെതന്നെ എറിഞ്ഞു. ചെറിയ ചെറിയ മൃഗങ്ങളെ അവരെ കൊല്ലുന്നതിനായി അയച്ചു. ആ മൃഗങ്ങളുടെ കൈയിൽ തോക്കുകളൊന്നും ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നത് മണ്ണായിരുന്നു. ചുട്ട കളിമണ്ണിനാണ് സിജ്ജീൽ എന്നുപറയുന്നത്. ഈ അദ്ധ്യായത്തിൽ, അല്ലാഹുതആല നബി(സ) യെ കഅ്ബ മന്ദിരം എന്നു പറഞ്ഞിരിക്കുന്നു. ആനയുടെ ആളുകളുടെ സംഭവം വിവരിച്ചുകൊണ്ട്, നബി(സ) തിരുമേനിക്കുണ്ടാകുന്ന വിജയത്തേയും പിന്തുണയേയും സഹായത്തേയും കുറിച്ച് പ്രവചനം ചെയ്തിരിക്കുന്നു. അതായത്, അവിടന്ന് ചെയ്യുന്ന എല്ലാ പ്രവൃത്തികളെയും നശിപ്പിക്കുന്നതിനായി ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യുന്നവരേയും പ്രയത്നിക്കുന്നവരേയും നശിപ്പിക്കുന്നതിനായി അല്ലാഹു അവരുടെ പ്രയത്നത്തേയും പരിശ്രമത്തേയും അവരുടെമേൽ തന്നെ മറിക്കുന്നതാണ്. വലിയ സാധനങ്ങളുടെ ഒന്നും ആവശ്യമില്ല; ആനയുടെ ആളുകളെ പക്ഷികൾ നശിപ്പിച്ചതുപോലെ ഈ പ്രവചനം ഖിയാമത്തുന്നാൾവരെ നിലനില്ക്കും. ആനകളുടെ ആളുകൾ എപ്പോഴെങ്കിലും എഴുന്നേറ്റാൽ അപ്പോൾ അവരെ നശിപ്പിക്കുന്നതിനായി, അവരുടെ പരിശ്രമങ്ങളെ നിലംപൊത്തിക്കുന്നതിനായി അല്ലാഹുതആല അവസരം ഒരുക്കുന്നതാണ്."

അതുകൊണ്ട് ആ സഹായം നല്കിയനുഗ്രഹിക്കാൻ അല്ലാഹു ഇക്കാലത്ത് നബി(സ)യുടെ സത്യസന്ധനായ പ്രേമി ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ അയച്ചിരിക്കുന്നു. അദ്ദേഹം മുഖേന അല്ലാഹു സഹായിച്ചുകൊണ്ടിരിക്കും ഇൻശാഅല്ലാഹ്. നമ്മുടെ ജോലി, അല്ലാഹുവിന്റെ പിന്തുണയും സഹായവും തേടിക്കൊണ്ട് ഈമാൻ ദൃഢതരമാക്കിക്കൊണ്ടിരിക്കുക എന്നതാണ്. നബി(സ) തിരുമേനിയോട് അല്ലാഹു ചെയ്തിരിക്കുന്ന വാഗ്ദാനത്തെ, നമ്മുടെ അഹങ്കാരവും നമ്മുടെ ബുദ്ധിയും കാരണത്താൽ നഷ്ടപ്പെടുത്തിക്കളയുന്നവരാകരുത്. അങ്ങനെ നമ്മുടെ ജീവിതത്തിൽ ആ വിജയം കാണാതിരിക്കുന്ന ഒരവസ്ഥ ഉണ്ടാകരുത്. അതിനെക്കുറിച്ചുള്ള സംശയംപോലും നമ്മുടെ മനസ്സിലുണ്ടാകരുത്.

ഇക്കാലഘട്ടത്തിൽ നബി(സ)യുടെ സത്യസന്ധനായ ദാസൻ എന്ന നിലയിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട്, അല്ലാഹു ചെയ്ത സഹായവാഗ്ദാനം പൂർത്തിയാകുന്നത് നമ്മുടെ ജീവിതത്തിൽ കാണാൻ നമുക്ക് ഭാഗ്യമുണ്ടാകുമാറാകട്ടെ. അത് നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരട്ടെ.

(*23.6.2006*)

# അൽഖുർആനുൽ അളീം വസബ്അൽമസാനി

സൂറഃഫാത്തിഹ– വിശുദ്ധഖുർആന്റെ പ്രാരംഭാദ്ധ്യായം. അതൊരു താക്കോലാണ്. ഖുർആനിക സത്യങ്ങളിലേക്കുള്ള സത്യവിശ്വാസത്തിലേക്കുള്ള സന്മാർഗ്ഗത്തിലേക്കുള്ള ഒരു സുവർണ്ണവാതിൽ. കേവലം ഏഴ് സൂക്തങ്ങളുള്ള ഫാത്തിഹായ്ക്കുശേഷമാണ് ഖുർആനിലെ ഏറ്റവും വലിയ സൂറത്തായ അൽബഖറ. ഒരപരിചിതന് തോന്നാം ഇതേത് ക്രമമെന്ന്. എന്നാൽ ഫാത്തിഹ എന്ന അദ്ധ്യായത്തിന്റെ ചോദ്യത്തിനുള്ള ഉത്തരമാണ് അൽബഖറയുടെ പ്രാരംഭവരികൾ എന്ന് മനസ്സിലാക്കുമ്പോഴാണ് നാം ഖുർആനിക അദ്ധ്യായങ്ങളുടെ ചിട്ടപ്പെടുത്തലിന്റേയും ക്രമീകരണങ്ങളുടേയും ഉള്ളറ രഹസ്യങ്ങൾ തിരിച്ചറിയുന്നത്. സൂറത്തുൽ ഫാത്തിഹായുടെ ആദ്യപകുതി സ്രഷ്ടാവിന്റെ മഹത്വവും രണ്ടാമത്തെ പകുതി അവന്റെ സൃഷ്ടികളോടുള്ള പ്രതിബദ്ധതയേയും വെളിപ്പെടുത്തുന്നു. സൃഷ്ടികർത്താവിനെ അറിഞ്ഞാരാധിക്കുക എന്നതിനൊപ്പംതന്നെ പ്രാധാന്യമർഹിക്കുന്നതാണ് സൃഷ്ടിസേവനവും ഇസ്ലാമിൽ എന്ന് ഇവ വെളിപ്പെടുത്തുന്നു. വിശുദ്ധഖുർആൻ പ്രവാചകൻ (സ)യോട് ഇങ്ങനെ അരുളുന്നു. “നിശ്ചയമായും ആവർത്തിച്ച് ഓതപ്പെടുന്ന ഏഴ് സൂക്തങ്ങളും (സൂറഃഫാത്തിഹ) മഹത്തായ ഖുർആനും നാം നിനക്ക് നല്കിയിരിക്കുന്നു.” (*15:88*)

വീണ്ടും പറയുന്നു. “അല്ലാഹുവിന്റെ കല്പനയനുസരിച്ച് അവനിലേക്കു ക്ഷണിക്കുന്ന ആളായും പ്രകാശം നൽകുന്ന വിളക്കായും നാം നിന്നെ അയച്ചിരിക്കുന്നു.” (*33:47*) അപ്പോൾ പ്രവാചകന്മാരാകുന്ന വിളക്കിന്റെ വെളിച്ചത്തിൽ നാം അദ്ദേഹം കൊണ്ടുവന്ന ന്യായപ്രമാണഗ്രന്ഥത്തെ നോക്കേണ്ടിയിരിക്കുന്നു. വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോൾ നാം ഓർക്കേണ്ട ഒരു കാര്യമുണ്ട്. മനുഷ്യനെ സൽപ്രവൃത്തികളിൽനിന്നും സൽചിന്തകളിൽനിന്നും വഴിതെറ്റിച്ചുവിടുന്ന പൈശാചിക പ്രേരണകളെ അകറ്റുകയും മനസ്സിനെ സ്വഛശുദ്ധമാക്കുകയും ചെയ്യുക എന്നതാണത്. ഖുർആൻപാരായണത്തിനു മുമ്പ് അംഗശുദ്ധി (വുളു) എടുക്കുകവഴി നാം മനസ്സിനേയും ഉണർവ്വുള്ളതാക്കുന്നു. വിശുദ്ധഖുർആൻ ഇങ്ങനെ പഠിപ്പിക്കുന്നു. ഖുർആൻ പാരായണം ചെയ്യുമ്പോൾ ശപിക്കപ്പെട്ട പിശാചിൽനിന്നും അല്ലാഹുവിങ്കൽ അഭയംപ്രാപിക്കുക.(*16:99*) ഇതിന്റെ അടിസ്ഥാനത്തിലാണ് മുസ്ലിംകൾ ഖുർആൻ പാരായണം ആരംഭിക്കുമ്പോൾ “***അഊദുബില്ലാഹിമിനശയ്ത്വാനിർറജീം***” എന്ന് ഓതുന്നത്. പിന്നെ അല്ലാഹുവിന്റെ നാമത്തിൽ പാരായണം ചെയ്തു തുടങ്ങുന്നു. ഇവിടെ മനുഷ്യന്റെ സ്വഭാവരൂപീകരണത്തിന്റെ അടിസ്ഥാനം സൂചിപ്പിക്കപ്പെടുകയാണ്. ആദ്യം തിന്മയെ ദൂരീകരിക്കുക. പിന്നെ നന്മയെ ആർജ്ജിക്കുക.

ഏത് കാര്യവും ദൈവനാമത്തിൽ ആരംഭിക്കുക. ആ ദൈവം അതെങ്ങനെയുള്ള ദൈവമാണ്– അവൻ പരമകാരുണികനും കരുണാനിധിയുമാണ്. പ്രതിഫലം നൽകുന്ന, അതെ! നന്മ ചെയ്തവർക്ക് അതിനും തിന്മ ചെയ്തവർക്ക് അതിനും തക്കതായ പ്രതിഫലം നൽകുന്ന നീതിമാനായ വിധിനാളിന്റെ ഉടമസ്ഥനുമാണവൻ. ഇത്രയും അഭേദ്യമായ ഗുണഗണങ്ങൾ ഉള്ളവനായതിനാൽ മാത്രം അവൻ മാത്രമേ ആരാധനയ്ക്കർഹനായുള്ളൂ. അതുകൊണ്ട് നമ്മൾ അവനെ മാത്രം ആരാധിക്കുന്നു. സഹായിക്കുവാൻ സർവ്വഥാ കഴിവുള്ളവനുമായതിനാൽ അവനോട് മാത്രമേ സഹായവുമഭ്യർത്ഥിക്കുന്നുള്ളൂ. മനുഷ്യൻ ആവശ്യപ്പെടാതെ അവനുവേണ്ടതെല്ലാം സൃഷ്ടിച്ചു പരിപാലിച്ചു നൽകുന്ന ആ വിധാതാവിൽനിന്നും മനുഷ്യന് ഏറ്റവും ആദ്യം ആവശ്യപ്പെടാനുള്ളതെന്താണ്. അതാണ് സന്മാർഗ്ഗം. ദൈവം മനുഷ്യന് ആത്മീയവും ഭൗതീകവുമായ എല്ലാ നന്മകളും കഴിവുകളും നൽകിയിരിക്കുന്നു. നല്ലതും ചീത്തയും തിരഞ്ഞെടുക്കുവാനുള്ള വിവേചനശക്തിയും നൽകിയിരിക്കുന്നു. നന്മ സ്വായത്തമാക്കുവാനുള്ള അന്തഃചോദനയവനുണ്ടെങ്കിൽ അതിന്നുള്ള മാർഗ്ഗവും ദൈവം കാണിച്ചുകൊടുത്തിരിക്കും. നീ ഞങ്ങൾക്ക് ചൊവ്വായ മാർഗ്ഗം കാട്ടിത്തരേണമേ എന്ന ഫാത്തിഹാ പ്രാർത്ഥന നാം നടത്തുമ്പോൾ സൂറഃബഖറ പറയുന്നു: ഇതൊരു പരിപൂർണ്ണഗ്രന്ഥമാണ്. ഇതിൽ യാതൊരു സംശയവുമില്ല. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഇത് മാർഗ്ഗദർശകമാകുന്നു. ഇതാണ്, ഇതുതന്നെയാണ് പ്രവാചകനോട് നാം നിനക്ക് ആവർത്തിച്ചോതപ്പെടുന്ന ഏഴ് സൂക്തങ്ങളും മഹത്തായ ഖുർആനും നൽകിയിരിക്കുന്നു എന്നുപറഞ്ഞതിന്റെ വിവക്ഷിതം. അതുമുഖേന മുഴുവൻ മനുഷ്യകുലത്തിനും മാർഗ്ഗദർശകമാകുമെന്നതാണ്; അങ്ങനെ ഒരൊറ്റ വർഗ്ഗമെന്ന നിലയിൽ മനുഷ്യരാശിയെ ഐക്യപ്പെടുത്തുവാൻ അയക്കപ്പെട്ട സാർവ്വജനീന പ്രവാചകനാണ് ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ). അത്തരം ഒരു ഏകലോക ചിന്താഗതിയിലേക്ക് മനുഷ്യവംശത്തെ പടവുകൾ കയറ്റിക്കൊണ്ടുവരാനാണ് ലോകത്തെ എല്ലാ ജനസമൂഹങ്ങളിലും ഭാഗ

ങ്ങളിലും അവതാരപുരുഷന്മാർ ഉത്ഭവിച്ചതും. അതു കൊണ്ട് ഏറ്റവും ആദ്യം ഒരു മുസ്ലിമിന്റെ കടമ മുമ്പു കടന്നുപോയ എല്ലാ പ്രവാചകന്മാരേയും അംഗീകരിച്ചാദരിക്കുക എന്നതാണ്. നമ്മൾ ഒരു ഭാഷ പഠിക്കുമ്പോൾ അതല്ലെങ്കിൽ ഒരു വീടോ മറ്റു വസ്തുക്കളോ നിർമ്മിക്കുമ്പോൾ പ്രാഥമികമായി അതിന്റെ അടിസ്ഥാനകാര്യങ്ങൾ നിർമ്മിക്കുകയോ പഠിക്കുകയോ ചെയ്യും. ആ അടിത്തറയിൽ നിന്നുകൊണ്ടാണ് നാം മുന്നോട്ട് കയറുന്നത്. അതുപോലെ കാട്ടുമനുഷ്യന്റെ നിലയിൽ നിന്നും വിവിധ മതാദ്ധ്യാപനങ്ങളിലൂടെ മനുഷ്യവർഗ്ഗം മാനവത്വത്തിന്റെ ഏറ്റവും ഉദാത്തമായ തലങ്ങളിലെത്തുകയാണ് ഇസ്ലാം വഴി; അവിടെ അവസാനിക്കുന്നില്ല. ഇസ്ലാം മനുഷ്യനെ ആത്മീയ ഉന്നതിയിലേക്കു നയിച്ചുകൊണ്ടേയിരിക്കും. ഈ ലോകവും കഴിഞ്ഞ് പരലോകത്തെ ശാശ്വത ജീവിതഘട്ടവും കഴിഞ്ഞ് ആ പുരോഗതി തുടരുക തന്നെയാണ്. അതിന് മനുഷ്യന് ദൈവികസഹായം അത്യന്താപേക്ഷിതമാണ്. ആ 'സിറാത്തെമുസ്തഖീം'ലേക്കുള്ള മാർഗ്ഗമാണ് ഫാത്തിഹ തുറന്നുതരുന്നത്. അതിനുള്ള രണ്ട് നിബന്ധനകൾ കൂടെയുണ്ട്. നിന്റെ കോപത്തിനു പാത്രമായവരുടെയോ വഴി പിഴച്ചവരുടേയോ മാർഗ്ഗത്തിലല്ല പിന്നെയോ നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ! കേവലം ഈ മൂന്നുവാക്കുകളിൽ ഒരു മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ ചരിത്രവും ഉൾകൊള്ളുന്നു. ദൈവനിഷേധികളായ, ദൈവത്തിന്റെ വരിഷ്ഠദാസന്മാരായ പ്രവാചകന്മാർ കാണിച്ച സൽമാർഗ്ഗം സ്വീകരിക്കാത്ത, നന്മയ്ക്കെതിരെ പടവാളുയർത്തിയ എല്ലാ സാത്താനിക ചന്താഗതിക്കാരും അവതാരപുരുഷന്മാരെ പിൻപറ്റി ഉത്തമ ജീവിതരീതി കൈക്കൊള്ളുകയും അവരുടെ കാലശേഷം മാർഗ്ഗഭ്രംശം വന്ന് അവരെതന്നെ ആരാധിച്ചു തുടങ്ങുകയും ചെയ്ത എല്ലാ മാനസമൂഹങ്ങളും ഇവയിൽ വരുന്നു. ഈ രണ്ടറ്റങ്ങൾക്കു മധ്യേയുള്ള ഉത്തമമായ വർഗ്ഗം ദൈവം അനുഗ്രഹിച്ചവർ ഒന്നിലും അടിമത്വം പാലിക്കാത്ത സ്രഷ്ടാവായ ഏകദൈവത്തെ മാത്രം ആരാധിക്കുന്ന അവന്റെ സൃഷ്ടിജാലങ്ങളോട് അലിവ് കാണിക്കുന്ന മനുഷ്യൻ എന്ന സുന്ദരമായ പദത്തെ അന്വർത്ഥമാക്കുന്നവർ അവരാണ് മുസ്ലിം എന്ന നാമത്തിനർഹർ. ദോഷബാധയെ സൂക്ഷിക്കുന്നവർ- അത്തരക്കാർക്കുള്ളതാണ് വിശുദ്ധഖുർആൻ എന്ന മാർഗ്ഗദർശക ഗ്രന്ഥം. അതിലേക്കുള്ള സുവർണവാതിൽ സൂറഃ അൽഫാത്തിഹ. ഇതിന്റെ പ്രഥമ അർത്ഥം പ്രാരംഭ അദ്ധ്യായം എന്നതാണ്. ഫാത്തിഹയെക്കുറിച്ച് ബൈബിളിൽ പ്രവചിക്കപ്പെട്ടിരിക്കുന്നു. ഹീബ്രു പദം ഫത്തോഹ (തുറക്കുക) എന്നത് അറബിയിലെ ഫാത്തിഹയ്ക്ക് സമാനമായ പദമത്രെ. (*വെളിപാട് പുസ്തകം, 10:3,4-10:4*) ചുരുക്കത്തിൽ സൂറഃഫാത്തിഹ ആത്മാർത്ഥ ഹൃദയത്തോടെ പഠിച്ചുമനസ്സിലാക്കുന്ന ഒരു നിഷ്പക്ഷമതിക്ക് ദൈവത്തിന്റെ അനിഷേധ്യമായ ഏകത്വവും, ആധിപത്യശക്തിയും ദൈവികസഹായം മനുഷ്യനിലനില്പിന് കൂടിയേതീരൂ എന്ന വസ്തുത; എന്നും പുരോഗതിയിൽനിന്ന് പുരോഗതിയിലേക്ക് നീങ്ങുവാനുള്ള പരിശ്രമ ഘടനയോടെയാണ് മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ സൃഷ്ടിപ്പ് എന്നിവയ്ക്കു പുറമേ ഒരു കാര്യംകൂടി വ്യക്തമാവുന്നതാണ്. മനുഷ്യന് സ്വീകരിക്കുവാനുള്ള ഏറ്റവും ഉത്തമമായ ജീവിതമാർഗ്ഗം ദൈവം അനുഗ്രഹിച്ചിട്ടുള്ളവരുടെ മാതൃകയാണ്. അങ്ങനെ ആഗ്രഹിച്ചവരെക്കുറിച്ച് ഖുർആൻ(*4:67-70*)ൽ പറയുന്നത് അവർ പ്രവാചകരും സിദ്ദീഖുകളും ശുഹദാക്കളും സ്വാലിഹീങ്ങളുമാണെന്നാണ്. അവരോട് കൂടെയുള്ള സത്യവിശ്വാസികൾ അവരെപോലെ ജീവിക്കുന്നവർ. അപ്പോൾ ആ പ്രവാചകത്വത്തിന് അന്ത്യമില്ലെന്ന് വരുന്നു. മുൻകഴിഞ്ഞ സമുദായങ്ങളിൽ പ്രവാചകന്മാർ തുടർച്ചയായി വന്നിരുന്നുവെന്നും തന്റെ സമുദായത്തിലെ ഖലീഫമാർ ബനൂഇസ്രായീലി പ്രവാചകർക്ക് തുല്യരാണെന്നുമുള്ള നബിവചനം നബി(സ) 'സിറാജെ മുനീർ' ആണെന്ന വിശുദ്ധഖുർആന്റെ സൂചന ഇവയൊക്കെ ചേർത്ത് വായിച്ചാൽ സത്യാന്വേഷിയായ ഏതൊരാൾക്കും തിരിച്ചറിയും. ഒരിക്കലും അന്ത്യം സംഭവിക്കാതെ ലോകാവസാനംവരെ തുടർന്നുപോകുന്ന ആ പ്രവാചകത്വ ശൃംഖലയുടെ പ്രകാശവീഥി ഖിലാഫത്താകുന്ന ഇടയന്റെ പിന്നാലെ മുഹമ്മദ് മുസ്തഫ(സ)യുടെ നുബുവ്വത്ത് മുദ്രയുടെ സുരക്ഷിതത്വത്തിൻ കീഴിലാണ് നീങ്ങുകയെന്ന്.

ആ സിറാത്തെ മുസ്തഖീമിലേക്കുള്ള വാതിൽ സപ്തകമാനത്തോടുകൂടിയ ഫാത്തിഹയുടെ വാതിൽ സന്ദർഭോചിതം ഈ കാലഘട്ടത്തിൽ തുറക്കപ്പെട്ടിരിക്കുകയാണ്. ബൈബിൾ പ്രവചിച്ചതുപോലെ ദീർഘകാലമടച്ചു വെക്കപ്പെട്ട ആ അദ്ധ്യായം യേശുവിന്റെ രണ്ടാംവരവിൽ തുറക്കപ്പെടും. ആ രണ്ടാംവരവ്.. മഹ്ദീ മസീഹും മുസ്ലിംകളുടെ ഇമാം മഹ്ദിയുമായ ഹസ്റത്ത് ഗുലാം അഹ്മദുൽ ഖാദിയാനി(അ) വഴി തുറക്കപ്പെടുകയും ഖുർആനികജ്ഞാനത്തിന്റെ രത്നശേഖരം ലോകത്ത് സമർപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. മുഹമ്മദീ നുബൂവ്വത്തിന്റെ പൊൻപതാക ദജ്ജാലീയ്യത്തിനെതിരെ അഹ്മദീ ഖിലാഫത്തിന്റെ കീഴിൽ ഉയർന്നുപാറുകയാണ്. സാത്താനീകശക്തികൾക്കെതിരെ മനുഷ്യത്വത്തിന്റെ, കാരുണ്യത്തിന്റെ, നീതിയുടെ, സൗമ്യതയുടെ, സമത്വത്തിന്റെ, സത്യത്തിന്റെ, ദൈവികപ്രഭാവത്തിന്റെ, 'സബ്അൻമസാനീയു'ടെ ഇടി മുഴങ്ങട്ടെ. അനീതിയും. അക്രമവും. ഹിംസയും നശിക്കട്ടെ. ഖുർആനിക നീതിസാരത്തിന്റെ മാധുര്യം മനുഷ്യവംശത്തെ കുളിരണിയിക്കട്ടെ.

●

# ജിഹാദ്

ഉണരുന്ന മനുഷ്യന്റെ ആത്മശക്തിയാണ് ജിഹാദ്. ജിഹാദ് എന്ന വാക്കിന്റെ അർത്ഥം പരിശ്രമം എന്നാണ്. ആത്മശുദ്ധീകരണത്തിനുവേണ്ടി സ്വയം നടത്തുന്ന പരിശ്രമം കൂടിയാണ് ജിഹാദ്. സുഗതകുമാരിയുടെ കാളിയമർദ്ദനം എന്ന കവിതയിൽ ഹൃദയഹാരിയായ ഒരു ചിത്രീകരണമുണ്ട്. കാളിന്ദീനദിയിൽ വിഷം കലർത്തി ഫണമുയർത്തിച്ചീറ്റുന്ന കാളിയൻ എന്ന സർപ്പത്തെ ഉണ്ണികൃഷ്ണൻ തന്റെ കാലുകൊണ്ട് ചവിട്ടിത്താഴ്ത്തുന്ന കഥയാണല്ലോ കാളിയമർദ്ദനം. ഈ കഥ സുഗതകുമാരി വ്യാഖ്യാനിക്കുന്നത് സ്വന്തം മനസ്സിലെ പാപത്തെ ചവിട്ടിത്താഴ്ത്തുന്ന ആത്മശക്തിയുടെ കരുത്തായിട്ടാണ്. യഥാർത്ഥത്തിൽ ഇതാണ് ജിഹാദിന്റെ ഒരർത്ഥം.

ജിഹാദിനെക്കുറിച്ച് വിശുദ്ധഖുർആൻ രേഖപ്പെടുത്തുന്നത് ഇങ്ങനെയാണ്. "***വ ജാഹിദുഹും ബിഹി ജിഹാദൻകബീറാ***" ഖുർആൻ മുഖേന നിങ്ങൾ വലിയ ജിഹാദ് നടത്തുക. ഇവിടെ അടിവരയിട്ട് പറയേണ്ട ഒരു കാര്യമുണ്ട്. ഖുർആൻ മുഖേനയായിരിക്കണം ജിഹാദ്. ഊരിപ്പിടിച്ച വാളുമായി ഇറ്റിറ്റുവീഴുന്ന രക്തത്തിൽ അടയാളപ്പെടുത്തുന്നതല്ല ജിഹാദ്. സത്യമതത്തിന്റെ പൊരുളിനെ ധർമ്മബോധത്തിന്റെ സിന്ദൂരം ചാർത്തി നേർമാർഗ്ഗത്തിൽ വരാനാഗ്രഹിക്കുന്നവർക്ക് പരിചയപ്പെടുത്തുന്ന കർമ്മമാണിത്. തൗഹീദിന്റെ ധ്വനി ആകാശത്തിന്റെ അനന്തതകളിൽ പോലും പ്രതിധ്വനിക്കുന്ന വിശ്വാസിയുടെ കാഹളമൂത്താണ് ജിഹാദ്. എന്താണ് വിശുദ്ധഖുർആന്റെ പാഠം? അചഞ്ചലമായ ദൈവവിശ്വാസവും നിർമ്മലമായ മനുഷ്യജീവിതവും. നബിതിരുമേനി(സ.അ)യുടെ പ്രിയപത്നി ഹസ്റത്ത് ആയിശാ(റ) തിരുനബിയെക്കുറിച്ച് പറഞ്ഞത് തിരുനബിയുടെ ജീവിതം വിശുദ്ധഖുർആൻ ആണെന്നാണ്. സംശുദ്ധമായ ജീവിതമാണ് തിരുനബിയിലൂടെ ലോകം കണ്ടത്. നന്മയുടെ ഈ നറുമുത്താണ് ജിഹാദിന്റെ സാകല്യം.

ജിഹാദെന്ന ഈ ധർമ്മനിഷ്ഠയുടെ അന്തഃസ്സത്ത പരക്കെ ചോദ്യം ചെയ്യപ്പെടുന്നത് ഈ വർത്തമാനകാലത്ത് സർവ്വസാധാരണമായിത്തീർന്നിരിക്കുന്നു. ഒരു കയ്യിൽ ഖുർആനും മറ്റേ കയ്യിൽ വാളുമായി മുസ്‌ലിംകൾ രാജ്യങ്ങൾ വെട്ടിപ്പിടിച്ചുവെന്ന് ക്രിസ്തുമത പ്രചാരകരും ചില പാശ്ചാത്യചരിത്രകാരന്മാരും പറയുന്നത് ജിഹാദിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ്. ഇതിന് ഉത്തരവാദികൾ മൗലാനാ മൗദൂദിയെപ്പോലുള്ള ചില മുല്ലാമാരും യാഥാസ്ഥിതിക മുസ്‌ലിംപണ്ഡിതന്മാരുമാണ്. വാളെടുത്തവൻ വെളിച്ചപാട് എന്ന് പറഞ്ഞതുപോലെ ഇസ്‌ലാമിന്റെ സ്വന്തക്കാർ എന്നടിച്ച് കൊലക്കത്തിയുമായി ഉറഞ്ഞുതുള്ളുകയാണ് ഇക്കൂട്ടർ ചെയ്തത്. ഇസ്‌ലാം വാളാൽ പ്രചരിപ്പിക്കപ്പെട്ട മതം എന്ന് വരുത്തിത്തീർത്തതും ഈ മുല്ലാമാരും സിൽബന്ദികളുമാണ്. അവർ തന്നെയാണ് ജിഹാദിന് മതയുദ്ധം എന്ന് അർത്ഥം കൊടുത്തത്. അവിശ്വാസികളെ ബലം പ്രയോഗിച്ച് കീഴടക്കുക എന്ന ആഹ്വാനത്തിലൂടെ ഇസ്‌ലാമിന്റെ അന്തഃസ്സത്തയെ വികലമാക്കുകയാണ് ഈ മതാന്ധർ ചെയ്തത്.

യഥാർത്ഥത്തിൽ ജിഹാദ് വിശ്വമാനവികതയുടെ സൗന്ദര്യദർശനമാണ്. എങ്ങനെ കരുതലോടെ ജീവിക്കാമെന്ന്, എങ്ങനെ നേർമാർഗ്ഗത്തിൽ പ്രവേശിക്കാമെന്ന്, എങ്ങനെ മനസ്സ് നന്നാക്കാമെന്ന് ജിഹാദ് പഠിപ്പിക്കുന്നു. ലോകത്തിന്റെ ത്വരിതഗമനത്തിന് സത്യപാതയുടെ വിജയത്തിന് ശത്രുക്കളുടെ ബലപ്രയോഗത്തെ ചെറുക്കുന്നതിന് യുദ്ധം അനിവാര്യമായിത്തീരുന്ന ചില സന്ദർഭങ്ങളുണ്ടാകാം. പ്രതിരോധപരവും, വിമോചനപരവുമായ ഇത്തരം യുദ്ധങ്ങൾ ചരിത്രത്തിന്റെ അനിവാര്യതയാണ്. മഹാഭാരതയുദ്ധക്കളത്തിൽ കുരുക്ഷേത്രയുദ്ധത്തിന്റെ സന്നിഗ്ദമുഹൂർത്തത്തിൽ ശത്രുപാളയത്തിൽ ഗുരുക്കന്മാരേയും ബന്ധുക്കളേയും കണ്ട് അന്തിച്ചുനിന്ന അർജ്ജുനനോട് കൃഷ്ണൻ പറഞ്ഞില്ലേ നിസ്സംഗനാവാതെ ധർമ്മത്തിന്റെ വിജയത്തിനുവേണ്ടി അധർമ്മത്തെ തോല്പിക്കാൻ ആയുധമെടുക്കൂ എന്ന്. ഇതുതന്നെയാണ് ജിഹാദിലേയും യുദ്ധസാധ്യത. അത് സമാധാനത്തെ ഉറപ്പുവരുത്താനുള്ള കൃത്യമായ ഇടപെടലാണ്. ശരീരത്തിലെ കോശത്തിൽ രോഗം ബാധിക്കുകയാണെങ്കിൽ ആ കോശത്തെ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യാറില്ലേ. ഈ ശസ്ത്രക്രിയ അക്രമാസക്തം എന്നാരെങ്കിലും വിശേഷിപ്പിക്കാറുണ്ടോ? ജീവന്റെ ഒരളവ് തരംഗം സൃഷ്ടിക്കാനുള്ള ശ്രമമായല്ലേ അറിയപ്പെടുക. ജിഹാദ് നിർവ്വഹിക്കുന്നതും ഈ കർത്തവ്യംതന്നെ.

ജിഹാദ് യുദ്ധമാണെന്നും ഇസ്‌ലാം യുദ്ധത്തിന്റെ മതമാണെന്നും പറയുന്നവർ യഥാർത്ഥ ഇസ്‌ലാമിക പാഠങ്ങളെ മറക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നവരാണ്. വിശുദ്ധഖുർആന്റെ ഏറ്റവും തിളക്കമേറിയ സൂക്തംതന്നെ "***ലകും ദീനുക്കും വലിയദീൻ***" എന്നാണ്. മറ്റൊരു സൂക്തം വിശ്വചക്രവാളത്തിലെ നക്ഷത്രദീപ്തിപോലെ നമ്മുടെ മനസ്സിൽ വന്നുപതിക്കുന്നുണ്ട്. ***ലാ ഇക്റാഹ ഫിദ്ദീൻ*** മതത്തിൽ നിർബന്ധമില്ല. വിശ്വാസസ്വാതന്ത്ര്യത്തിന്റെ ഈ ആകാശപ്പറവകളെ നോക്കി ആർക്കെങ്ങനെ പറയാൻ കഴിയും. ഇസ്‌ലാം ആക്രമണോത്സുകതമെന്ന്- സമാധാനപരമായ മത പ്രചാരണമാണ് ജിഹാദെന്ന് ഇസ്‌ലാം പേർത്തും,

പേർത്തും ഉപദേശിച്ചത് ഇസ്ലാമിക സംസ്കാരത്തിന്റെ പിൻബലത്തിലാണ്. നബിതിരുമേനി(സ)യുടെ പ്രബോധനകാലത്തിന്റെ ആദ്യദശയിൽ തിരുനബിയും സഹാബാക്കളും അനുഭവിച്ച മർദ്ദനങ്ങളും പീഡനങ്ങളും നിസ്സീമമാണ്. തിരുനബിയുടെ സഹപ്രവർത്തകൻ ബിലാൽ(റ)നെ ചുട്ടുപൊള്ളുന്ന മണൽപ്പരപ്പിൽ മലർത്തിക്കിടത്തി നെഞ്ചിൽ ഭാരമേറിയ കല്ലുവെച്ച് പീഡിപ്പിച്ചതും ഉച്ചവെയിലിന്റെ ഉച്ചിയിൽ തീപാറുന്ന മണലിലൂടെ വലിച്ചിഴച്ച് കൊണ്ടുപോയതും മനസ്സാക്ഷിയുള്ളവരെ ഞെട്ടിപ്പിച്ച സംഭവമായിരുന്നുവല്ലോ. തായ്ഫിന്റെ തെരുവീഥിയിൽ ആർത്തിരമ്പിയ ജനക്കൂട്ടം തിരുനബിയുടെ കവിളിനേയും കപോലത്തേയും ലക്ഷ്യമാക്കി കല്ലെറിഞ്ഞു. തിരുനബിയുടെ കളേബരം ചോരയിൽ കുതിർന്നപ്പോൾ ആ മഹാത്മാവ് പ്രാർത്ഥിച്ചതും ചരിത്രത്തിന്റെ ഏടുകളിൽ കുറിച്ചിടപ്പെട്ടിട്ടുണ്ട്. "അല്ലാഹുവേ ഇവർ ചെയ്യുന്നതെന്താണെന്ന് ഇവരറിയുന്നില്ല. ഇവർക്ക് മാപ്പ് നല്കേണമേ" സഹനത്തിന്റെ എല്ലാ സീമകളേയും അതിലംഘിക്കുന്ന കൊടിയമർദ്ദനങ്ങൾ ഏറ്റുവാങ്ങിയ തിരുനബിയും സഖാക്കളും അല്ലാഹുവിൽനിന്ന് ലഭിച്ച കല്പനയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ആത്മരക്ഷാർത്ഥം പ്രതിരോധത്തിന് തയ്യാറായത്. വിശുദ്ധഖുർആന്റെ ഈ വാക്യം ശ്രദ്ധിക്കുക. "***ഉദിനലില്ലദീന യുഖാതിലൂന ബിഅന്നലഹും ളുലിമൂ വഇന്നല്ലാഹ അലാനസ്രിഹിം ലഖദീർ***" യുദ്ധം ചെയ്യപ്പെടുന്നവർക്ക് തിരിച്ചും യുദ്ധം ചെയ്യാൻ അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കയാണ്. നിശ്ചയമായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനാണ്.

ആടുകൾ അറുക്കപ്പെടുന്നതുപോലെ മുസ്ലിംകൾ വധിക്കപ്പെട്ടപ്പോൾ സഹനത്തിന്റെ അവസാനത്തെ നിലയും കഴിഞ്ഞപ്പോൾ നെരിപ്പോടിലമരുന്ന ജീവനെ രക്ഷപ്പെടുത്താനുള്ള മഴയായി ചെറുത്തുനില്പിന്റെ യുദ്ധസാധ്യത ഇസ്ലാം നല്കി. അതേ അവസരത്തിൽ ഇസ്ലാം വിജയത്തിന്റെ വൈജയന്തി പാറിപ്പറപ്പിച്ചപ്പോൾ പൊതുമാപ്പിന്റെ സാന്ത്വനബിന്ദുക്കൾ ലോകത്തിന്റെ സമാധാനത്തിന് ഇറ്റിച്ചുകൊടുക്കുകയും ചെയ്തു. കൊലക്കത്തിയുമായി ഉറഞ്ഞുതുള്ളിയവർക്ക് പൊറുത്തുകൊടുക്കലിന്റെ പുഷ്പവൃഷ്ടി. അബൂസുഫ്യാൻ, ഹിന്ദ്, ഇക്രിമ തുടങ്ങിയ രാക്ഷസവ്യക്തിത്വങ്ങളൊക്കെയും സുഖാതിശായിയായ സൗമ്യസമീപനത്തിന്റെ പാലമൃത് നുകർന്നു. ചരിത്രത്തിലെവിടെയെങ്കിലും ഇത്തരം പൊതുമാപ്പിന്റെ സാമ്യാനുഭവമുണ്ടോ? ഇതിന് കാരണക്കാരനായ തിരുനബിയേയും ഇസ്ലാമിനേയുമാണ് യുദ്ധവെറിയായി ചിത്രീകരിച്ചു വേട്ടയാടുന്നത്.

ആധുനിക കാലഘട്ടത്തിൽ ജിഹാദിന്റെ ശരിയായ ഉദ്ദേശ്യത്തെ ലോകത്തിന് കാണിച്ചുകൊടുത്തത് അഹ്മദിയ്യാ ജമാഅത്തിന്റെ ദിവ്യസ്ഥാപകരായ ഹസ്റത്ത് അഹ്മദ്(അ) ആണ്. മാനവികമായ അനുകമ്പാഭാവങ്ങളെ കൊല ചെയ്യുന്ന ക്രോധമല്ല ജിഹാദെന്നും അത് മനുഷ്യമനസ്സിനെ പൂങ്കാവനമാക്കുന്ന സത്യമതപഠനമാണെന്നും ആ മഹാത്മാവ് വ്യക്തമാക്കി. ഇക്കാലത്ത് ജിഹാദ് നടത്തേണ്ടത് വാൾ കൊണ്ടല്ലെന്നും പേനകൊണ്ടാണെന്നും അദ്ദേഹം അനുയായികളെ ബോധ്യപ്പെടുത്തി. തൂലികത്തുമ്പത്ത് വിരിയുന്ന ശാന്തിയുടെ മലരാണ് ജിഹാദ്. ജിഹാദിനെക്കുറിച്ചുള്ള അർത്ഥവത്തായ തന്റെ പ്രഖ്യാപനത്തിൽ വാഗ്ദത്ത മസീഹ് ഇങ്ങനെ പറഞ്ഞു. "തിന്മയിൽനിന്ന് നിങ്ങൾ വിട്ടുമാറുവിൻ. മനുഷ്യസമുദായത്തോട് അനുകമ്പാപൂർവ്വം പെരുമാറുവിൻ. മനുഷ്യരോട് അനുകമ്പ കാണിക്കാൻ പഠിപ്പിക്കാത്ത മതം എത്രമാത്രം അശുദ്ധവും വൃത്തികെട്ടതുമാണ്. ആകയാൽ എന്റെ കൂടെയുള്ള നിങ്ങൾ ഒരിക്കലും അപ്രകാരമാകരുത്." ഇതാണ് ജിഹാദിനെക്കുറിച്ചുള്ള വാഗ്ദത്ത മസീഹിന്റെ പാഠം.

വർത്തമാനകാല ജീവിതസമസ്യയിൽ ലോകം മർദ്ദനങ്ങളുടെയും ശരീരഭേദ്യങ്ങളുടേയും കഴുകൻനിലമായി മാറിക്കഴിഞ്ഞിരിക്കുന്നു. സാമ്രാജ്യത്വശക്തികൾ അവരുടെ ഉരുക്കുമുഷ്ടി മൂന്നാംലോകത്തിന്റെ ചങ്കിൽ പതിപ്പിച്ചിരിക്കുന്നു. തകർന്ന ഇറാഖ്, മരണവാറണ്ടിന്റെ മുന്നിൽ നിൽക്കുന്ന ഇറാൻ, ഇനിയും വീഴാനിരിക്കുന്ന ഇസ്ലാമികരാജ്യങ്ങൾ. അമേരിക്ക കണക്കുകൂട്ടുന്ന ശവകോട്ടകൾ ഒരുവശത്ത്. ഇതിനിടയിൽ ദുർബലരാണെന്നറിഞ്ഞിട്ടും ഒറ്റപ്പെട്ട ആക്രമണങ്ങളിലൂടെ ബോംബുകൾ വലിച്ചെറിഞ്ഞ് സഹതാപം നഷ്ടപ്പെടുത്തുന്ന മുസ്ലിം തീവ്രവാദികൾ. മരണത്തിന്റെ ഈ കണക്കെടുപ്പിൽ ലോകത്തിന് ശാന്തിയുമില്ല, സമാധാനവുമില്ല. ശാന്തിയും സമാധാനവും ലഭിക്കേണമെങ്കിൽ വാഗ്ദത്തമസീഹിന്റെ സന്ദേശങ്ങൾക്ക് കാതുകൊടുത്തേതീരൂ. ജിഹാദിനെക്കുറിച്ചുള്ള വാഗ്ദത്ത മസീഹിന്റെ വ്യാഖ്യാനത്തിൽ സ്പഷ്ടമായ മറ്റൊരു സൂചനകൂടി അടങ്ങിയിട്ടുണ്ട്. ഈ ലോകം നമുക്ക് ജീവിക്കാൻ കൊള്ളരുതാത്തതായിത്തീർന്നിരിക്കുന്നു. ആധുനിക കമ്പോളനിലവാരം വരുത്തിയ എലിക്കെണിയാണ് പ്രധാനം. എവിടെയും നമ്മുടെ ലോലവികാരങ്ങളെ ചൂഷണം ചെയ്യുന്ന ലോലതന്ത്രികൾ. പണം കൊടുത്ത് വിലക്കെടുക്കാവുന്ന സുഖങ്ങൾ. മനുഷ്യരെ എന്നന്നേക്കുമായി പാപ്പരാക്കുന്ന ചൂഷണങ്ങൾ. മദ്യവും അനുബന്ധസുഖങ്ങളും കുമിളപോലെ പൊങ്ങിയുടയുന്ന മോഹങ്ങൾ. മുങ്ങിത്താഴുന്ന ലാഭചേതങ്ങൾ. ഈ പ്രതിസന്ധിയിൽ മനുഷ്യന് ഒരു പിടിവള്ളിയുമില്ല. എന്താണൊരു പോംവഴി. ഈ ആധുനിക സുഖജാലകം തുറക്കാതിരിക്കുകതന്നെ. അതിനുള്ള ഏകപ്രേരണ ജിഹാദാണ്. അതായത് ധർമ്മമാർഗ്ഗത്തിലൂടെ ത്യാഗഭരിതവും സംയമനപൂർണ്ണവുമായ ദൈവികസമർപ്പണം. അവസാന അർത്ഥത്തിൽ ദൈവികസമർപ്പണമാണ് ജിഹാദെന്ന വാഗ്ദത്ത മസീഹിന്റെ നിരീക്ഷണം നാം നെഞ്ചേറ്റിവാങ്ങുക. അല്ലാഹുവിൽ ജീവിതം സമർപ്പണം ചെയ്ത് യഥാർത്ഥ സത്യവിശ്വാസിയായിത്തീരാൻ സർവ്വശക്തനായ അല്ലാഹു നമ്മെ സഹായിക്കുമാറാകട്ടെ. ആമീൻ.

***ശരീഫ ഹലീം***

# മതാചാര്യരോടുള്ള ആദരവ്

**മാ**നവരാശിക്ക് ദൈവം ലൗകികമായ സാധനസാമഗ്രികൾ തയ്യാറാക്കിയതുപോലെ ആത്മീയ പുരോഗതിക്കാവശ്യമായ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. സ്രഷ്ടാവായ ദൈവവുമായി സൃഷ്ടികളായ മനുഷ്യരെ ബന്ധിപ്പിക്കുന്ന കണ്ണികളാണ് പ്രവാചകന്മാർ. ഇവരെ അറബിഭാഷയിൽ നബിമാർ എന്ന് വിളിക്കുന്നു. ഹിന്ദുമതത്തിൽ അവതാരങ്ങൾ എന്ന് ഇവർ അറിയപ്പെടുന്നു. ലോകത്ത് എപ്പോഴെല്ലാം അധർമ്മം പടരുകയും അസാന്മാർഗ്ഗികത വ്യാപിക്കുകയും ചെയ്തുവോ അപ്പോഴെല്ലാം ദൈവം പ്രവാചകന്മാരെ നിയോഗിച്ചയക്കുകയുണ്ടായി. ഒരുലക്ഷത്തിൽപരം പ്രവാചകന്മാർ അവതീർണ്ണരായിട്ടുണ്ട് എന്ന് ഇസ്ലാം നമ്മെ പഠിപ്പിക്കുന്നു. വിശുദ്ധഖുർആൻ പറയുന്നു: ***വഇൻ മിൻ ഉമ്മത്തിൻ ഇല്ലാ ഖലാ ഫീഹാ നദീർ*** (ഒരു താക്കീതുകാരൻ വന്നിട്ടില്ലാത്ത ഒരു സമുദായവും ഇല്ല)

നമ്മുടെ ഈ പുണ്യഭാരതഭൂമിയും അവതാരപുരുഷന്മാരുടെ ആഗമനം കൊണ്ട് അനുഗ്രഹീതമാണ്. ഇവർ എല്ലാവരും ഒരു ശൃംഖലയിലെ കണ്ണികളാണ്. അതിനാൽ ലോകസമക്ഷം ഇവർ അവതരിപ്പിച്ചത് ഒരേ ആശയമാണ്. അതായത് ഏകദൈവസിദ്ധാന്തം. അവർ പരസ്പരം സത്യപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

നബി(സ) അരുളി: ***കാന ഫിൽ ഹിന്ദി നബിയുൻ അസ്വദുൽ ലൗനി ഇസ്മുഹുകാഹിന***. ഇന്ത്യയിൽ ശ്യാമളവർണ്ണനായ ഒരു പ്രവാചകൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് കാഹിന എന്നായിരുന്നു.

ഇതുപോലെ നബി(സ)ന്റെ ആഗമനത്തെക്കുറിച്ച് ഭാരതത്തിലെ ഋഷിവര്യനായ ശ്രീ വേദവ്യാസൻ വിവരിച്ച ദീർഘമായൊരു പ്രവചനത്തിൽ ഇപ്രകാരം പറയുന്നു. "ഏതസ്മിന്നന്തരേ മ്ലേഛ ആചാര്യേണ സമന്വിതാ മഹാമദഃ ഇതിഖ്യാത ശിഷ്യശാഖാ സമന്വിതം" (ആ സന്ദർഭത്തിൽ മഹാമദ് (മുഹമ്മദ്) എന്ന് പേരുള്ള വിദേശിയായൊരു ലോകഗുരു തന്റെ അനുചരന്മാരോടൊപ്പം പ്രത്യക്ഷപ്പെടും. (*ഭവിഷ്യൽ പുരാണം*)

ലോകസമക്ഷം വെളിപ്പെട്ട എല്ലാ പ്രവാചകന്മാരേയും വിശ്വസിക്കുകയും ആദരിക്കുകയും ചെയ്യേണ്ടത് ഒരു മുസ്ലിമിന്റെ കടമയാണ്. ഇത് സംബന്ധിച്ച് വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: "***കാലു ആമന്നാ ബില്ലാഹി വമാ ഉൻസില ഇലയ്ന വമാ ഉൻസില ഇലാ ഇബ്റാഹീമ വഇസ്മാഈല, വഇസ്ഹാഖ വയഅ്ഖൂബ വൽഅസ്ബാത്തി വമാ ഊതിയ മൂസാ വഈസ വമാ ഊതിയ ന്നബിയൂന മിൻ റബ്ബിഹിം ലാ നുഫറിക്കു ബയ്ന അഹ്ദിൻ മിൻകും വനഹ്നു ലഹു മുസ്ലിമൂൻ***"

ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്കിറക്കപ്പെട്ട സന്ദേശത്തിലും വിശ്വസിക്കുന്നു. ഇബ്രാഹിം, ഇസ്മായിൽ, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവർക്കും സന്തതികൾക്കും അവതരിക്കപ്പെട്ടതിലും വിശ്വസിക്കുന്നു. മൂസ, ഈസാ തുടങ്ങിയ മറ്റു പ്രവാചകന്മാർക്കും അവരുടെ നാഥനിൽനിന്ന് ഇറക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കല്പിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിനോടു മാത്രം അനുസരണം പുലർത്തുന്നവരാകുന്നു.

ഇങ്ങനെ എല്ലാ ദേശക്കാരിലും ഭാഷക്കാരിലും അവതരിച്ച എല്ലാ പ്രവാചകരിലും വിശ്വസിച്ചാൽ മാത്രമേ ഒരാൾ യഥാർത്ഥ വിശ്വാസിയായിത്തീരൂ എന്ന് പ്രഖ്യാപിച്ചുകൊണ്ട് സർവലൗകികമായ മതസൗഹാർദ്ദത്തിന് നബി(സ) തിരുമേനി അടിസ്ഥാനമിട്ടു. മുഹമ്മദ് നബി (സ) അന്യമതസ്ഥരോട് വളരെയധികം ആദരവ് പ്രകടിപ്പിക്കുകയുണ്ടായി. ഒരിക്കൽ അദ്ദേഹം നജ്റാനിൽ നിന്നും വന്ന ക്രിസ്ത്യാനികൾക്ക് പ്രാർത്ഥിക്കുവാനായി അദ്ദേഹത്തിന്റെ പള്ളി ഒഴിഞ്ഞുകൊടുത്തു. മറ്റൊരു സംഭവം. ഒരു ബിംബാരാധകൻ മുസ്ലിമായപ്പോൾ തന്റെ വീട്ടുപടിക്കൽ ബിംബം കൊണ്ടിട്ടു അതിൽ ചവിട്ടി അതുവരെ താൻ ചെയ്ത പാപം തീർക്കാൻ ശ്രമിച്ചു. നബി(സ) പറഞ്ഞു. ആ ബിംബം അവിടെനിന്ന് എടുത്തുനീക്കിയാൽ മാത്രമേ ഞാൻ വീട്ടിൽ കയറൂ. ഏതെങ്കിലും ഒരു ബിംബാരാധകൻ ഈ ലോകത്ത് എവിടെയെങ്കിലും ജീവിച്ചിരിക്കുന്നുവെങ്കിൽ അയാളെ വേദനിപ്പിക്കുന്നതരത്തിൽ ഒന്നും ഞാൻ ചെയ്യുകയില്ല. മുഹമ്മദ് നബി(സ) പറഞ്ഞു. ***ഇദാ ജാഅക്കും കരീമുകൗമിൻ ഫഅക്രിമുഹു***. ഏതെങ്കിലും ജനതയുടെ ആദരണീയ വ്യകതി നിങ്ങളുടെയടുക്കൽ വന്നാൽ അദ്ദേഹത്തെ നിങ്ങൾ ആദരിക്കുക. (അദ്ദേഹം ഏത് മതവിശ്വാസിയായാലും) എത്ര മനോഹരമായ അദ്ധ്യാപനങ്ങളാണ് റസൂൽ(സ) തിരുമേനി ലോകത്തിന് നൽകിയത്. കാലങ്ങളെ അതിജീവിച്ചുകൊണ്ട് ഇന്ന് പുലരുന്ന എല്ലാ വിശ്വമതങ്ങളും ദൈവത്തിൽനിന്നുള്ളവയാണെന്നാണ് ഇസ്ലാമിന്റെ അദ്ധ്യാപനം. മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദത്തിനും

സഹവർത്തിത്വത്തിനും ഇതിൽ കവിഞ്ഞ മറ്റൊരു പാഠത്തിന്റെ ആവശ്യമുണ്ടോ?

എല്ലാ മതാദ്ധ്യാപനങ്ങൾ തമ്മിലും ചില സാമ്യതകൾ ഉള്ളതായി കാണാം. 'ഞാൻ നിങ്ങളെപോലുള്ള ഒരു മനുഷ്യൻ മാത്രമാണ്' എന്ന് മുഹമ്മദ്(സ) പ്രഖ്യാപിച്ചു. ഇന്ത്യയിൽ അവതരിച്ച ശ്രീരാമൻ(അ) ഇങ്ങനെ ഉദ്ഘോഷിച്ചു. 'ആത്മാനം മാനുഷം മാന്യേരാമം ദശരഥാത്മജം.' 'ദശരഥപുത്രനായ ഒരു മനുഷ്യനാണെന്നല്ലാതെ ഞാൻ എന്നെ കരുതുന്നില്ല.' അവതാരപുരുഷന്മാർ മനുഷ്യനാണെന്നും അവർ ഏകദൈവ സിദ്ധാന്തം സ്ഥാപിക്കാൻ അവതരിച്ചവരാണെന്നുമുള്ള കാര്യം ഭഗവദ്ഗീതയിൽ ഇങ്ങനെ വിവരിക്കുന്നു.

ഈശ്വരാ സർവ ഭൂതനാം
ഹൃദ്ദേശർ ജൂനതിഷ്ഠതി
ഭ്രാമയൻ സർവ്വഭൂതാനി
യന്ത്രാ രൂഢാനിമായയാ
തമേവ ശരണം ഗഛഃ
സർവ്വ ഭാവേന ഭാരതഃ
തൽപ്രസാദാൽ പരാം ശാന്തിം
സ്ഥാനം പ്രാപ്സ്യസി ശാശ്വതം

അർജുനാ സർവപ്രമാണികളുടേയും ഹൃദയത്തിൽ മരുവുന്ന ഈശ്വരൻ തന്റെ മായയാൽ സർവ്വജീവികളേയും യന്ത്രത്തിൽ കയറ്റിയെന്നപോലെ കറക്കുന്നു. അതിനാൽ ഭാരതാ സർവ്വഭാവേനയും അവനെ ശരണം പ്രാപിക്കുക. അവന്റെ അനുഗ്രഹത്താൽ നിനക്ക് പരമശാന്തിയും നിത്യസ്ഥാനവും കിട്ടും. മഹാത്മാ ശ്രീകൃഷ്ണന്റെ ഈ അദ്ധ്യാപനത്തെ വിശുദ്ധഖുർആൻ സ്വീകരിക്കുന്നുണ്ട്.

***യാ അയ്യുഹന്നാസുഅ്ബുദു റബക്കുമല്ലദീ ഖലഖക്കും വല്ലസീന മിൻകബിലിക്കും ലഅല്ലക്കും തത്തക്കൂൻ***. അല്ലയോ മനുഷ്യരെ ദൈവത്തെ വണങ്ങുവിൻ, അവനിൽ ശരണം പ്രാപിക്കുവിൻ. നിങ്ങളേയും നിങ്ങളുടെ പൂർവ്വികരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ശാന്തി പ്രാപിച്ചവരും സൂക്ഷ്മതയുള്ളവരുമാകുവാൻ വേണ്ടി." (*വിശുദ്ധഖുർആൻ 2:22*)

ഓരോ കാലയളവിലും പ്രവാചകന്മാർ ആവിർഭവിക്കുമെന്നും അവരിൽ വിശ്വസിക്കണമെന്നും ഭഗവത്ഗീത പഠിപ്പിക്കുന്നു.

യദായദാഹി ധർമ്മസ്യ, ഗ്ലാനിർഭവതി ഭാരത, അഭ്യുത്ഥാന മധർമ്മസ്യ തദാത്മാനം സൃജാമ്യഹം, പരിത്രാണായ സാധുനാം, വിനാശായ ചതുഷ്കൃതാം, ധർമ്മ സംസ്ഥാപനാർത്ഥായ, സംഭവാമി യുഗേയുഗേ.

ധർമ്മത്തിന് എപ്പോഴെല്ലാം ഗ്ലാനി സംഭവിക്കുകയും അധർമ്മം പ്രബലപ്പെടുകയും ചെയ്യുന്നുവോ അപ്പോഴെല്ലാം ഞാൻ അവതരിക്കുന്നു. സധർമ്മികളെ രക്ഷിക്കുവാനും ദുഷ്കർമ്മികളെ ശിക്ഷിക്കുവാനും വേണ്ടി ഞാൻ യുഗംതോറും ആവിർഭവിക്കുന്നു. (*ഭഗവത്ഗീത, 4:7-8*)

വിശുദ്ധഖുർആൻ ഭഗവത്ഗീതയുടെ ഈ ആശയത്തെ ബലപ്പെടുത്തിക്കൊണ്ടു പറയുന്നു. ***യാ ബനീ ആദമ ഇമ്മാ യഅ്ത്തിയന്നക്കും റുസുലുൻ മ്മിൻകും യക്ക്സൂന അലയ്ക്കും ആയാത്തീ ഫമനിതഖ വഅസ്ലഹ ഫലാ ഖൗഫുൻ അലയ്ഹിം വലാഹും യഹ്സനൂൻ*** അല്ലയോ ആദം സന്തതികളേ എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്ന പ്രവാചകന്മാർ നിങ്ങളുടെയടുക്കൽ വരുന്നതായാൽ ഭക്തിയെ അവലംബിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവർ ഭയപ്പെടുകയില്ല. അവർ ദുഃഖിക്കുകയും ഇല്ല.

മേൽവിവരിച്ചതിൽനിന്നും മതാചാര്യന്മാർ ഉദ്ഘോഷിച്ചത് ഒരേ കാര്യമാണെന്ന് നമുക്ക് മനസ്സിലാക്കാം. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹസ്റത്ത് അഹ്മദ്(അ) അദ്ദേഹത്തിന്റെ മൈത്രീസന്ദേശം എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതി. "ഇസ്ലാം യാതൊരു സമുദായത്തിലെ മതനേതാക്കന്മാരേയും ഒരിക്കലും അധിക്ഷേപിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാത്ത പരിശുദ്ധമതമാകുന്നു. ഏതൊരു രാജ്യനിവാസികൾ അന്യോന്യം മതാചാര്യന്മാരെ ആക്ഷേപിക്കുകയും അവരെ അവഹേളിച്ച് പറയുകയും ചെയ്തുകൊണ്ടിരിക്കുന്നുവോ അവർക്ക് സമാധാനജീവിതം സാധ്യമല്ല. ആ രാജ്യത്തിലെ സമുദായങ്ങൾക്കിടയിൽ യഥാർത്ഥ മൈത്രിയോ ഐക്യമോ സാധ്യമല്ല. (*മൈത്രീ സന്ദേശം*)

അതിനാൽ എല്ലാ മതസ്ഥരും മറ്റ് മതാചാര്യരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത് ലോകസമാധാനത്തിനുതന്നെ അത്യന്താപേക്ഷിതമാണ്. ചുരുക്കത്തിൽ മതഗുരുക്കന്മാരെല്ലാം തൗഹീദിന്റെ (ഏകദൈവസിദ്ധാന്തം) വ്യക്താക്കളും ദൈവത്തിൽ ലയിച്ചവരും നന്മ പ്രചരിപ്പിച്ചവരും ആയിരുന്നു. അതിനാൽ അവരുടെ ജീവിതത്തെ മനസ്സിലാക്കുകയും അവരുടെ അദ്ധ്യാപനങ്ങൾ അനുസരിച്ച് ജീവിക്കുകയും ചെയ്യുമ്പോഴാണ് ശാന്തിയും സമാധാനവും സംജാതമാകുന്നത്. അത്തരത്തിലുള്ള ഒരു ജീവിതം ഈ ലോകത്ത് എല്ലാ ജനതകളിലും ഉണ്ടാവട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

***ഹമീദ നാസർ***

## അറിയിപ്പ്

**ലജ്ന ഇമായില്ലാ കേരള സദർ അമത്തുൽ ഹഫീസ സാഹിബയുടെ ഫോൺ നമ്പർ താഴെകൊടുക്കുന്നു**

***Res: 95495 2352767***

***Mob: 9895 145038***

# ജീവിതം

മനുഷ്യജീവിതം നശ്വരമാണെന്നും ക്ഷണഭംഗുരമാണെന്നും അറിയാത്തവരായി ആരുംതന്നെയില്ല. ആ യാഥാർത്ഥ്യത്തിലേക്ക് അനുനിമിഷം നമ്മെ കൊണ്ടെത്തിക്കുകയാണ് ആധുനിക കാലഘട്ടത്തിലെ കാഴ്ചകൾ. നിമിഷനേരംകൊണ്ട് പൊലിയുന്ന ജീവന്റെ കണക്കെടുക്കുക പ്രയാസം. അതിനുള്ള കാരണങ്ങൾ എന്തൊക്കെയായാലും ഏത് ദിശയിൽ കൂടിയായാലും മരണം വന്നെത്തും എന്ന് എല്ലാവരും അംഗീകരിക്കുന്നു.

പാരത്രികജീവിതം അനശ്വരവും ശാശ്വതവുമാണെന്ന് വിശ്വസിക്കുന്നവർപോലും അങ്ങോട്ടേക്ക് പോകാൻ ആഗ്രഹിക്കുന്നില്ല എന്ന കാര്യം ഓർക്കുമ്പോൾ നശ്വരമാണെന്നറിഞ്ഞിട്ടും ഭൗതികജീവിതത്തെ എത്രമാത്രമാണ് മനുഷ്യൻ സ്നേഹിക്കുന്നത് എന്നത് അത്ഭുതാവഹമാണ്. ഈ ലോകം ഭൗതികമായ എല്ലാ അലങ്കാരങ്ങളോടുംകൂടി മനുഷ്യനെ മാടിവിളിക്കുമ്പോൾ അതിൽനിന്നും പിന്തിരിഞ്ഞ് കാണാത്ത പാരത്രികഭവനത്തെക്കുറിച്ച് ചിന്തിച്ച് വേവലാതിപ്പെടുന്നവർ എത്രപേർ കാണും? അല്ലാഹുവിന്റെ പ്രത്യേകമായ കൃപാകടാക്ഷം ഉള്ളവരിൽ മാത്രമേ ഇത്തരം ചിന്തകൾ ഉടലെടുക്കുകയുള്ളൂ. ഈ ലോകം വെറും കളിയും വിനോദവും മാത്രമാണെന്നും പാരത്രികഭവനമാണ് ഉത്തമവും ശാശ്വതവുമെന്ന് വിശുദ്ധഖുർആൻ പറയുമ്പോൾ യഥാർത്ഥ സത്യവിശ്വാസി അതംഗീകരിക്കുകയും അതിലേക്ക് ശ്രദ്ധതിരിക്കുകയും ചെയ്യുന്നു.

ജീവിതത്തിന്റെ എല്ലാ സൗഭാഗ്യങ്ങളും ആസ്വദിച്ച് മാളിക മുകളിലേറിയവരെ കാണുമ്പോൾ അവരെത്ര ഭാഗ്യവാന്മാർ അതിൽ അല്പമെങ്കിലും നമുക്കും കിട്ടിയിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്നവർ ആ മാളികമുകളിലുള്ളവർക്കും ദുഃഖമുണ്ട്, സുഖദുഃഖ സമ്മിശ്രമാണ് ജീവിതം എന്ന് ചിന്തിക്കുമോ ആവോ? അരോഗദൃഢഗാത്രമായ മനുഷ്യജീവൻ നിമിഷനേരംകൊണ്ട് വീണുടയുമ്പോൾ കൈകാലുകൾ നഷ്ടപ്പെട്ട് നിരങ്ങി നീങ്ങുന്നവരും, മാറാവ്യാധികളാൽ വലയുന്നവരും ഇങ്ങേയറ്റം ഒരു കുഷ്ഠരോഗിപോലും മരണത്തെ പുല്കാൻ ആഗ്രഹിക്കുന്നില്ല എന്ന പരമാർത്ഥം ഭൗതികജീവിതവുമായി മനുഷ്യൻ എത്രത്തോളം ഇഴുകിച്ചേർന്നുപോയി എന്നത് വിസ്മയാവഹമാണ്. ഇതിന്നപവാദമായി സ്വയം ജീവനെ ഹനിക്കുന്ന യുവത്വങ്ങൾ ആധുനിക കാലഘട്ടത്തിൽ ധാരാളമാണെന്നും നാം അറിയുന്നു. നിരപരാധികളായ പിഞ്ചുകുഞ്ഞുങ്ങളെ മാറോടണച്ച് കിണറിലും പുഴയിലും ചാടുന്ന അമ്മമാരും കടക്കെണിയിൽ ജീവനൊടുക്കുന്നവരും സർവ്വത്ര. ജീവിതത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാടില്ലാത്തവരും പാരത്രികജീവിതത്തെക്കുറിച്ച് വിശ്വാസമില്ലാത്തവരുമാണ് ഇത്തരം മനുഷ്യക്കോലങ്ങൾ എന്ന തിരിച്ചറിവ് നമുക്കുണ്ടായേതീരൂ. ദൈവം തന്ന ജീവനെ ഹനിക്കാൻ നമുക്ക് യാതൊരവകാശവുമില്ല. അങ്ങനെയുള്ളവർ ദൈവകോപത്തിന് ഇരയാകുന്നു എന്നതാണ് വസ്തുത.

മനുഷ്യജീവിതം എന്ന് പറയുമ്പോൾ എന്തെന്ത് ഭാവങ്ങളിലാണ് അതരങ്ങേറുന്നത്. സന്തോഷത്താൽ മതിമറക്കുന്നവർ, ഞാനെന്ന ഭാവംപൂണ്ട് മേൽക്കോയ്മ നടിക്കുന്നവർ, ദുഃഖത്തിൽ തളരുന്നവർ, കോപത്താൽ അന്ധരായിത്തീരുന്നവർ, വേദനകൾ ഉള്ളിലൊതുക്കി ശോകഭാവം മുഖങ്ങളിൽ നിഴലിച്ച് നടക്കുന്നവർ, എല്ലാം ദൈവത്തിൽ സമർപ്പിച്ച് ദൃഢചിത്തരായി മുന്നോട്ടുപോകുന്നവർ ഇങ്ങനെ ഒരുപാട് മനുഷ്യരെ നമുക്ക് ചുറ്റും കാണാം. അല്ലാഹുവിൽ ദൃഢവിശ്വാസമുള്ള സത്യവിശ്വാസി കരുതലോടെ ജീവിക്കുകയും എല്ലാറ്റിലും മിതത്വം സ്വീകരിക്കുകയും ഏതവസ്ഥയിലും അല്ലാഹുവിനെ സ്മരിക്കുകയും ആപൽഘട്ടത്തിൽ പതറാതെ അല്ലാഹുവിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നവരാണ്. ഇക്കൂട്ടരെക്കുറിച്ചാണ് അവർ തന്നെയാണ് വിജയികൾ എന്ന് വിശുദ്ധഖുർആൻ പറയുന്നത്.

സുഖങ്ങളും ദുഃഖങ്ങളും നിറഞ്ഞ ജീവിതയാത്രയിൽ സ്ഥിരചിത്തരായി, ദൈവഭയമുള്ളവരായി, വിനയാന്വിതരായി, ലളിത ജീവിതം നയിക്കുന്നവരായി നാം മാറുകയാണെങ്കിൽ ഇഹപരവിജയങ്ങൾക്ക് അവകാശികളായി മാറും എന്നത് എത്രമാത്രം സന്തോഷവും സമാധാനവും പകരുന്ന കാര്യമാണ്. ഇങ്ങനെ സ്ഥിരമായ സ്ഥായിയായ ഭാവങ്ങളോടുകൂടിയ ജീവിതം മനു

ഷ്യനുണ്ടാകേണമെങ്കിൽ അവൻ അത്രമാത്രം അല്ലാഹുവുമായി അടുത്തിടപഴകുന്ന ആളായിരിക്കണം. അല്ലാഹുവുമായി കൂടുതൽ അടുക്കണമെങ്കിൽ അതിനുള്ള പ്രേരണയും ആരോഗ്യമുള്ള ചുറ്റപാടും അവൻ തന്നെ നല്കണം. ഇതിനുവേണ്ടിയാണ് അല്ലാഹുവേ നീ ഞങ്ങൾക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യേണമേ എന്നും ഞങ്ങളുടെ ഹൃദയങ്ങളെ നേർവഴിയിലാക്കിയതിനുശേഷം തെറ്റിച്ചുകളയരുതേ എന്നും ദുആ ചെയ്യാൻ അല്ലാഹു കല്പിച്ചിട്ടുള്ളത്. മനുഷ്യമനസ്സ് ചാഞ്ചാടിക്കൊണ്ടിരിക്കുന്നു. അതിനെ പിടിച്ചുനിർത്താൻ നാം സ്വയം വിചാരിച്ചാൽ സാധ്യമല്ല. ശ്രമിക്കുകയും ദുആ ചെയ്തുകൊണ്ടിരിക്കുകയും വേണം. നിങ്ങളുടെ ദുആ ഇല്ലായിരുന്നുവെങ്കിൽ ഞാൻ നിങ്ങളെ എന്ത് വിലവെക്കാനാണ് എന്ന് അല്ലാഹു ചോദിക്കുന്നു. ദുആ ഇല്ലെങ്കിൽ നമ്മെ അവൻ ഗൗനിക്കില്ല. വഴി തെറ്റിക്കാൻ ശ്രമിച്ച് എപ്പോഴും നമ്മുടെ പിറകെയുള്ള ശയ്ത്വാൻ നമ്മുടെമേൽ ചാടിവീഴും. അതുകൊണ്ട് ദുആ അനിവാര്യമാണ്. എപ്പോഴും ദുആ ചെയ്യുന്ന ശീലം ഉണ്ടാക്കുക. അതാണ് ഓരോ മനുഷ്യന്റേയും കർത്തവ്യം.

ജീവിതം സുഖദുഃഖ സമ്മിശ്രമാണെന്ന് പറഞ്ഞുവല്ലോ. ദുഃഖങ്ങൾ അനുഭവിക്കുമ്പോഴാണ് ആരെങ്കിലും സഹായത്തിന്നുണ്ടായിരുന്നെങ്കിൽ എന്നാഗ്രഹിച്ചുപോകുന്നത്. എന്നാൽ ദുഃഖിതർക്ക് സഹായഹസ്തവുമായി എത്തുന്നവരിലും ഒരു കൃത്രിമത്വം നിഴലിക്കുന്നു. കടുത്തദുഃഖമുള്ളവരെ സഹതാപത്തിന്റെ പേരിൽ മുൾമുനയിൽ നിർത്തുന്നു. ദുഃഖത്തിൽ പങ്കുചേരുമ്പോഴും ദുഃഖം അഭിനയിക്കുന്നവരേയും കാണാം. അവരുടെ സംസാരങ്ങളിൽനിന്നും ഭാവപ്രകടനങ്ങളിൽ നിന്നും അവരറിയാതെ സത്യം പുറത്തുചാടുന്നു. ആത്മാർത്ഥതയോടുകൂടി തങ്ങളാലാവുംവിധം മറ്റുള്ളവർക്ക് സഹായമെത്തിക്കുകയും അവരുടെ ദുഃഖങ്ങളിൽ ഹൃദയാത്മനാ പങ്കാളികളാകുന്നവരും ഉണ്ടെന്നത് ആശ്വാസകരമാണ്. പവിത്രവും നിർമ്മലവുമായ ഹൃദയമുള്ളവർക്ക് മാത്രമേ സ്വന്തം ദുഃഖമെന്നപോലെ അന്യരുടെ ദുഃഖവും ഉൾക്കൊള്ളാൻ കഴിയുകയുള്ളൂ. ഇക്കൂട്ടർ അചഞ്ചലമായ ദൈവവിശ്വാസികളുമായിരിക്കും.

ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിൽനിന്നകന്ന് ആഢംബരങ്ങളിൽ മതിമറന്ന് വിലക്കെടുക്കാവുന്ന എല്ലാ സുഖങ്ങളുമാസ്വദിച്ച് ഇതാണ് ജീവിതമെന്ന് സ്വയം തീരുമാനിച്ച് മുന്നേറുന്നവരെ കാണുമ്പോൾ കരയിലും കടലിലും ഒരുപോലെ അധർമ്മം വ്യാപിച്ചിരിക്കുന്നു എന്ന വിശുദ്ധഖുർആൻവചനം ഓർമ്മയിലെത്തുന്നു. ദുഷിച്ചുനാറിയ ജീവിതശൈലിക്കുടമകളാണ് ഭൂരിപക്ഷം ജനങ്ങളും. ഈ വർത്തമാനകാല ജീവിതം ഇങ്ങനെ തുടരുമ്പോൾ ഭാവിയിൽ ഇവരുടെ തലമുറ എങ്ങനെയുള്ളവരായിരിക്കും എന്ന ചിന്ത തന്നെ നടുക്കമുളവാക്കുന്നു. അധാർമ്മികതയുടെ കുത്തൊഴുക്കിൽ നീന്തുന്നവർക്ക് തിരിച്ചറിവുണ്ടാക്കേണ്ട ബാധ്യത സജ്ജനങ്ങളുടേതാണ്. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന് ശ്രീ നാരായണഗുരു പറഞ്ഞത് എല്ലാ മതങ്ങളുടേയും അടിസ്ഥാനതത്വം ഒന്നായതുകൊണ്ടു തന്നെയായിരിക്കണം. എല്ലാ മതങ്ങളും നന്മ ഉപദേശിക്കുകയും തിന്മയെ വെടിയാൻ കല്പിക്കുകയും ചെയ്യുന്നു. നന്മതിന്മകളെ കുറിച്ചുള്ള തിരിച്ചറിവാണ് മനുഷ്യർക്ക് വേണ്ടത്. ഈ ആധുനിക കാലഘട്ടത്തിലെ ജീവിതരീതി വരുംതലമുറകളിൽ വ്യാപിക്കാതിരിക്കാൻ സ്വയം ശ്രദ്ധിക്കുകയും കുട്ടികളുടെ ശിക്ഷണകാര്യത്തിൽ കൂടുതൽ ജാഗരൂകരായിരിക്കുകയും വേണം. അതിനായിട്ടുള്ള ഉപദേശനിർദ്ദേശങ്ങളാണ് അഹ്മദിയ്യാ ജമാഅത്തിന്റെ പ്രിയസാരഥി സ്ത്രീകൾക്ക് നല്കിക്കൊണ്ടിരിക്കുന്നത്.

തിരുനബി(സ) വാർത്തെടുത്ത ഇസ്‌ലാമിക സംസ്ക്കാരം അതിന്റെ തനിമ ഒട്ടും മായാതെ സ്വായത്തമാക്കുകയും ഇതാണ് ഇസ്‌ലാമിക മാതൃക എന്ന തിരിച്ചറിവ് മറ്റുള്ളവർക്ക് ഉണ്ടാക്കുംവിധം ജീവിതം ചിട്ടപ്പെടുത്തുകയും ചെയ്യേണ്ടത് ഓരോ മുഅ്മിനിന്റേയും കർത്തവ്യമാണ്.

ഇസ്‌ലാമിനോട് കൂറുപുലർത്തുന്നവർ തങ്ങളാണ് എന്ന മിഥ്യാസങ്കല്പങ്ങളിലൂടെ ഇസ്‌ലാമിക അദ്ധ്യാപനങ്ങളെ പുറംകാലുകൊണ്ട് തൊഴിക്കുകയാണ് ഭൂരിപക്ഷ മുസ്‌ലിംകളും. നബിതിരുമേനിയോടുള്ള സ്നേഹത്താൽ മതിമറന്ന് തിരുനബിയെ അപകീർത്തിപ്പെടുത്തുന്ന കാര്യങ്ങൾ ചെയ്തുകൂട്ടുന്നു. തീവ്രവാദി എന്ന് കേൾക്കുമ്പോൾ അതിന്റെ മുമ്പിൽ മുസ്‌ലിം എന്ന് ചേർക്കേണ്ടത് അനിവാര്യമാണെന്ന് തോന്നിപ്പോകുന്ന വാർത്തകളാണ് മാധ്യമങ്ങൾ പുറത്തുവിടുന്നത്. ഖലീഫ റാബിഅ്(റ)യുടെ വാക്കുകൾ ചെവിക്കൊള്ളാത്തതിന്റെ തിക്തഫലം ഇന്ന് മുസ്‌ലിം രാഷ്ട്രങ്ങൾ അനുഭവിച്ചുതീർക്കുന്നു. ജീവിതമെന്ന മൂന്നക്ഷരത്തിന് പല പല അർത്ഥങ്ങളും വ്യാഖ്യാനങ്ങളും നല്കി ഇരിക്കാനും, നില്ക്കാനും, കിടക്കാനും പോലും നേരമില്ലാതെയുള്ള പരക്കം പാച്ചിലിൽ ദിവസങ്ങളും, മാസങ്ങളും വർഷങ്ങളിലേക്ക് വഴിമാറുകയും ഒരുനാൾ ഓരോരുത്തർക്കുമുള്ള ഒരുനാളായി വന്നെത്തുകയും ചെയ്യുന്നു. കൈപ്പിടിയിലൊതുക്കിയതെല്ലാം ഇവിടെ കുടഞ്ഞിട്ട് വെറും കൈയ്യുമായുള്ള മടക്കയാത്ര. കൂടെ കൊണ്ടുപോകാൻ സൽക്കർമ്മങ്ങൾ സംഭരിച്ച് വെച്ചിട്ടുള്ളവർ ഭാഗ്യവാന്മാർ. ഇഹപരജീവിതം അവർക്കുള്ളതാണ്. വിജയിച്ചവരും അവർതന്നെ.

***ഉമ്മുറഹീം***

# അഹ്മദിയ്യാ മഹിളാ സംഗമം 2006

**ല**ജ്നാ ഇമായില്ലാ (ദൈവദാസികളുടെ സംഘടന)യുടെ സംസ്ഥാന സമ്മേളനം ജൂലൈ 22, 23 തിയ്യതികളിൽ കോഴിക്കോട് ബൈത്തുൽഖുദ്ദൂസിൽവെച്ച് സമംഗളമായി സമാപിച്ചു. ജൂലൈ 21-ാം തിയ്യതി രാത്രിമുതൽതന്നെ ദൂരെനിന്നും സ്ത്രീകൾ എത്തിത്തുടങ്ങിയിരുന്നു. കർക്കിടകമാസത്തിലെ മഴ വഴിമാറിനിന്നത് ആതിഥേയർക്കും അതിഥികൾക്കും ഒരുപോലെ സൗകര്യപ്രദമായി. അൽഹംദുലില്ലാഹ്. മഴക്കാലമായതിനാൽ സംഘാടകർ അതിനുവേണ്ട ഒരുക്കങ്ങളൊക്കെ ചെയ്തിരുന്നു. 22-ാം തിയ്യതി കൃത്യം 8 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. രണ്ടായിരത്തോളം സ്ത്രീകളും കുട്ടികളും സന്നിഹിതരായിരുന്നുവെന്നത് ഏറെ ചാരിതാർത്ഥ്യജനകമാണ്. ഉദ്ഘാടനസമ്മേളനം 9.30-ന് ആരംഭിച്ചു. മൈമൂനാ സാഹിബയുടെ ഖുർആൻ പാരായണത്തിനുശേഷം സ്റ്റേറ്റ് സദ്ർ സാഹിബ ലജ്നാ ഇമായില്ലായുടേയും സ്റ്റേറ്റ് നാസിറാത്ത് സെക്രട്ടറി നാസിറാത്തുൽ അഹ്മദിയ്യായുടേയും സത്യവാചകം സദസ്യർക്ക് ചൊല്ലിക്കൊടുത്തു. അഖിലേന്ത്യാ സദ്ർ ബുശ്റ പാശാ സാഹിബ സമ്മേളനം ഉദ്ഘാടനം ചെയ്തു. മൗലവി മുഹമ്മദ് ഉമർ സാഹിബ് (ചീഫ് മിഷനറി കേരള), എ.പി. കുഞ്ഞാമു സാഹിബ് (കോഴിക്കോട് മേഖലാ അമീർ) എന്നിവർ ആശംസാ പ്രസംഗങ്ങൾ നിർവ്വഹിച്ചു. കോഴിക്കോട് ജമാഅത്തിലെ സഹോദരിമാർ സ്വാഗതഗാനം പാടി ആതിഥേയർക്ക് സ്വാഗതമരുളി.

റസിയ ഹാരിസ് (ആലപ്പുഴ), നസീമ (അലനല്ലൂർ), ആയിശ (കോഴിക്കോട്) എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകളെടുത്തു. മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്, മൗലവി ഗുലാം അഹ്മദ് ഇസ്മായിൽ സാഹിബ് എന്നിവരുടെ തർബിയ്യത്ത് ക്ലാസ്സും ഉണ്ടായിരുന്നു. ഖുർആൻ, അറബി, ഉർദു മലയാളം പദ്യങ്ങൾ, ഫിൽബദീഹ് എന്നിവയുടെ മത്സരങ്ങൾ നല്ലനിലവാരം പുലർത്തുന്നവയായിരുന്നു. അക്ഷരശ്ലോകം (ബയ്തുബാസി), ക്വിസ്സ് എന്നിവ ഏറെ ഇമ്പമുള്ളതായിരുന്നു. പ്രബന്ധം, എംബ്രോയിഡറി, പെയിന്റിംഗ് എന്നിവയുടെ മത്സരങ്ങളും വിവിധ സ്റ്റേജുകളിലായി നടത്തി. മത്സരവിജയികളുടെ പേരു വിവരം താഴെ ചേർക്കുന്നു.

ശനിയാഴ്ച വൈകുന്നേരം 4 മണി മുതൽ 7.30 വരെ ടൗൺഹാളിൽ പൊതുയോഗം സംഘടിപ്പിച്ചിരുന്നു. ഡോ. മുബാറക്കാ ബീബി സാഹിബയായിരുന്നു യോഗത്തിന് അധ്യക്ഷത വഹിച്ചതും യോഗം നിയന്ത്രിച്ചതും. എസ്.വി. സൈനുദ്ദീൻ സാഹിബ് രചിച്ച മൈത്രീഗാനം സി.വി. മുബശ്ശിറ സാഹിബ ആലപിച്ചത് സദസ്സിനെ പിടിച്ചിരുത്തി. ബുശ്റ പാശാ (പ്രസിഡന്റ് ലജ്ന ഇമായില്ലാ ഭാരത്) യോഗം ഉദ്ഘാടനം ചെയ്തു. കോഴിക്കോട് ജമാഅത്ത് പ്രസിഡന്റ് നസീറാ ജബ്ബാർ സാഹിബ സദസ്സിന് സ്വാഗതമാശംസിച്ചു. യോഗത്തിൽ സുചരിത ഹൊട്ട (ദേവഗിരി കോളേജ്, കോഴിക്കോട്), സിസ്റ്റർ ട്രീസാ പാലക്കൽ (ഹൃദയാരം കമ്മ്യൂണിറ്റികോളേജ്, കണ്ണൂർ) എന്നിവർ ആശംസകൾ നേർന്നു. ഇജ്തിമാക്കുവേണ്ടി കാലത്തിന്റെ ഇമാം അയച്ചുതന്ന സന്ദേശം സ്റ്റേറ്റ് പ്രസിഡന്റ് അമത്തുൽ ഹഫീസാ സാഹിബ വായിച്ചുകേൾപ്പിച്ചു.

സാജിദാ മുസഫർ (കോഴിക്കോട്) 'സ്ത്രീസമത്വം ഇസ്ലാമിക പരിപ്രേക്ഷ്യത്തിൽ', അനീസാ കലീം (കരുനാഗപ്പള്ളി) 'അഹ്മദിയ്യാ ജമാഅത്തും ഇതര മുസ്ലിം സംഘടനകളും', ജുവൈരിയ ഗൗഹർ (കണ്ണൂർ) 'ആവിഷ്കാരസ്വാതന്ത്ര്യം ഇസ്ലാമിൽ' എന്നീ വിഷയങ്ങളെ ആസ്പദമാക്കി വളരെ നന്നായി പ്രസംഗിച്ചു. എം. നുസ്റത്ത് സാഹിബ നന്ദി പ്രകാശിപ്പിച്ചു. പൊതുയോഗത്തിന് പോകാനും വരാനും ടൗൺഹാൾ വരെയുള്ള ദൂരം മുഴുവൻ നിയന്ത്രിച്ചത് കോഴിക്കോട് ജമാഅത്തിലെ ഖുദ്ദാം അത്ഫാൽ സഹോദരന്മാരാണ്. അവരുടെ സേവനം ശ്ലാഘനീയംതന്നെ.

മൗലവി സഫർ അഹ്മദ് സാഹിബ് ഞായറാഴ്ച തഹജ്ജുദ് നമസ്കാരത്തിനും സുബ്ഹി നമസ്കാരത്തിനും നേതൃത്വം നല്കി. അദ്ദേഹത്തിന്റെ ഒരു ക്ലാസ്സുമുണ്ടായിരുന്നു. ഉച്ചകഴിഞ്ഞ് ചേർന്ന സമാപനയോഗത്തിൽ നായിബ് സദ്ർ ബി. താഹിറാ സാഹിബ അധ്യക്ഷയായിരുന്നു. മൗലവി മുഹമ്മദ് ഉമർ സാഹിബിന്റെ ഒരു ചെറിയ ഉദ്ബോധന പ്രസംഗവും ഉണ്ടായിരുന്നു.

ജസീന പത്തപ്പിരിയം സമ്മേളനം അവലോകനം ചെയ്തു. കോഴിക്കോട് മേഖലാ സെക്രട്ടറി സിദ്ദീഖാ ബീബി സാഹിബ നന്ദിപ്രകടനം നടത്തി. അഖിലേന്ത്യാ സദ്ര്‍ ബുശ്റ പാശാ സാഹിബയും സംസ്ഥാന സദ്ര്‍ അമത്തുല്‍ ഹഫീസാ സാഹിബയും മത്സരവിജയികള്‍ക്കും ദീനീപരിക്ഷാ വിജയികള്‍ക്കും എസ്.എസ്.എല്‍.സി., സി.ബി.എസ്.സി. സ്റ്റേറ്റില്‍ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയവര്‍ക്കും സമ്മാനദാനം നടത്തി. ദുആക്കു ശേഷം നല്ലൊരു ഗാനത്തോടെ പരിപാടികള്‍ക്ക് തിരശ്ശീല വീണു. കണ്ണൂര്‍ മേഖല ഒന്നാം സ്ഥാനവും കോഴിക്കോട് മേഖല രണ്ടാംസ്ഥാനവും കരുനാഗപ്പള്ളി മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി. (*വഹീദാ സലീം, ഉത്തരമേഖലാ ലജ്ന സെക്രട്ടറി*)

# മത്സര വിജയികള്‍

## ലജ്ന ഇമായില്ലാഹ്

### ഖുര്‍ആന്‍ പാരായണം

***ഒന്നാം സമ്മാനം:*** ശറീന പത്തപ്പിരിയം.

***രണ്ടാം സമ്മാനം:*** ലിബിന്‍ മുസ്ലിഹ് കരുനാഗപ്പള്ളി, ഹിബത്തുല്‍ കരീം കണ്ണൂര്‍ ടൗണ്‍.

***മൂന്നാം സമ്മാനം:*** ത്വാഹിറാ മുബശ്ശിര്‍ കല്‍ക്കുളം, റസീല പാലക്കാട്

### ഖസീദ

***ഒന്നാം സമ്മാനം:*** മുബശ്ശിറ നൗഫല്‍ കോഴിക്കോട്

***രണ്ടാം സമ്മാനം:*** മുബശ്ശിറ സി.വി. കോഴിക്കോട്

***മൂന്നാം സമ്മാനം:*** തസ്നിം കൂടാളി, ഹിബത്തുല്‍ കരീം കണ്ണൂര്‍ടൗണ്‍

### ഉര്‍ദു പദ്യം

***ഒന്നാം സമ്മാനം:*** മുബശ്ശിറ സി.വി കോഴിക്കോട്

***രണ്ടാം സമ്മാനം:*** ശറീന പത്തപ്പിരിയം

***മൂന്നാം സമ്മാനം:*** ശഫീന സമീര്‍ കരുനാഗപ്പള്ളി

### മലയാള പദ്യം

***ഒന്നാം സമ്മാനം:*** മുബശ്ശിറ സി.വി. കോഴിക്കോട്

***രണ്ടാം സമ്മാനം:*** ശഫീന സമീര്‍ കരുനാഗപ്പള്ളി

***മൂന്നാം സമ്മാനം:*** ഹൈമ അബ്ദുല്‍വാഹിദ് പഴയങ്ങാടി, ജുവൈരിയ ചാവക്കാട്

### ഫില്‍ബദീഹ്

***ഒന്നാം സമ്മാനം:*** ശറീന പത്തപ്പിരിയം

***രണ്ടാം സമ്മാനം:*** ശംസുന്നിസ മട്ടന്നൂര്‍

***മൂന്നാം സമ്മാനം:*** സഫൂറ ശഫി കണ്ണൂര്‍സിറ്റി

### പ്രബന്ധം

***ഒന്നാം സമ്മാനം:*** ജന്നത്തുന്നിസ ചേലക്കര

***രണ്ടാം സമ്മാനം:*** ശറീന റഫീഖ് പത്തപ്പിരിയം

***മൂന്നാം സമ്മാനം:*** അമീന ഇബ്രാഹിം മാത്ര

### ക്വിസ്സ്

***ഒന്നാം സമ്മാനം:*** അമത്തുസ്സലാം, സല്‍മാനാ ബശീര്‍ പഴയങ്ങാടി(കണ്ണൂര്‍മേഖല)

***രണ്ടാം സമ്മാനം:*** റഹ്മത്ത്, ജസീന (കോഴിക്കോട് മേഖല)

***മൂന്നാം സമ്മാനം:*** റശീദ ശൗക്കത്തലി, മുംതസ് (എറണാകുളം മേഖല)

### എംബ്രോയിഡറി

***ഒന്നാം സമ്മാനം:*** മുബശ്ശിറ കോഴിക്കോട്

***രണ്ടാം സമ്മാനം***: റസിയ നാസിര്‍ കൊച്ചി

***മൂന്നാം സമ്മാനം:*** ആയിശ കോഴിക്കോട്

### അക്ഷരശ്ലോകം

***ഒന്നാം സമ്മാനം:*** ഹൈമ അബ്ദുല്‍വാഹിദ്, സനം മുസ്സഫര്‍ പഴയങ്ങാടി (കണ്ണൂര്‍മേഖല)

***രണ്ടാം സമ്മാനം:*** ആയിശബി, നീലം അഫ്റോസ് അലനല്ലൂര്‍ (പാലക്കാട് മേഖല)

***മൂന്നാം സമ്മാനം:*** അമത്തുല്‍ വര്‍ദ, റാബിയ ശൗക്കത്ത് (എറണാകുളം മേഖല)

## നാസിറാത്ത് സീനിയര്‍

### ഖുര്‍ആന്‍ പാരായണം

***ഒന്നാം സമ്മാനം:*** താഹിറാ സിദ്ദീഖാ കണ്ണൂര്‍ടൗണ്‍

***രണ്ടാം സമ്മാനം:*** സോഫിയ ഖാലിദ് ചേലക്കര

***മൂന്നാം സമ്മാനം:*** നാസ്നീന്‍ കൂടാളി

### ഖസീദ

***ഒന്നാം സമ്മാനം:*** താഹിറാ സിദ്ദീഖാ കണ്ണൂര്‍ടൗണ്‍

***രണ്ടാം സമ്മാനം:*** സമീറ ബാനു കമ്പളക്കാട്

***മൂന്നാം സമ്മാനം:*** അമത്തുന്നസീര്‍ പഴയങ്ങാടി

### ഉര്‍ദു പദ്യം

***ഒന്നാം സമ്മാനം:*** നദാ അന്‍വര്‍ കരുനാഗപ്പള്ളി

***രണ്ടാം സമ്മാനം:*** റമീസാ ബത്തേരി കൂടാളി

***മൂന്നാം സമ്മാനം:*** സമീറാ ബാനു കമ്പളക്കാട്

### മലയാള പദ്യം

***ഒന്നാം സമ്മാനം:*** താഹിറ സിദ്ദീഖാ കണ്ണൂര്‍ടൗണ്‍

***രണ്ടാം സമ്മാനം:*** ശാസിയാ സലീം കണ്ണൂര്‍സിറ്റി

ശേഷം 35-ാം പേജില്‍

# ഇസ്ലാമും സഹിഷ്ണുതയും

ഇസ്ലാം ശാന്തിയുടേയും സമാധാനത്തിന്റേയും മതമാണ്. സാർവ്വലൗകിക സാഹോദര്യവും സമത്വവും ഇസ്ലാമിക വ്യവസ്ഥിതിയുടെ പ്രകാശഗോപുരങ്ങളാണ്. 1400 വർഷങ്ങൾക്കുമുമ്പ് അജ്ഞാനത്തിന്റെ അന്ധകാരത്തിൽ വിജ്ഞാനത്തിന്റെ ദീപശിഖ ഉർത്തിപ്പിടിച്ചാണ് ഇസ്ലാം അതിന്റെ പ്രയാണം ആരംഭിച്ചത്. സർവ്വലോകനാഥനായ അല്ലാഹുവിൽ നിന്ന് നബിതിരുമേനി(സ) തിരുമേനിക്ക് ലഭിച്ച വരദാനമായ വിശുദ്ധഖുർആൻ അല്ലാഹുവിന്റെ ഗുണമായി നമുക്ക് പറഞ്ഞുതരുന്നത് അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു എന്നാണ്. ഈ ഗുണവിശേഷം ജീവിതഗാഥയായി അംഗീകരിച്ച് അതിരില്ലാത്ത സ്നേഹസാമ്രാജ്യം കെട്ടിപ്പടുക്കാനാണ് നബിതിരുമേനി(സ) ശ്രമിച്ചത്.

പക്ഷേ, നിർഭാഗ്യവശാൽ ഇസ്ലാം വാൾകൊണ്ട് പ്രചരിപ്പിക്കപ്പെട്ട മതമാണെന്ന് ആക്ഷേപിക്കാൻ കണ്ണിൽ ചോരയില്ലാത്ത ചില ചരിത്രകാരന്മാർ ശ്രമിക്കുകയുണ്ടായി. മതത്യാഗി (മുർത്തദ്) വധാർഹനാണെന്നും ജിഹാദ് മതയുദ്ധമാണെന്നും വാദിച്ച ചില തീവ്രവാദി മുസ്ലിംകളും വിവരദോഷികളായ ചില പണ്ഡിതന്മാരും ഇസ്ലാമിന്റെ രാജപാതയിൽ മുള്ളുകൾ വാരിവിതറി. മതസഹിഷ്ണുതയുടെ രത്നപതക്കം എന്ന് വിശേഷിപ്പിക്കാവുന്ന പുതിയ മനുഷ്യന്റെ പ്രതിഭയുടെ ചക്രവാളത്തിൽ പരമമായ കാരുണ്യത്തിന്റേയും ദയാവായ്പിന്റേയും നറുമലർകൊണ്ട് നക്ഷത്രപഥം തീർത്ത ഒരു മഹാപ്രസ്ഥാനത്തെ നിത്യമായി തമസ്കരിക്കാൻ ചില കുബുദ്ധികൾ ശ്രമിച്ചുവെന്നത് ചരിത്രത്തിലെ ഏറ്റവും വലിയ വേദനയാണ്.

എന്നാൽ സത്യം എന്താണ്? ലോകത്തിലെ എല്ലാ ജനവിഭാഗങ്ങളിലും ദൈവദൂതന്മാർ നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കിക്കൊണ്ട് മുഴുവൻ മതങ്ങളുടേയും വിശുദ്ധി അംഗീകരിച്ച സഹിഷ്ണുതയുടെ പ്രസ്ഥാനമാണ് ഇസ്ലാം. വിശുദ്ധഖുർആൻ പറയുന്നു. ***വലഖദ് ബഅ്സ്നാ ഫീ കുല്ലിഉമ്മത്തിൻ റസൂലൻ*** (*സൂറഃഅഹ്സാൻ-37*) നാം എല്ലാ സമുദായങ്ങളിലും ദൈവദൂതന്മാരെ നിയോഗിച്ചിരിക്കുന്നു. മതകാര്യത്തിൽ നിർബന്ധമില്ലെന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ പ്രഖ്യാപിച്ച മതമാണ് ഇസ്ലാം. ***ലാ ഇക്റാഹ ഫിദ്ദീൻ*** (*അൽബഖറ, 257*) മതത്തിൽ ഒരു നിർബന്ധവുമില്ല എന്നതാണ് ഖുർആന്റെ പാഠം. ചിന്താസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കുന്ന അദ്ധ്യാപനങ്ങൾകൊണ്ട് സുരഭിലമാണ് ഇസ്ലാമിക ജീവിതഗാഥ. ***ലകും ദീനുകും വലിയദീൻ*** നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം എന്ന് പ്രഖ്യാപിച്ചുകൊണ്ട് വിശ്വാസസ്വാതന്ത്ര്യത്തിന്റെ പ്രകാശഗോപുരം തീർത്ത മതമാണ് ഇസ്ലാം. ഏകദൈവവിശ്വാസമെന്ന മന്ത്രം ഉയർത്തിപ്പിടിച്ച് അല്ലാഹുവിന്റെ സ്ഥാനത്ത് മറ്റൊന്നിനേയും പ്രതിഷ്ഠിക്കുന്നതിനെതിരായി ഉറച്ച നിലപാട് സ്വീകരിച്ച ഇസ്ലാം. പക്ഷേ ആരാധനാസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുമ്പോൾ നല്കുന്ന സന്ദേശം വിവരമുള്ള മനുഷ്യർ ഉൾപുളകത്തോടെ മാത്രമേ ശ്രദ്ധിക്കൂ. അതിതാണ്. "***വലതസ്ബുല്ലദീന യദ്ഊന മിൻദൂനില്ലാഹി***" (*സൂറഃഅൻആം 39*) അല്ലാഹുവിനെ കൂടാതെ അവരാരാധിക്കുന്ന ദൈവങ്ങളെ നിങ്ങൾ ശകാരിക്കരുത്. ബഹുദൈവാരാധനയെ പാപമായിക്കരുതി വിലക്ക് പ്രഖ്യാപിച്ച ഒരു മതം മറ്റുള്ളവരുടെ ആരാധനാസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിച്ച് അവരുടെ ദൈവങ്ങളെ ശകാരിക്കരുത് എന്ന് പ്രഖ്യാപിച്ചപ്പോൾ ഒരായിരം റോസാപൂവിതളുകൾ മതലോകത്ത് വിരിഞ്ഞുല്ലസിക്കുന്ന നിത്യസുരഭില വസന്തം സൃഷ്ടിക്കുകയാണ് ചെയ്തത്.

സ്വത്യാഗത്തിന്റെ മുൾകിരീടം ചൂടുമ്പോഴും മറ്റുള്ളവരോട് ദയാവായ്പ് കാണിക്കുന്ന ഉദാരതയാണ് സഹിഷ്ണുത. എല്ലാം ക്ഷമിച്ച് പൊറുത്തുകൊടുക്കുക എന്നതാണ് സഹിഷ്ണുതയുടെ അർത്ഥം. ഇസ്ലാം മതപ്രവാചകനായ നബിതിരുമേനി(സ)യുടെ ജീവിതം സഹിഷ്ണുതയിൽ എഴുതപ്പെട്ടതാണ്. ഏകദൈവവിശ്വാസപ്രചരണവുമായി തിരുനബി(സ) സഖാക്കളും തായിഫിലെത്തിയപ്പോൾ തായ്ഫുകാർ നബിതിരുമേനിയേയും സഹബാക്കളേയും നായ്ക്കളെ അഴിച്ചുവിട്ടോടിച്ചു. പിന്നാലെ അവർ കൂർത്തകല്ലുകളുമായി ആ സത്യപ്രചാരകന്മാരെ പിന്തുടർന്നു. തിരുനബിയുടെ നെറ്റിത്തടത്തിൽ ചോര ധാരധാരയായി ഇറ്റിറ്റുവീണു. സഹിക്കാനാവാത്ത വേദനയോടെ തന്റെ നെറ്റിയിലെ ചോര തുടച്ചുകളയുമ്പോഴും തിരുനബി (സ) അല്ലാഹുവിനോട് പ്രാർത്ഥിച്ചു. ഓ എന്റെ നാഥാ, നീ അവർക്ക് പൊറുത്തുകൊടുക്കേണമേ. അവർ ചെയ്യുന്നതെന്താണെന്ന് അവർക്കറിയില്ല. ഇതാണ് തിരുനബി(സ)ന്റെ മാതൃക. ഹൈന്ദവസംസ്കാരത്തിന്റെ മുത്തുകൾ തേടുന്നവർ കണ്ടെത്തുന്ന ഒരു സൂക്തമുണ്ടല്ലോ. വസുധൈവകുടുംബകം ഭൂമിയാണ് കുടുംബം. ഇതുതന്നെയാണ് നബി(സ)തിരുമേനിയും പറഞ്ഞത്. ***അൽഹല ഖഹിയായയുല്ലാഹ്*** മനുഷ്യരെല്ലാം അല്ലാഹുവിന്റെ കുടുംബമാണ്. അതെ, പരസ്പരം വേർതിരിച്ച് മാറ്റാൻ കഴിയാത്ത കുടുംബബന്ധത്തിലൂടെ സഹോദരന്മാരായി തീർന്നവർക്ക് എങ്ങനെ പരസ്പരം കല്ലെറിയാനും കഴുത്തറക്കാനും സാധിക്കും? മനസ്സാക്ഷിയുടെ മുന്നിലേക്ക് ഈ ചോദ്യം വലിച്ചെറിഞ്ഞുകൊണ്ട്

# യുദ്ധവും സമാധാനവും - പ്രവാചക മാതൃക
## (ഭാഗം-4)

ഉമറിന്റെ രോഷാഗ്നി ഇതുകൊണ്ടൊന്നും അടങ്ങിയില്ല. അദ്ദേഹം അബൂബക്കറിനെ സമീപിച്ച് അതാവർത്തിച്ചു. അബൂബക്കറിനും അഗാധദുഃഖമുണ്ടായിരുന്നു. പക്ഷേ ദീർഘദൃഷ്ടിയില്ലാതെ നബി(സ) ഒന്നും ചെയ്യുകയില്ലെന്നുറപ്പുണ്ടായിരുന്ന അബൂബക്കർ(റ) ഉമറിനെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു. കരാറൊപ്പിട്ട് സുഹൈൽ ജന്തലിനെയും കൊണ്ടുപോയി. സാക്ഷികളായി അബൂബക്കർ, ഉമർ എന്നിവരും ഒപ്പിട്ടു.

മൂന്നുദിവസം അവിടെ താമസിച്ച് സന്ധിപ്രകാരം ഉംറ മാറ്റിവെച്ച് തിരിച്ചുപോകാൻ പ്രവാചകൻ(സ) തയ്യാറെടുത്തു. അത്തരം സന്ദർഭത്തിൽ ബലിമൃഗങ്ങളെ അവിടെവെച്ച് ബലി കഴിച്ച്വേണം തിരിച്ചുപോകാനെന്ന് ഖുർആൻ നിർദ്ദേശിക്കുന്നു.(*2:197*) അതനുസരിച്ച് ബലി നടത്താൻ തിരുനബി കല്പിച്ചു. ഏത് കൊടിയ ശത്രുവിന്റെ മുമ്പിലിറങ്ങാനും നബിയുടെ ഒരു സൂചന മാത്രം മതിയായിരുന്ന അനുയായികൾ അനങ്ങുന്നില്ല. മൂന്നുതവണ ഉപദേശിച്ചിട്ടും അവർക്കനങ്ങാൻ കഴിഞ്ഞില്ല. കൈയെത്തിയ വിജയം ശത്രുവിന് സമർപ്പിച്ചതിൽ അവർ തകർന്നുപോയിരുന്നു. പ്രവാചകത്വലബ്ധിക്കുശേഷം ഇന്നുവരെ തന്റെ അനുയായികൾക്കിടയിലുണ്ടായിട്ടില്ലാത്ത ഈ അനുഭവം നബിയെ വേദനിപ്പിച്ചു. കൂടെയുണ്ടായിരുന്ന ഭാര്യ ഉമ്മുസൽമയോട് അദ്ദേഹം കാര്യങ്ങൾ പറഞ്ഞു. ബുദ്ധിമതിയായ ആ മഹതി പ്രവാചകരെ സമാധാനിപ്പിച്ചു. അല്ലാഹുവിന്റെ റസൂലേ, ഇത്രയുംകാലം കൊണ്ടുനടന്ന അന്തസ്സ് തകർന്നല്ലോ എന്ന വേദന അവരെ തളർത്തിയിരിക്കയാണ്. അങ്ങ് ബലി നടത്തിയാലും അത് കാണുമ്പോൾ അവരും ചെയ്യാതെയിരിക്കുകയില്ല. അവിടന്ന് പുറത്തിറങ്ങി ബലിമൃഗത്തെ അറുത്തു. അത് കണ്ട അനുചരന്മാർ എഴുന്നേറ്റ് അവരുടേതും അറുത്തു. നബി ഉംറയുടെ നിയ്യത്തിൽ നിന്നും വിരമിക്കുവാൻ മുടിയെടുത്തു. സഹചരരുമെടുത്തു. എല്ലാവരും മദീനയിലേക്കു മടങ്ങി.

യാത്രാമദ്ധ്യേ അല്ലാഹുവിങ്കൽനിന്നും നബി(സ) യ്ക്ക് സന്ധിയെ സംബന്ധിച്ച് അനുമോദനവാർത്ത ലഭിച്ചു. അദ്ധ്യായം 48-ലെ വചനങ്ങൾ ഇറങ്ങിയപ്പോൾ റസൂൽ(സ) ഉമറിനെ വിളിച്ച് അത് കേൾപ്പിച്ചു. ഉമർ അമ്പരപ്പോടെ ചോദിച്ചു ഈ സന്ധി ഒരു വിജയമാണെന്നാണോ അല്ലാഹു അറിയിക്കുന്നത്. വിജയമാഘോഷിച്ചുകൊണ്ടവർ മദീനയിൽ തിരിച്ചെത്തിയെങ്കിലും പ്രവാചകനെ എതിർത്തുനിന്നവർ വല്ലാതെ ഖേദിച്ചു. ബാഹ്യമായി മക്കക്കാർക്ക് ഗുണകരമായി തോന്നിയ സന്ധിയുടെ ഫലമായി മുസ്ലിംകൾ അറേബ്യയിൽ സ്വതന്ത്രരായി സഞ്ചരിക്കുകയും ഇസ്ലാം പ്രചരിപ്പിക്കുകയും ചെയ്തു. അറേബ്യൻഗോത്രങ്ങൾ ഖുറൈശികളെ കൂടാതെ സ്വതന്ത്രമായി ചിന്തിച്ച് കൂട്ടമായി ഇസ്ലാംമതമാശ്ലേഷിച്ചു. ഹിജ്റ 6-ന് ഉംറയ്ക്കു പോയത് 1400 പേരുടെ സംഘമായിരുന്നെങ്കിൽ ഹിജ്റ 9-ാം വർഷം മക്കാവിജയത്തിന് 10,000 പേരാണ് അണിനിരന്നത്. നിവേദക സംഘങ്ങൾ സ്വതന്ത്രമായി സഞ്ചരിച്ച് പ്രവാചകരെ സന്ദർശിച്ച് സംഭാഷണങ്ങൾ നടത്തിപോന്നു. 10 വർഷത്തെ യുദ്ധവിരാമം പ്രഖ്യാപിച്ചതിനാൽ മക്കക്കാർക്ക് വ്യാപാരം സ്വതന്ത്രമായി നടത്തുവാനും കഴിഞ്ഞു.

സന്ധിപ്രകാരം മക്കയിൽനിന്നൊരാൾ ഇസ്ലാം മതം സ്വീകരിച്ച് മദീനയിലെത്തിയാൽ തിരിച്ചയക്കണമല്ലോ. അബൂബസീർ എന്നൊരാൾ ഇങ്ങനെ ഓടിപ്പോയി കത്തുമായി മക്കത്തുനിന്നും രണ്ടു ദൂതരുമായെത്തി. നബി(സ) അബൂബസീറിനെ വിളിച്ച് സന്ധികാര്യം പറഞ്ഞു. നമ്മുടെ മതത്തിൽ വഞ്ചന പാടില്ലെന്നും ക്ഷമിക്കുന്നവരെ അല്ലാഹു സഹായിക്കുമെന്നുമുണർത്തി. അബൂബസീർ ചോദിച്ചു. ദൈവദൂതരേ എനിക്കിഷ്ടമുള്ള മതം സ്വീകരിച്ചതിന് എന്നെ കഠിനമായി മർദ്ദിക്കുന്നവരുടെ അടുത്തേക്ക് എന്നെ തിരിച്ചയക്കുകയാണോ? നബി ആദ്യം പറഞ്ഞത് ആവർത്തിക്കുകയും അയാളെ രണ്ടുപേരോടുമൊപ്പം തിരിച്ചയക്കുകയും ചെയ്തു. മക്കയിൽനിന്നു വന്നവരിൽ ഒരാൾ അടിമയായിരുന്നു. അപരന്റെ കയ്യിൽ മനോഹരമായ ഒരു വാളുണ്ടായിരുന്നു. വഴിയിൽ തണലിലിരുന്ന് മൂന്നുപേരും ഈന്തപ്പഴം കഴിക്കുകയായിരുന്നു. അബൂ

---

ലോകത്തിന്റെ സാംസ്കാരിക കലവറയിൽ സ്വാതന്ത്ര്യവും സമത്വവും സമഭാവനയും നിറക്കുകയാണ് ഇതിലൂടെ തിരുനബി (സ.അ) ചെയ്തത്.

കൊടിയ അപരാധങ്ങൾപോലും ക്ഷമിച്ച് കൊടുക്കാനുള്ള കഴിവാണ് സഹിഷ്ണുത. മക്കാവിജയത്തിന്റെ സമയത്ത് ദീർഘകാലം തന്നെയും തന്റെ സഹചരരേയും വേട്ടയാടുകയും കൊടിയമർദ്ദനങ്ങൾ കൊണ്ട് വീർപ്പുമുട്ടിക്കുകയും ചെയ്ത ശത്രുക്കൾക്ക് തിരുനബി(സ) പൊറുത്തുകൊടുക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു. അല്ലാഹുവാണ ഇന്നേദിവസം നിങ്ങളുടെമേൽ യാതൊരു ശിക്ഷയും യാതൊരു കുറ്റാരോപണവുമില്ല. അങ്ങനെ മാപ്പ് നല്കിയവരുടെ കൂട്ടത്തിൽ നബിതിരുമേനിയുടെ പിതൃവ്യനും ഇസ്ലാമിക ലോകത്തിലെ വീരകേസരിയുമായ ഹസ്റത്ത് ഹംസ(റ)ന്റെ കരൾ ചവച്ചരച്ച ഹിന്ദ്മുണ്ടായിരുന്നു. നബി തിരുമേനി(സ)ന്റെ പ്രിയപുത്രി സൈനബയുടെ ദാരുണമരണത്തിന്നുത്തരവാദിയായ ഹബ്ബാറുണ്ടായിരുന്നു. തിരുനബി(സ.അ)യെ ചീത്തവാക്കുകൾ കൊണ്ട് അഭിഷേകം ചെയ്യാറുള്ള അബൂജഹലിന്റെ

ശേഷം 27-ൽ

ബസീർ ചോദിച്ചു. എവിടെനിന്നും കിട്ടി ഈ മനോഹര വാൾ നോക്കട്ടെ.. അയാൾ വാളെടുത്ത് ബസീറിനു കൊടുത്തു. വളരെ അന്തസ്സുണ്ട്. അബൂബസീർ ഒരൊറ്റ വീശ് മറ്റേയാൾ രണ്ട് കഷണമായി വീണു. അടിമ ജീവനുംകൊണ്ടോടി പ്രവാചകസമക്ഷത്തിലെത്തി. അപ്പോഴേക്കും അബൂബസീറുമെത്തി. അദ്ദേഹം പറഞ്ഞു ദൈവദൂതരെ എന്നെ തിരിച്ചേല്പിക്കുക വഴി അവിടുത്തെ ബാധ്യത അങ്ങ് നിറവേറ്റീട്ടുണ്ട്. ഞാനെന്റെ മതം വെച്ചുപുലർത്താൻവേണ്ടി അവരുടെ കയ്യിൽ നിന്നും രക്ഷ നേടിയിട്ടുണ്ടെങ്കിൽ അക്കാര്യത്തിൽ അവിടുത്തേക്ക് ഒരു ബാധ്യതയുമില്ല. നബി ആണെന്നോ അല്ലെന്നോ ഉത്തരം പറഞ്ഞില്ല. അർത്ഥഗർഭമായി മൂളിക്കൊണ്ട് പറഞ്ഞു. ചില കൂട്ടുകാരെ കൂടി കിട്ടുകയാണെങ്കിൽ ഇവർ യുദ്ധം ആളിക്കത്തിച്ചുകളയും.

തിരുനബി(സ) വീണ്ടും മക്കയിലേക്കു തിരിച്ചയച്ചാലോ എന്ന് ഭയന്ന അബൂബസീർ പതുക്കെ അവിടെനിന്നുമിറങ്ങി സമുദ്രതീരത്തുള്ള ഐസ് എന്ന സ്ഥലത്തേക്കു ചെന്ന് താമസമുറപ്പിച്ചു. ഇതറിഞ്ഞപ്പോൾ മക്കയിൽ യാതന അനുഭവിച്ചുകൊണ്ടിരുന്ന കുറേ മുസ്ലിംകൾ ഇതൊരു രക്ഷാകേന്ദ്രമായ്ക്കരുതി ഒളിച്ചോടിപ്പോയി. കുറച്ചുകഴിഞ്ഞപ്പോൾ അത്തരം 700 പേർ അവിടെ എത്തിച്ചേർന്നു. അവർ മക്കക്കാരുടെ വ്യാപാരസംഘങ്ങളെ ആക്രമിക്കുവാനും തുടങ്ങി. മക്കക്കാരുടെ സിറിയൻ വ്യാപാരയാത്ര ആ വഴിക്കായിരുന്നു. തങ്ങളുടെ ദീർഘദൃഷ്ടിയുടേയും ഭരണതന്ത്രത്തിന്റേയും മുമ്പിൽ മുഹമ്മദ് വെറും പൂജ്യമെന്ന ഹങ്കരിച്ചാഹ്ലാദിച്ചിരുന്ന മക്കക്കാർ കണ്ണുതുറന്നു. അവർ അടിയന്തിരയോഗം വിളിച്ചുകൂട്ടി. ആർക്കും ഒരു പോംവഴിയും പറയാനില്ല. മദീനാഗവർമ്മെന്റിന്റെ അധികാരാതിർത്തിക്കപ്പുറത്താണ് 'ഐസ്'. അതിനാൽ അവരുടെ ചെയ്തികൾ മദീനാഗവർമ്മെന്റിന് ബാധകമല്ല. മക്കയിൽനിന്നും വല്ലവരും ഇസ്ലാമായി മദീനയിലേക്കോടിച്ചെന്നാൽ തിരിച്ചയക്കണമെന്നാണ് സന്ധിവാചകം- അബൂബസീറിനെ തിരുനബി തിരിച്ചയക്കുക മാത്രമല്ല പിടിച്ചേല്പിക്കുക കൂടിച്ചെയ്തിട്ടുണ്ട്. അവരുടെ ജീവനാഡിയാണ് വ്യാപാരം. അത് നിന്നുപോയാൽപിന്നെ അവരില്ല. അഹങ്കാരവും ദുരഭിമാനവുമെല്ലാം താഴെയിട്ട് അവർ പ്രവാചകനൊരു കത്തെഴുതി. "എന്റെ ഗൂഢതന്ത്രം സുശക്തമത്രെ" എന്ന ഖുർആനികവചനം പുലരുകയാണ്. മുഹമ്മദ്നബി(സ) മാനുഷികനിലവാരത്തിന്റെ ഏറ്റവും ഔന്നത്യത്തിലാണ് സ്ഥിതി ചെയ്യുന്നതെന്ന്(*53:8*) ഖുർആനിക പ്രസ്താവന തെളിയുകയാണ്. ഒരു സന്ധി വമ്പിച്ച വിജയമെന്ന് ഒരു മനുഷ്യനും പരാജയമെന്ന് ഭൂരിഭാഗവും കരുതിയ ധാരണയുടെ യാഥാർത്ഥ്യം വെളിപ്പെടുകയായി.

ഖുറൈശികളുടെ വിനയം നിറഞ്ഞ കത്തിപ്രകാരമായിരുന്നു. "അല്ലാഹുവിനേയും നമ്മുടെ കുടുംബബന്ധങ്ങളേയുമോർത്ത് സന്ധിയിലെ ആ നിബന്ധന ദുർബലപ്പെടുത്തിത്തരണം." കത്ത് കിട്ടിയപ്പോൾ മദീനയിലെ ആഹ്ലാദപ്രകടനം പറഞ്ഞറിയിക്കാൻ വയ്യ. ഒരല്പനേരമെങ്കിലും പ്രവാചകനോട് നീരസം തോന്നിയതിൽ ഉമർ(റ) അങ്ങേയറ്റം ലജ്ജിതനായി. തങ്ങളുടെ പ്രിയപ്പെട്ട പ്രവാചകനു മുമ്പിൽ മുസ്ലിംകൾ നമ്രശിരസ്കരായി. അവർ അല്ലാഹുവിന് സ്തുതി മുഴക്കി. ഖുറൈശികളുടെ കത്ത് സ്വീകരിച്ചുകൊണ്ട് പ്രവാചകൻ അബൂബസീറിനെയും സംഘത്തേയും മദീനയിലേക്ക് വിളിപ്പിച്ചു. മക്കക്കാരുടെ പ്രതിസന്ധി നീക്കി ഐസ് മുസ്ലിംകൾ മദീനയിലെ സ്വതന്ത്രവായു ശ്വസിച്ച് പ്രവാചക സാമീപ്യത്തിൽ ജീവിച്ചു. ഇതേ സമയം സ്ത്രീകൾ പലായനം ചെയ്തു വന്നപ്പോൾ അവരെക്കുറിച്ച് സന്ധിവാചകം പ്രത്യേകപ്പെടുത്തിയില്ലാത്തതിനാൽ അവർക്കത് ബാധകമല്ലെന്ന് അറിയിച്ച് റസൂൽ(സ) അഭയം നൽകിയിരുന്നു ഈ കാലത്ത് അംറിബ്നു ആസും ഖാലിദ്ബ്നു വലീദും ഇസ്ലാമായി. ഖുറൈശികളുടെ സന്ധിയുടെ ഫലമായിവന്ന സമാധാനാന്തരീക്ഷത്തിൽ പ്രവാചകർക്ക് കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യം ലഭിച്ചു. അദ്ദേഹം രാജാക്കന്മാരേയും ചക്രവർത്തിമാരേയും ഇസ്ലാമിലേക്ക് ക്ഷണിച്ച് കത്തയച്ചുതുടങ്ങി.

ഇതിനിടെ മദീനയിൽനിന്നും പുറത്താക്കി ഖൈബറിലെത്തിയ ജൂതഗോത്രങ്ങൾ ചേർന്ന് മദീനയ്ക്കു ചുറ്റുമുള്ളവരെ ഇസ്ലാമിനെതിരെ ഇളക്കിവിടാൻ തുടങ്ങി. മദീനയിലുള്ള കപടവിശ്വാസികളേയും കൂട്ടുപിടിച്ച് ഖൈബറിലെ ജൂതർ ധാരാളം പണമൊഴുക്കി മുസ്ലിംകളുടെ നാശത്തിനായി പ്രവൃത്തിച്ചുതുടങ്ങി. ഗത്ഫാൻ ഗോത്രക്കാർ അവരുമായി കൂട്ടുചേർന്നു. അവർ മേച്ചിൽസ്ഥലത്ത് കടന്ന് തിരുമേനിയുടെ ഒട്ടകങ്ങളെ പിടിച്ചുകൊണ്ടുപോയി. മുസ്ലിംകൾ വിവരം ലഭിച്ചപ്പോൾ സലമത്തുബ്നു അക്വഅ് കുറച്ചാളുകളേയും കൊണ്ടുപോയി ഒട്ടകത്തെ തിരിച്ചുപിടിച്ചുകൊണ്ടുവന്നു. അവരെ അങ്ങനെ വിടരുത് കൂടുതൽ സൈന്യത്തെ അയച്ചുകൊടുക്കാൻ ആവശ്യപ്പെട്ടപ്പോൾ വേണ്ട വിട്ടേക്കുക നമ്മുടെ ഒട്ടകത്തെ തിരിച്ചു കിട്ടിയല്ലോ എന്ന് പ്രവാചകൻ സമാധാനിപ്പിച്ചു. എന്നാൽ ഗത്ഫാൻകാർ ജൂതരുമായിചേർന്ന് പടയൊരുക്കം തുടങ്ങിയിരുന്നു. സൂചന കിട്ടിയ നബി(സ) 1600 പേരേയുംകൊണ്ട് ഖൈബറിലേക്ക് നീങ്ങി. ഗത്ഫാൻകാർ ജൂതരെ സഹായിക്കുവാൻ ഖൈബറിലേക്ക് നീങ്ങിയിരുന്നു. ഗത്ഫാനും ഖൈബറിനുമിടയിലുള്ള റജീഅ് എന്ന സ്ഥലത്ത് നബി(സ) ഭാരിച്ച ചരക്കുകൾ, യുദ്ധത്തിൽ പങ്കെടുക്കുവാൻവന്ന വനിതകൾ, ടെന്റ്, ഒരു ചെറുസൈന്യസംഘം ഇവ വിട്ട് ബാക്കി പേരേയും കൊണ്ട് മുന്നോട്ടുനീങ്ങി. റസൂൽ (സ)യുടെ മികച്ച തന്ത്രമായിരുന്നു അത്. തങ്ങളുടെ ഗ്രാമത്തിനരികിൽ ശത്രുസൈന്യം താവളമടിച്ചതിനെ ഗത്ഫാൻകാർ സ്വന്തം കേന്ദ്രം സുരക്ഷിതമാക്കാൻ തിരിച്ചുവന്നു. നബി(സ) യും സംഘവും ഖൈബർ ഉപരോധിച്ചു. ഖൈബറിൽ 6 വൻകോട്ടകളും ഇരുപതിനായിരം സുസജ്ജരായ പട്ടാളവുമുണ്ടായിരുന്നു. യുദ്ധം ഒഴിവാക്കാൻ തിരുനബി(സ) കുറേ ശ്രമം നടത്തി. പക്ഷേ ജൂതർ യുദ്ധത്തിന് തയ്യാറായിരുന്നു. കാരണം മുസ്ലിംകളെ അപേക്ഷിച്ച് അവരെത്രയോ ശക്തർ. എന്നാൽ ആരുമില്ലാത്തവർക്ക് നാഥനായ അല്ലാഹു അവർക്ക് തുണയായുണ്ടായിരുന്നു. മുസ്ലിംകൾ ശക്തമായി പോരാടി ഓരോ കോട്ടയും കീഴടക്കി. ഒടുവിൽ ഏറ്റവും സുശക്തമായ കോട്ട കമ്മൂസ് മാത്രം ബാക്കിയായി. പ്രസിദ്ധ യുദ്ധവീരൻ മർഹബ് ആയിരുന്നു

അധിപൻ. ഇരുപതുദിവസം ശ്രമിച്ചിട്ടും ആ കോട്ട കീഴടക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം വൈകുന്നേരം റസൂൽ(സ) അരുളി ഞാൻ നാളെ ഈ കൊടി ഒരാളെ ഏല്പിക്കും. ദൈവാനുഗ്രഹത്താൽ ആ ആൾ കോട്ട കീഴടക്കും. യുദ്ധവീരന്മാർക്കാർക്കും കിടന്നിട്ട് ഉറക്കം വന്നില്ല. നാളെ ആരുടെ തലയിലായിരിക്കും നബി(സ) ആ തൊപ്പി അണിയിക്കുക. നേരംപുലർന്നു. അലിയെവിടെ എന്ന ചോദ്യം കേട്ട് എല്ലാവരും അമ്പരന്നു. കാരണം അലിക്ക് കണ്ണ്രോഗമായിരുന്നു. തിരുമേനി അലിയെ തലോടുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് കൊടി അലിയെ ഏല്പിച്ചു. അലി ധീരമായി പോരാടി. മർഹബ് കൊല്ലപ്പെട്ടു. കോട്ട കീഴടക്കി. ആകെ 93 ജൂതരും 15 മുസ്ലിംകളും മരണപ്പെടുകയുണ്ടായി.

ഖൈബർ കീഴടങ്ങിയപ്പോൾ സന്ധിവ്യവസ്ഥയിൽ തങ്ങൾക്ക് തങ്ങളുടെ ഭൂമി ഏല്പിച്ചുകിട്ടിയാൽ കൊള്ളാമെന്ന് ജൂതർ നബി(സ)യോടപേക്ഷിച്ചു. തിരുമേനി അതംഗീകരിച്ചു. പിൽക്കാലങ്ങളിൽ വിളവെടുപ്പ് സമയമായാൽ അബ്ദുല്ലാഹിബ്നു റുവാഹത്തിനെ തിരുമേനി അങ്ങോട്ടയക്കും അദ്ദേഹം ഉല്പന്നം രണ്ടായി പങ്കിടും. ഇഷ്ടമുള്ള ഭാഗമെടുക്കാൻ അദ്ദേഹം ജൂതരോട് പറയും. ആദ്യതവണ ഇങ്ങനെ ചെയ്തപ്പോൾ ജൂതർ അമ്പരന്നുപോയി. അവർ പറഞ്ഞു ഈ നീതിയിന്മേലാണ് ആകാശഭൂമികൾ നിലനില്ക്കുന്നത്. ഖൈബർ വളരെ ഫലഭൂയിഷ്ഠമായിരുന്നു. തങ്ങളുടെ വിഹിതത്തിൽ പകുതി ഖൈബറിൽ പങ്കെടുത്ത പടയാളികൾക്കും ബാക്കി ഭരണകൂടത്തിന്റെ പൊതു ആവശ്യങ്ങൾക്കുമായി പ്രവാചകൻ മാറ്റിവെച്ചു. കാര്യങ്ങൾ ഇങ്ങനെയാണെങ്കിലും മുസ്ലിംകളോടുള്ള പക ജൂതർ മനസ്സിൽതന്നെ സൂക്ഷിച്ചു. വിജയാനന്തരം തിരുനബി കുറച്ചുനാൾ ഖൈബറിൽ തങ്ങിയിരുന്നു. ജൂതതലവന്റെ ഭാര്യ നബിയേയും കൂട്ടുകരേയും സൽകരിച്ചു. അതിലവർ വിഷം കലർത്തിയിരുന്നു. പ്രവാചകന് കാര്യം മനസ്സിലായി. കുറച്ച് ഭക്ഷണം അകത്തുചെന്ന ബശ്റുബ്ന ബറാഅ് എന്ന സഹാബി മരണപ്പെട്ടുപോയി. പിന്നീടൊരിക്കൽ ഒരു സഹാബിയെ അവർ പതിയിരുന്ന് കൊന്നുകളഞ്ഞു. ഇതേ തുടർന്ന് മദീനയ്ക്കു ചുറ്റുമുള്ള മറ്റ് ജൂതകേന്ദ്രങ്ങളും നബിക്ക് കീഴടങ്ങുകയോ സന്ധി ചെയ്യുകയോ ചെയ്തു. സമാധാനാന്തരീക്ഷം കൈവന്നപ്പോൾ പ്രവാചകൻ മുസ്ലിംകളുടെ ജീവിതരീതികൾ ചിട്ടപ്പെടുത്താൻ ശ്രമമാരംഭിച്ചു. ചൂതുകളി, മദ്യപാനം ഇവ നിരോധിക്കുകയും പലിശ നിഷിദ്ധമാക്കുകയും സക്കാത്ത് വ്യവസ്ഥ നടപ്പിൽ വരുത്തുകയും ചെയ്തു.

അടുത്തവർഷം തിരുനബിയും സംഘവും ഉംറ ചെയ്തു 3 ദിവസം മക്കയിൽതങ്ങി തിരിച്ചുപോന്നു. ആ കാഴ്ച കാണാൻ കരുത്തില്ലാതെ ഖുറൈശികൾ മൂന്നുദിവസം മലകളിലേക്ക് പിൻവാങ്ങി താമസിച്ചു. രാജാക്കന്മാർക്ക് സന്ദേശമയച്ച കൂട്ടത്തിൽ സിറിയൻ അതിർത്തിയിലെ ഗസ്സാൻരാജാവിനും സന്ദേശം ലഭിച്ചു. ക്രൂരനായ അയാൾ ദൂതനെ വധിച്ചുകളഞ്ഞു. രാജ്യനീതിക്കെതിരായ നടപടിയിൽ പ്രതിഷേധിച്ച് നബി(സ) മൂവായിരം പേരടങ്ങിയ പടയെ അയച്ചു. സൈദുബ്നു ഹാരിസ് ആയിരുന്നു നേതാവ്. അറബികളുടെ ഇടയിലുള്ള ഉച്ചനീചത്വങ്ങൾ ഇല്ലായ്മ ചെയ്യാൻ റസൂൽ (സ) എപ്പോഴും ശ്രദ്ധപാലിച്ചിരുന്നു. അടിമയായിരുന്ന സൈദിനുശേഷം ജാഫറിബ്നു അബൂതാലിബും പിന്നെ അബ്ദുല്ലാഹിബ്നു റുവാഹയും നേതൃത്വം വഹിക്കുവാൻ തിരുനബി(സ) കല്പിച്ചു. റോമൻ സഹായത്തോടെ ഗസ്സാൻ രാജാവ് ഒരു ലക്ഷംവരുന്ന സൈന്യത്തെ അയച്ചു. സൈദും പിന്നെ ജാഫറും പിന്നെ റുവാഹയും കൊല്ലപ്പെട്ടു. ഒടുവിൽ ഖാലിദിബ്നുവലീദ് സ്വയം നേതൃത്വമേറ്റെടുത്തു പടനയിച്ചു. ധീരവീരനായ അദ്ദേഹം മുസ്ലിംസേനയെ വിജയത്തിലെത്തിച്ചു. ഇത് മുഅ്ത്ത യുദ്ധമെന്നറിയപ്പെട്ടു.

തങ്ങളുടെ സഖ്യത്തിൽപെട്ട ഗോത്രങ്ങൾ തമ്മിലുള്ള വഴക്കിൽ ഇടപെട്ട ഖുറൈശികൾ ഹുദൈബിയ സന്ധി ദുർബലപ്പെടുത്തിയതായി പ്രഖ്യാപിച്ചു. നബി (സ) തന്റെ പതിനായിരം അനുയായികളോടൊപ്പം മക്കയിലേക്ക് മാർച്ച്ചെയ്തു. മക്ക യാതൊരു എതിർപ്പുമില്ലാതെ കീഴടങ്ങി.

മക്ക കീഴടങ്ങിയപ്പോൾ വേറെ ചില ഗോത്രക്കാർ തായിഫിലും മറ്റും ഖുറൈശികളെ പരിഹസിക്കുകയും മുസ്ലിംകളെ വെല്ലുവിളിക്കുകയും ചെയ്തു. നബി (സ) മക്കയിൽനിന്നുമുള്ള രണ്ടായിരം പുതുവിശ്വാസികളെ ചേർത്ത് 12000 പേരുമായി ഹുനൈൻ എന്ന സ്ഥലത്ത്വെച്ച് അവരെ കീഴടക്കി.

റോമൻ ഗവർമ്മെന്റ് ഇസ്ലാമിന്റെ വളർച്ച അസൂയയോടെ നോക്കി കാണുകയായിരുന്നു. അവർ തങ്ങളുടെ കീഴിലുള്ള ഗസ്സാൻ രാജാവിന് നാലായിരം ഭടന്മാരെ അയച്ചുകൊടുത്തു മുസ്ലിംകൾക്കെതിരെ ഇളക്കിവിട്ടു. കഠിനചൂടും ഭയങ്കര ക്ഷാമവുമുള്ള വർഷമായിരുന്നു അത്. ഇസ്ലാമിനോടെതിർത്തു നില്ക്കാൻ പറ്റാതെ മുസ്ലിംകൾ ചമഞ്ഞ് കൂട്ടത്തിൽകൂടിയ കപടവിശ്വാസികളും ജൂതരും എപ്പോഴും ഫിത്നകൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. തിരുമേനിയുടെ പള്ളിയിൽ ദൂരെയുള്ളവർക്കും ദുർബലർക്കും നമസ്ക്കാരത്തിനെത്താൻ ബുദ്ധിമുട്ടാണെന്ന് പറഞ്ഞ് അവരൊരു പള്ളി പണിതു. പള്ളി ഉദ്ഘാടനം ചെയ്യാനവർ നബി(സ)യെ ക്ഷണിച്ചു. തബൂക്ക്യുദ്ധം കഴിയട്ടെ എന്ന് നബി മറുപടി നൽകി. 30,000 പടയാളികൾ അതിൽ പതിനായിരം കുതിരപ്പടയാളികൾ ഇവരായിരുന്നു നബിയുടെ സേനയിൽ. അവർ തബൂക്കിലെത്തി. എന്നാൽ ശത്രു സൈന്യം ഭയന്ന് പിന്മാറി. ഇരുപത് ദിവസം അവിടെ തങ്ങി. മുസ്ലിംകൾ വിജയാഘോഷത്തോടെ തിരിച്ചുവന്നു. യാത്രയിൽ കപടവിശ്വാസികളെയും അവർ നിർമ്മിച്ച പള്ളിയെന്ന ഫിത്നാകേന്ദ്രത്തെക്കുറിച്ചും ദൈവികമുന്നറിയിപ്പ് കിട്ടി.(*9:108*) തുടർന്ന് പള്ളി കത്തിച്ചുകളയാൻ തിരുനബി(സ) കല്പിച്ചു. തുടർന്ന് നാനാദേശത്തുനിന്നുമുള്ള അറബ്ഗോത്രങ്ങൾ ഇസ്ലാംമതം സ്വീകരിച്ചു. അറേബ്യയുടേയും മറ്റു സമീപരാഷ്ട്രങ്ങളിലേയും നിവേദക സംഘങ്ങൾ നബി(സ)യെ കണ്ട് ചർച്ച നടത്തുകയും വിശ്വാസം സ്വീകരിക്കുകയോ രാഷ്ട്രീയസന്ധിയിലേർപ്പെടുകയോ ചെയ്തു.

ഇസ്ലാമിന്റെ മഹത്തായ ആദർശത്തിന്റേയും നീതിയുടേയും പര്യായമായ മദീനാഭരണം പരിശോഭിച്ചു.

(അവസാനിച്ചു)

***നസീമ ജലീൽ***

# അഹ്മദിയ്യത്ത് ലോകത്തിന് എന്ത് നൽകി?

**മൗലാനാ അത്താഉൽ മുജീബ് റാശിദ് ഇമാം മസ്ജിദ് ഫള്ൽ, ലണ്ടൻ**

**(ഭാഗം–3)**

### ധനത്യാഗങ്ങൾ

ദീനിന്റെ ആവശ്യത്തിനുവേണ്ടി തങ്ങളുടെ ധനത്തെ ദൈവമാർഗ്ഗത്തിൽ ചിലവഴിക്കുക എന്നത് സത്യവിശ്വാസികളുടെ ഈമാന്റെ സവിശേഷമായൊരു അടയാളമാണ്. അധ്വാനിച്ചുണ്ടാക്കുന്ന വരുമാനത്തിൽനിന്ന് ചിലവഴിക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. അല്ലാഹു മനസ്സിന് സന്തോഷവും വിശാലതയും നൽകാത്തിടത്തോളംകാലം ഈ മൈതാനത്ത് ചുവടുവെക്കുക എന്നത് പ്രയാസമുള്ള കാര്യമാണ്. ഇക്കാരണത്താൽ ഇതര മുസ്‌ലിം സംഘടനയിലൊന്നുംതന്നെ അഹ്മദിയ്യാ ജമാഅത്തിലുള്ളതുപോലെ വ്യവസ്ഥാപിതവും, സുസ്ഥിരവും, നിരന്തരം ധനത്യാഗം ചെയ്യുന്നതിനുള്ള സംവിധാനം കാണാൻ സാധ്യമല്ല. പരിപൂർണ്ണ സന്തോഷത്തോടും തൃപ്തിയോടുംകൂടി ഹൃദയം തുറന്ന് ധനത്യാഗം ചെയ്യാനുള്ള വിശാലമനസ്കത അഹ്മദികൾക്ക് അല്ലാഹു പ്രദാനം ചെയ്തിരിക്കുന്നു. ഇത് അഹ്മദിയ്യാ ജമാഅത്തിന് അല്ലാഹു നല്കിയ മഹത്തായ അനുഗ്രഹമാണ്. വിശ്വാസദാർഢ്യത്തോടെ പരസ്പരം മത്സരിച്ച് ചെയ്യുന്ന അത്ഭുതാവഹമായ അവരുടെ ധനത്യാഗങ്ങളുടെ മാതൃകയെ ഒരു നിർമ്മിതവാദിക്ക് ഭാവനയിൽപോലും കാണാൻ സാധിക്കുകയില്ല. നിരീശ്വരത്വത്തിന്റെ ഈ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള ധനത്യാഗം ആഗോള അഹ്മദിയ്യാ ജമാഅത്തിൽ മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ധനത്യാഗത്തിലുള്ള ആത്മാർത്ഥതയും അനുകരണീയവുമായ മാതൃകയാണ് അഹ്മദിയ്യാ ജമാഅത്ത് ലോകത്തിന് നൽകിയത്.

അഹ്മദികൾ മുൻകാലസഹാബാക്കളുടെ മാതൃകയെ ജീവിപ്പിച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഹസ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ) തന്റെ എല്ലാ സമ്പത്തും നൽകിക്കൊണ്ട് സിദ്ദീഖിയത്തിന്റെ മാതൃകയെ ജീവിപ്പിച്ചു. ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബ്(റ) തന്റെ ധനത്യാഗത്തിൽ എത്രത്തോളം മുൻകടന്നിരുന്നുവെന്ന്വെച്ചാൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇനിമേലിൽ താങ്കൾക്ക് ധനത്യാഗം ചെയ്യേണ്ട ആവശ്യമില്ല– അത്രയധികം താങ്കൾ ഈ പ്രസ്ഥാനത്തിന് വേണ്ടി ധനത്യാഗം ചെയ്തിരിക്കുന്നു എന്ന് എഴുത്ത് സർട്ടിഫിക്കറ്റ് കൊടുക്കുകയുണ്ടായി. (*അൽഫസ്ൽ ഖാദിയാൻ, 11 ജനുവരി 1927*)

മിയാൻ ശാദീഖാൻ സാഹിബ് സിയാൽക്കോട്ടി(റ) തന്റെ വീട്ടിലെ എല്ലാ സാധനങ്ങളും വിറ്റ് കിട്ടിയ തുക മുഴുവൻ ചന്ദയായിക്കൊടുത്തു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു താങ്കൾ ഹസ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ മാതൃകയാണ് കാഴ്ചവെച്ചിരിക്കുന്നത്. ഇത് കേട്ടപ്പോൾ അദ്ദേഹം വീട്ടിലുണ്ടായിരുന്ന കട്ടിലുകളും വിറ്റ് മുഴുവൻ തുകയും ഹുസൂറിന്റെ മുമ്പാകെ സമർപ്പിച്ചു. (*മക്തൂബാതെ അഹ്മദിയ്യ, വാള്യം 15, പേജ് 142. അൽഫസ്ൽ 26, ജനുവരി 1920*)

ബാബുഫക്കീർ അലിസാഹിബിന്റെ പക്കൽ ചന്ദ പിരിക്കുന്നവരെത്തിയപ്പോൾ റൊക്കം പണം കൊടുക്കാനുണ്ടായിരുന്നില്ല. കുറച്ച് ആട്ട ഉണ്ടായിരുന്നു. അത് ചന്ദ വകയിൽ കൊടുത്തു. രാത്രിയിൽ വിശപ്പ് സഹിച്ച് ഉറങ്ങി. പേരും പ്രസിദ്ധിയും ആഗ്രഹിക്കാത്ത ധനത്യാഗികളിൽപെട്ട ഒരു അഹ്മദി ഒരുകോടി രൂപ രഹസ്യമായി ഖലീഫക്ക് കൊടുത്തുകൊണ്ട് പറഞ്ഞു. ആരോടും ഇത് സംബന്ധിച്ച് പറയരുത്. ജമാഅത്തിന്റെ ഏത് നല്ല കാര്യത്തിനുവേണ്ടിയും ഇത് ഉപയോഗിച്ചുകൊള്ളുക. ധനവാന്മാർ ലക്ഷങ്ങളും കോടികളും കൊടുക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് മാത്രമാണ്. ദരിദ്രരും ഈ രംഗത്ത് ഒരിക്കലും പിന്നിലല്ല. കുട്ടികളുടെ ആവശ്യങ്ങളെ മാറ്റിവെച്ചുകൊണ്ട് വിശപ്പ് സഹിച്ച് ചില്ലറ പൈസകൾ കൂട്ടി ചന്ദ കൊടുക്കുന്ന മാതൃകകൾ അഹ്മദിയ്യാ ചരിത്രത്തിൽ വ്യാപിച്ചുകിടക്കുന്നു.

പുരുഷന്മാർ സ്ത്രീകളെ മുൻകടക്കാൻ ശ്രമിക്കുന്നു. സ്ത്രീകൾ പുരുഷന്മാർ മുന്നിൽ കടക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുന്നു. പള്ളി നിർമ്മാണത്തിനുവേണ്ടി പുരുഷന്മാർ തങ്ങളുടെ കീശ കാലിയാക്കുമ്പോൾ സ്ത്രീകൾ തങ്ങളുടെ ആഭരണങ്ങൾ യാതൊരു മടിയുമില്ലാതെ ഉപേക്ഷിക്കുന്നു. മസ്ജിദ് ഫസ്ൽ ലണ്ടനാവട്ടെ, മസ്ജിദ് ബൈത്തുൽ ഫുത്തൂഹാകട്ടെ, മസ്ജിദ് ബൈത്തുൽ ഇസ്‌ലാമാവട്ടെ, മസ്ജിദ് ബൈത്തുർറഹ്മാനാവട്ടെ ലോകത്തിലെ ഏത് പള്ളി നിർമ്മാണത്തിന്റെ അവസരം വരുമ്പോഴും സ്ത്രീകളുടെ ഭാഗത്തുനിന്ന് ആഭരണങ്ങളുടെ പേമാരി വർഷിക്കാൻ തുടങ്ങുന്നു.

ഖാദിയാനിലെ ഒരു ദർവേശിന്റെ ധനത്യാഗത്തിന്റെ രീതി ഏതൊരാളേയും വിസ്മയിപ്പിക്കുന്നതായിരുന്നു. ശംസുദ്ദീൻ സാഹിബ് ദർവേശ് ശാരീരികമായി ദുർബലനായിരുന്നു. ഏതുസമയവും ഒരു ചെറിയ കട്ടിലിൽ കഴിഞ്ഞുകൂടുന്നയാളായിരുന്നു. 1905–ലാണ് വസിയ്യത്ത് വ്യവസ്ഥിതി നിലവിൽവന്നത്. ഇദ്ദേഹം 1919–ലാണ് ഇതിൽ അംഗമായത്. (വസിയ്യത്ത് ചെയ്തത്)

പക്ഷേ, ഈ അംഗവൈകല്യമുള്ള ദുർബലനായ മനുഷ്യന്റെ ഹൃദയം സമ്പന്നമായിരുന്നു. അദ്ദേഹം 1901 മുതലുള്ള ചന്ദ കൊടുക്കാൻ തീർച്ചപ്പെടുത്തി. പിന്നീട് ജീവിതകാലം മുഴുവനും ചന്ദ കൊടുത്തുവെന്ന് മാത്രമല്ല 1990 വരേക്കുള്ള ചന്ദ വസിയ്യത്ത് കൊടുത്തുതീർത്തു. 1950-ലാണ് അദ്ദേഹം വഫാത്തായത്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ജീവിച്ചിരുന്നുവെങ്കിൽ ഞാൻ എത്ര സൗഭാഗ്യവാനാകുമായിരുന്നുവെന്നും, 1990 വരെ ഞാൻ ജീവിക്കുകയാണെങ്കിൽ ഇസ്‌ലാമിനുവേണ്ടി സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുമായിരുന്നുവെന്നും അദ്ദേഹം തന്റെ പ്രവർത്തിയിലൂടെ കാണിക്കുകയായിരുന്നു. (വോഫൂൽ ജോ മൂർജാഗയേ 1-ാം വാല്യം, പേജ് 60)

ഖാദിയാനിലെ ആരംഭകാലത്തെ ഒരു കാര്യം. അതായത് രണ്ടാം ഖിലാഫത്ത് കാലത്ത് ഒരു ദരിദ്രയായ സ്ത്രീയുടെ ധനത്യാഗത്തിന്റെ സംഭവം എന്റെ മാതാവ് പലതവണ എന്നെ കേൾപ്പിക്കുകയുണ്ടായി. ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ധനത്യാഗത്തിനുവേണ്ടി ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. ഈ ദരിദ്രയായ സ്ത്രീ ധനവാന്മാർ ധനത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു ഞാനതിന് ഭാഗ്യമില്ലാതെ പിന്നിലായിപ്പോകുന്നുവല്ലോ എന്ന് കരുതി പ്രയാസപ്പെട്ടു. വിഷമിച്ചുകൊണ്ട് വീട്ടിലേക്ക് തിരിച്ചു. വീട്ടിലെ സാധനങ്ങൾ വിറ്റ് മുമ്പുതന്നെ ചന്ദ ഇനത്തിൽ പൈസ കൊടുത്തിട്ടുണ്ടായിരുന്നു. മുറ്റത്ത് കോഴികളെ കണ്ടു. അവയെ കൊണ്ടുപോയി ഹുസൂറിന്റെ സന്നിധിയിൽവെച്ച് കൊടുത്തു. തൃപ്തി വരാതെ വീണ്ടും വീട്ടിലേക്ക് പോയി രണ്ടുമൂന്ന് കോഴിമുട്ട കൊണ്ടുവന്നു. ത്യാഗത്തിനുള്ള ആവേശം അവരെ ഒരുഭാഗത്ത് ഇരിക്കാൻ സമ്മതിക്കുന്നുണ്ടായിരുന്നില്ല. ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പ്രസംഗ തുടർന്നുകൊണ്ടിരിക്കുകയായിരുന്നു. അവർ എഴുന്നേറ്റ് വീട്ടിൽവന്ന് ഇനി എന്തെങ്കിലും കൊണ്ടുകൊടുക്കാൻ പറ്റുന്നതുണ്ടോ എന്ന് തിരയുകയായിരുന്നു. ഭർത്താവ് ഒരു മുറിഞ്ഞകട്ടിലിൽ ഇരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു. "എന്താണ് തിരയുന്നത് വീട്ടിലിനി ഒന്നും ബാക്കിയില്ല" ആ അല്ലാഹുവിന്റെ ദാസി തന്റെ എല്ലാം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ബലി കഴിക്കാൻ പ്രതിജ്ഞയെടുത്തിരിക്കുകയായിരുന്നു. ദേഷ്യത്തോടെ പറഞ്ഞു. "മിണ്ടാതെ ഒരു ഭാഗത്തിരുന്നോ; എനിക്ക് സാധിക്കുമെങ്കിൽ ഞാൻ താങ്കളേയും വിറ്റ് ചന്ദ കൊടുക്കും."

അഹ്മദിയ്യാ ജമാഅത്തിലെ ഓരോ സ്ത്രീപുരുഷന്റേയും ത്യാഗത്തിനുള്ള ആവേശമായിരുന്നു ഇത്. ഈ ആത്മാർത്ഥമായ ത്യാഗത്തിന്റെ മാതൃകയാണ് ജമാഅത്ത് ലോകത്തിന് നൽകിയത്.

## സന്താനങ്ങളുടെ ത്യാഗം

സന്താനങ്ങളെ ദൈവമാർഗ്ഗത്തിൽ അർപ്പിക്കുക എന്നത് നിസ്സാരകാര്യമല്ല. ഇതിന്റെ മഹത്വവും യാഥാർത്ഥ്യവും ഈ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നവർക്ക് മാത്രമേ അറിയൂ. ഒരു മാതാവിനെ സംബന്ധിച്ചിടത്തോളം സ്വന്തം കരളിന്റെ കഷണമായ സന്താനത്തെ മരണക്കുഴിയിലേക്ക് ചാടാൻ വിട്ടുകൊടുക്കുക എന്നതിനേക്കാൾ ഉപരിയായ മറ്റൊരു ത്യാഗം ഭാവനയിൽ കൊണ്ടുവരാൻ സാധ്യമല്ല. അഹ്മദികളായ ഉമ്മമാർ ഈ രംഗത്ത് കാഴ്ചവെച്ച ഉത്തമമായ മാതൃകകൾ ഭൗതികലോകം അറിയപ്പെടാതെ കിടക്കുന്ന ചരിത്രസത്യങ്ങളാണ്. ചില ഉമ്മമാർ ഒന്നോ രണ്ടോ മൂന്നോ മക്കളെയല്ല നാല് ആൺമക്കളെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിക്കുകയുണ്ടായി. ചില ഉമ്മമാർ തങ്ങളുടെ ഏക ആൺകുട്ടികളെയാണ് ഈ മാർഗ്ഗത്തിൽ സമർപ്പിച്ചിരിക്കുന്നത്. സങ്കടപ്പെട്ടുകൊണ്ടല്ല, മറിച്ച്, പരിപൂർണ്ണ സംതൃപ്തിയോടും സന്തോഷത്തോടും അല്ലാഹുവിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ടുമാണ് നൽകിയിരിക്കുന്നത്. ഗുജറാൻവാലിയിലെ ഒരു ധീരവനിത തന്റെ മക്കളെ രക്തസാക്ഷികളാകുന്നതിന് സവിശേഷഭാവത്തോടുകൂടിയാണ് സമർപ്പിച്ചത്. മക്കൾ രക്തസാക്ഷികളാകുന്ന ദിവസം ഈദ്ദിവസമായിരിക്കുമെന്ന് കണക്കാക്കി കരയുകയും ദുഃഖിക്കുകയും ഒളിപ്പിക്കുകയും ചെയ്യുന്നതിനു പകരമായി തന്റെ ഓമനമക്കളെ കുളിപ്പിച്ച് വത്തിയാക്കി ഏറ്റവും നല്ല വസ്ത്രം ധരിപ്പിച്ചു. രക്തസാക്ഷികളാകുകയാണെങ്കിൽ അണിഞ്ഞൊരുങ്ങി യഥാർത്ഥ സത്യവിശ്വാസിയുടെ അന്തസ്സോടെ അല്ലാഹുവിന്റെ സവിധത്തിൽ എത്തുന്നതിനുവേണ്ടിയാണവർ ഇങ്ങനെ ചെയ്തത്.

രണ്ടാം ഖിലാഫത്ത് കാലത്ത് ഒരു സന്ദർഭത്തിൽ പ്രിയപ്പെട്ട രാജ്യം പാക്കിസ്ഥാന്റെ പ്രതിരോധത്തിന് വേണ്ടി യുവാക്കളുടെ ആവശ്യമുണ്ടായിരുന്നു. ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അഹ്മദിയുവാക്കളോട് പാക്കിസ്ഥാൻ സൈന്യത്തിൽ ചേരാൻ ആഹ്വാനം ചെയ്തു. അന്നത്തെ പരിതസ്ഥിതിയിൽ സൈന്യത്തിൽ ചേരുന്നത് സ്വയം മരണത്തിന്റെ മുഖത്തേക്ക് തള്ളിയിടുന്നതിന് തുല്യമായിരുന്നു. ഒരു സ്ഥലത്ത് ഈ ആഹ്വാനം കേൾപ്പിക്കപ്പെട്ടപ്പോൾ ചുറ്റും ഒരുതരത്തിലുള്ള മ്ലാനതയും നിശ്ശബ്ദതയും നിഴലിച്ചു. യുവാക്കളിലാരും പേരെഴുതിക്കാൻ മുന്നോട്ടു വന്നില്ല.ഒരു ഭാഗത്ത് ഒരു വിധവയായ സ്ത്രീ ഇരിപ്പുണ്ടായിരുന്നു. അവർക്ക് ഒരൊറ്റ മകനേയുണ്ടായിരുന്നുള്ളൂ. ഭാവിയിൽ മക്കളുണ്ടാകാനുള്ള പ്രതീക്ഷയുമില്ലായിരുന്നു. കാലത്തിന്റെ ഖലീഫയുടെ ആഹ്വാനം കേട്ട് അല്ലാഹുവിന്റെ ഈ ദാസി സടകുടഞ്ഞെഴുന്നേറ്റു. അല്ലാഹുവിന്റെയും റസൂലിന്റെയും പേരിൽ ബലിയർപ്പിക്കാൻ കാലത്തിന്റെ ഖലീഫയുടെ ഭാഗത്തുനിന്നുള്ള ആഹ്വാനം. ഈ നിശ്ശബ്ദത ഒരിക്കലും ശരിയല്ല. അവർ സ്വന്തം മകനോട് ഉറക്കെ വിളിച്ചുപറയുന്നു. "അല്ലയോ മകനേ കാലത്തിന്റെ ഖലീഫ അഹ്മദിയുവാക്കളെ വിളിക്കുന്നത് നീ കേൾക്കുന്നില്ലേ?"

സൗഭാഗ്യവാനായ മകൻ ഉടനെ തന്റെ പേര് എഴുതിക്കുന്നു. ഏതെങ്കിലും ഉമ്മമാർ ഇപ്രകാരം തങ്ങളുടെ മക്കളെ ദീനിനുവേണ്ടി സമർപ്പിച്ച ഉദാഹരണം കാണിച്ച് തരാൻ സാധിക്കുമോ? ഈ ബഹുമതി അഹ്മദി ഉമ്മമാർക്ക് മാത്രമുള്ളതാണ്. അവർ തങ്ങളുടെ എല്ലാം എല്ലാം ദീനിനുവേണ്ടി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിക്കാൻ സത്യസന്ധമായ പ്രതി

ജ്ഞയെടുക്കുന്നു. ഈ വിധവയായ സ്ത്രീ തന്റെ ഏകമകനെ ഇപ്രകാരം ബലിയർപ്പിച്ച സംഭവം കേട്ട പ്പോൾ ഹസ്റത്ത് മുസ്ലീഹ് മൗഊദ്(റ) ഇങ്ങനെ ദുആ ചെയ്തു.

എന്റെ രക്ഷിതാവെ ഈ വിധവയായ സ്ത്രീ തന്റെ ഏകമകനെ നിന്റെ ദീനിന്റെ സേവനത്തിനുവേണ്ടി അല്ലെങ്കിൽ മുസ്ലിംരാജ്യത്തിന്റെ സംരക്ഷണത്തിനു വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. എന്റെ രക്ഷിതാവേ, ഈ വിധവയായ സ്ത്രീയേക്കാളും കൂടുതൽ ത്യാഗം ചെയ്യേണ്ട ചുമതല എനിക്കാണുള്ളത്. ഞാനും നിന്റെ പ്രതാപത്തെ സാക്ഷിനിർത്തിക്കൊണ്ട് ദുആ ചെയ്യു ന്നു. മനുഷ്യർ ബലിയാകേണ്ട ആവശ്യമുണ്ടെങ്കിൽ ഈ സ്ത്രീയുടെ മകനല്ല എന്റെ മകനെ ബലിയാക്കേ ണമേ. (*ലജ്ന ഇമാഇല്ലാഹ് ചരിത്രം, രണ്ടാം വാള്യം, പേജ് 114*)

## ഖുർബാനികളുടെ വിശാല മൈതാനം

അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് മുഴുവനും ഒരു മഹത്തായ ആത്മീയവിപ്ലവത്തിന്റെ ആഹ്വാനമാണ് നടത്തിയിരിക്കുന്നത്. മനുഷ്യരിൽ ആത്മീയവിപ്ലവം ഉണ്ടാക്കുന്നതിന് വേണ്ടി ആഹ്വാനം ഉണ്ടാകുമ്പോ ഴൊക്കെ അതിനുവേണ്ടി ത്യാഗങ്ങളുടേയും ക്ഷമയു ടേയും സുദീർഘമായ പാതകൾ താണ്ടേണ്ടിവന്നിട്ടു ണ്ട്. നമ്മുടെ യജമാനരായ ഹസ്റത്ത് മുഹമ്മദ് മുസ്ത ഫ(സ)യും അദ്ദേഹത്തിന് ആത്മാർപ്പണം ചെയ്ത തിരുസഹാബാക്കളും ഈ പാതയിൽ ഏതൊരു ഉത്ത മമായ മാതൃകയാണോ കാഴ്ചവെച്ചത് അതേ മാതൃകയെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് അഹ്മദിയ്യാ ജമാഅത്ത് വീണ്ടും പുനർജീവിപ്പിച്ചിരിക്കുകയാണ്.

ത്യാഗത്തിന്റെ മൈതാനത്ത് ഏറ്റവും മഹത്തായ ത്യാഗം ജീവന്റെ ത്യാഗമാണ്. ജീവിതം എന്ന സമ്പത്ത് മനുഷ്യന് ഒരിക്കലേ കിട്ടുകയുള്ളൂ. ഇത് അവന്റെ ഏറ്റവും വലിയ നിധിയാണ്. ജീവൻ ബലിയർപ്പിക്കുക എന്നത് ബലിയർപ്പണത്തിന്റെ മിഅ്റാജാണ്. ഈ രംഗത്തും അഹ്മദിയ്യാ ജമാഅത്ത് മഹാന്മാരായ സഹാ ബാക്കളുടെ മാതൃകയെ പുനർജ്ജീവിപ്പിച്ചിരിക്കുകയാ ണ്. അവർ അവരുടെ പ്രവർത്തികൊണ്ട് ഇത് അവാ സനകാലത്തെ സഹാബാക്കളുടെ സദൃശജമാഅത്താ ണെന്ന് തെളിയിച്ചിരിക്കുകയാണ്.

ജീവൻ ത്യാഗം ചെയ്തവരുടെ അനുസ്മരണം വരുമ്പോൾ ഏറ്റവും ആദ്യം ഹസ്റത്ത് മിയാൻ അബ്ദുർറഹ്മാൻ സാഹിബ്(റ)ന്റെ പേരാണുള്ളത്. അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ പേരിൽ കഴുത്തിൽ തുണികൊണ്ട് വരിഞ്ഞ് മുറുക്കി നിഷ്കരു ണമായി ശഹീദാക്കപ്പെട്ടു. അതിനുശേഷം ഹസ്റത്ത് സാഹിബ്സാദാ സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബ്(റ) അസാധാരമായ സ്ഥൈര്യത്തോടെയും അഭിമാന ത്തോടെയും ശഹാദത്തിന്റെ പിയൂഷം കുടിച്ചു. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ രണ്ട് മഹാത്മാ ക്കളുടേയും ശഹാദത്തിന്റെ വിവരണം സ്വന്തം തൂലി കകൊണ്ട് രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം പഞ്ഞു.

"ഏ അബ്ദുല്ലത്തീഫ് നീ എന്റെ ജീവിതത്തിൽ തന്നെ തന്റെ സത്യസന്ധതയുടെ മാതൃക കാഴ്ചവെ ച്ചിരിക്കുന്നു. നിന്റെമേൽ അനേകായിരം കാരുണ്യ ങ്ങൾ വർഷിക്കുമാറാകട്ടെ. (*റൂഹാനി ഖസാഇൽ, വാള്യം 2. തദ്കിറത്തുശ്ശഹാദത്തൈൻ, പേജ് 60*)

ഹസ്റത്ത് സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബ് ശഹീദ്(റ) തന്റെ അത്യുന്നതജ്ഞാനവും തഖ്വയും കാരണത്താൽ കാബൂളിലെ ആത്മീയനേ താവായിരുന്നു. അനേകായിരം ജനങ്ങൾ അദ്ദേ ഹത്തെ പിൻപറ്റുന്നവരായിരുന്നു. കാബൂളിലെ പണ്ഡി തന്മാരിൽ സൂര്യനെപ്പോലെയായിരുന്നു. ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ വാദത്തെ സത്യമാണെന്ന് മനസ്സിലാക്കി വിശ്വസിക്കുകയും അഫ്ഘാനിസ്ഥാ നിൽ തിരിച്ചെത്തുകയും ചെയ്തപ്പോൾ അദ്ദേഹത്തെ ഈ കുറ്റം ചുമത്തി അറസ്റ്റ് ചെയ്തു. നാലുമാസത്തെ കഠിനതടവിന് വിധേയനായി. ജയിലിൽ 1.24 മൽ തൂക്ക മുള്ള ചങ്ങലകൊണ്ട് അദ്ദേഹം തളക്കപ്പെട്ടു. കാലിൽ 8 സേർ തൂക്കമുള്ള ആമമാണ് ഇട്ടത്. അദ്ദേഹം അനേകലക്ഷം ഭൂസ്വത്തുക്കളുടെ ഉടമയായിരുന്നു. സുഖസമൃദ്ധിയിൽ ജീവിക്കുന്നയാളായിരുന്നു. ഈ എല്ലാ പരീക്ഷണങ്ങളേയും സഹിച്ചുകൊണ്ട് അദ്ദേഹം സഹനത്തോടെ സ്ഥിരചിത്തനായി ഉറച്ചുനിന്നു. അമീർ അദ്ദേഹത്തോട് ആവർത്തിച്ചാവർത്തിച്ച് അഹ്മദി യ്യത്ത് ഉപേക്ഷിക്കാൻ പ്രചോദനം ചെലുത്തുന്നുണ്ടാ യിരുന്നു. ബഹുമാനപുരസ്സരം മോചിപ്പിക്കുമെന്നും സമ്മാനാദരങ്ങൾ നൽകുമെന്നും വാഗ്ദാനം ചെയ്തു. പക്ഷേ, വാഗ്ദാനങ്ങളോ സമ്മാനങ്ങളോ ഒന്നുംതന്നെ അദ്ദേഹത്തിന്റെ സ്ഥൈര്യത്തിൽ ഇളക്കം സൃഷ്ടിച്ചി ല്ല. ഈമാനെക്കാളും ദുനിയാവിനെ ഞാൻ മുന്തിക്കു മെന്ന് നിങ്ങൾ പ്രതീക്ഷിക്കേണ്ട എന്നായിരുന്നു അദ്ദേ ഹത്തിന്റെ ഓരോ സമയത്തേയും മറുപടി. ഞാൻ നല്ല പോലെ തിരിച്ചറിയുകയും എല്ലാ നിലക്കും തൃപ്തിയ ടയുകയും ചെയ്ത സ്ഥിതിക്ക് മരണത്തെ ഭയപ്പെട്ടു കൊണ്ട് ഞാനെങ്ങനെ അദ്ദേഹത്തെ തള്ളിക്കളയും. എനിക്ക് ഇദ്ദേഹത്തെ നിഷേധിക്കാനേ സാധ്യമല്ല. എനിക്ക് സത്യം കിട്ടിയിരിക്കുന്നു എന്ന ബോധ്യമു ണ്ട്. ഏതാനും ദിവസത്തെ ജീവിതത്തിനു വേണ്ടി ദൃഢതരമായ ഈ സത്യത്തെ ഉപേക്ഷിക്കുക എന്നത് ഞാൻ എന്നോട് ചെയ്യുന്ന വഞ്ചനയായിരിക്കും. ഞാൻ ജീവൻ ഉപേക്ഷിക്കാൻ തയ്യാറാണെന്ന് തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. സത്യം എന്റെ കൂടെയുണ്ടായിരി ക്കും. (*റൂഹാനിഖസാഇൻ, വാള്യം 20. തദ്കിറത്തുശ്ശ ഹാദതൈൻ, പേജ്-52*)

അങ്ങനെ ആ ദിവസങ്ങൾ വന്നെത്തി. ഇന്നു മുതൽ കൃത്യം നൂറുവർഷം മുമ്പ് 1903 ജൂലായ് 14-ന് ഈ മഹാനായപണ്ഡിതനെതിരെ കുഫ്റ് ഫത്വ വിധി ക്കപ്പെട്ടു. മൂക്ക് തുളച്ച് കയറിട്ടു. അതേ അവസ്ഥയിൽ മൃഗത്തെ പിടിച്ചുവലിക്കുന്നതുപോലെ വധസ്ഥല ത്തേക്ക് വലിച്ചുകൊണ്ടുവന്നു. കോരിത്തരിപ്പിക്കുന്ന നിർണ്ണായകമായ കാഴ്ച. അക്രമികൾ ഈ നിരപരാ ധിയായ മനുഷ്യനെതിരിൽ തെറികൾ പറഞ്ഞും ശപിച്ചും ശകാരവർഷം ഉതിർത്തുകൊണ്ടിരുന്നു. എന്നാൽ ആകാശത്തുനിന്ന് മലക്കുകൾ ഈ മഹാമ നുഷ്യന്റെ മനോധൈര്യത്തിലും, സംയമനത്തിലും,

മഹത്വത്തിലും അനുമോദനങ്ങൾ അർപ്പിച്ചുകൊണ്ടിരുന്നു. ഏതെങ്കിലും ഭൗതികമോഹങ്ങളോ ഭയമോ അദ്ദേഹത്തെ തലകുനിപ്പിച്ചില്ല. അക്രമികൾ ഈ നിരപരാധിയെ അരവരെ ഭൂമിയിൽ കുഴിച്ചുമൂടി. നാലുഭാഗത്തുനിന്നും കല്ലുകൾ വർഷിക്കാൻ തുടങ്ങി. ഏതാനും നിമിഷംകൊണ്ട് ഈ മഹാമനുഷ്യൻ കൽകൂമ്പാരത്തിൽ മൂടപ്പെടുകയും കണ്ണിൽനിന്ന് മറഞ്ഞുപോവുകയും ചെയ്തു. പരേതനായ ശഹീദ് ശഹാദത്തിന്റെ പിയൂഷം കുടിച്ച് അനശ്വരജീവിതം കരസ്ഥമാക്കി. തന്റെ ജീവൻ നൽകിക്കൊണ്ട് ധൈര്യത്തിന്റെയും സ്ഥൈര്യത്തിന്റേയും മാതൃക നിലനാട്ടി. സത്യത്തിനും വിശ്വാസത്തിനുംവേണ്ടി എങ്ങനെയാണ് ജീവനെ ബലിദാനം ചെയ്യേണ്ടതെന്ന് വരുംതലമുറക്ക് അദ്ദേഹം കാണിച്ചുകൊടുത്തു.

ശഹാദത്തിന്റെ ഏതൊരു ദീപശിഖയാണോ ഈ ശഹീദ് മർഹൂം പ്രകാശിപ്പിച്ചത് അത് അഹ്മദിയ്യാ ചരിത്രത്തിലെ ഓരോ കാലഘട്ടത്തിനും പ്രകാശം ചൊരിഞ്ഞുകൊണ്ടിരിക്കുന്നതാണ്. ഇന്നുവരേക്കും 219-ൽ അധികം സത്യാത്മാക്കൾ ഈ മാർഗ്ഗത്തിൽ ശഹാദത്തിന്റെ പിയൂഷം പാനം ചെയ്തിട്ടുണ്ട്. അഹ്മദിയ്യത്തിന്റെ ആകാശനഭോമണ്ഡലത്തിലെ ഈ നക്ഷത്രങ്ങൾ മരിക്കാത്ത സൗഭാഗ്യവാന്മാരാണ്. അവർ അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തിനുമേൽ തങ്ങളുടെ പവിത്രരക്തംകൊണ്ട് സീൽവെക്കുകയും ശാശ്വതജീവിതത്തിന്റെ അനന്തരാവകാശികളാവുകയും ചെയ്തു.

ശഹാദത്തിന്റെ ഉന്നതസ്ഥാനം കരസ്ഥമാക്കുന്നവരോടൊപ്പംതന്നെ അസീറാനെ രാഹെ മൗലാ (ദൈവമാർഗ്ഗത്തിൽ തടവറയിലായവർ) തൊട്ട് പിറകിൽ അനുതാപനം ചെയ്യുന്നുണ്ട്. ഈ തടവറയിൽ കഴിയുന്നവരുടെ സ്ഥൈര്യവും അമാനുഷികതയും മഹത്തായ ദൃഷ്ടാന്തമാണ്. തലമുറകൾക്ക് കൈമാറുന്ന അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യമാണിത്. ഈ നിരപരാധികളെ നിഷ്കരുണം പീഡനങ്ങൾക്ക് വിധേയമാക്കുന്നു. എന്നാൽ, ഈ ദൈവദാസർ അവരുടെ കൈയാമങ്ങളെ ദൈവമാർഗ്ഗത്തിൽ ലഭിച്ച സൗഭാഗ്യമായി ചുംബിക്കുന്നു. ദൈവമാർഗ്ഗത്തിൽ ക്ഷമയും സ്ഥിരചിത്തതയും കാണിക്കുന്ന, അക്രമപീഡനങ്ങളെ പുഞ്ചിരിച്ചു എതിരേൽക്കുന്ന ഈ ചുണകുട്ടികളെ ലോകത്ത് അഹ്മദിയ്യത്തിലല്ലാതെ മറ്റെവിടേയും കാണാൻ സാധ്യമല്ല.

*വിവ: മൗലവി ടി.എം. മുഹമ്മദ്*

**21-ാം പേജിൽനിന്ന്**

പുത്രനായ ഇക്ക്രിമ ഉണ്ടായിരുന്നു. ആ കുറ്റവാളികൾക്ക് ക്ഷമാമൂർത്തിയായ പ്രവാചകനോട് തോന്നാവുന്ന കൃതജ്ഞതക്ക് അളവുണ്ടോ. ലോകചരിത്രത്തിൽ ഇതിന് സമാനമായ മറ്റൊരുദാഹരണമുണ്ടോ? ഈ പരിഷ്കൃതയുഗത്തിൽപോലും രണ്ടാം ലോകമഹായുദ്ധത്തിനുശേഷം യുദ്ധത്തടവുകാരെ വിട്ടയക്കാൻ ജനീവാകരാർ തയ്യാറാക്കുന്നതുവരെ സുദീർഘമായ വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. അതിന്നിടയിൽ യുദ്ധകുറ്റവാളികൾ പലരും കൊല്ലപ്പെടുകയും ചെയ്തു. എന്തിനധികം പറയുന്നു കുവൈത്തിനെ അക്രമിച്ച ഇറാക്കിനെ പരാജയപ്പെടുത്തിയ ശേഷം അമേരിക്കയുടെ നേതൃത്വത്തിൽ ഇറാക്കിലെ ജനങ്ങളോട് കാണിക്കുന്ന ക്രൂരതക്ക് കണക്കുണ്ടോ. ഇറാക്കിന്റെ യുദ്ധത്തടവുകാരിൽ പലരേയും ജീവനോട് മണ്ണിൽ കുഴിച്ച് മൂടിയെന്നും ഇറാക്കിലെ 20 ലക്ഷത്തിലധികം ആളുകൾ ഇന്നും ഉപരോധം കാരണം പട്ടിണികൊണ്ട് പിടഞ്ഞു മരിച്ചുകൊണ്ടിരിക്കുകയാണെന്നും നാം അറിയുമ്പോൾ ശത്രുക്കളോട് വിജയത്തിന്റെ നാളുകളിൽ തിരുനബി(സ) കാണിച്ച ഉദാരത ലോകചരിത്രത്തിലെ ഒരിക്കലും തുല്യതയില്ലാത്ത കാരുണ്യത്തിന്റെ മഹാസാഗരമാണെന്നതിൽ ഒരു തരിമ്പുപോലും സംശയമുണ്ടാകയില്ല. നജ്റാനിലെ ക്രിസ്ത്യാനികൾക്ക് പ്രാർത്ഥിക്കുന്നതിന് വേണ്ടി പള്ളി വിട്ടുകൊടുത്ത തിരുനബി(സ) കാണിച്ച ഉദാരമായ മാതൃക നബിതിരുമേനിയുടെ ഖലീഫമാരും തുടരുകയായിരുന്നു. വിജയശ്രീലാളിതനായി ജറുസലേമിലേക്ക് വരികയായിരുന്ന ഖലീഫ ഉമർ(റ)നെ താലപ്പൊലിയുമായി സ്വീകരിച്ചുകൊണ്ടുപോവുകയായിരുന്ന ക്രൈസ്തവസഹോദരന്മാർ തങ്ങളുടെ പള്ളിയിൽ ആരാധന നടത്താൻ ക്ഷണിച്ചപ്പോൾ ആ മഹാത്മാവ് പറഞ്ഞില്ലേ 'ഇല്ല, ഞാനില്ല. കാരണം നാളെ അതൊരു കീഴ്വഴക്കമാവും. ഈ പള്ളി ഖലീഫ ആരാധന നടത്തിയ പള്ളിയാണെന്ന് പറഞ്ഞുകൊണ്ട് ഒരുപക്ഷേ ഏതെങ്കിലും വിവരദോഷികൾ ഇത് കീഴടക്കാൻ ശ്രമിച്ചേക്കും. അതുകൊണ്ട് സ്നേഹപൂർവ്വം നിങ്ങളുടെ ക്ഷണം ഞാൻ നിരാകരിക്കുകയാണ്' എന്ന്. ഹസ്രത്ത് ഉമർ(റ) പറഞ്ഞപ്പോൾ ലോകം ഒരു ധിഷണശാലിയുടെ ദീർഘവീക്ഷണവും മഹാമനസ്കതയും ആത്മാഭിമാനത്തോടെ കാണുകയായിരുന്നു. ഇന്നിപ്പോൾ ഏതെങ്കിലും ഒരു ആരാധനാലയത്തിന്റെ പേരിൽ കലാപക്കൊടി ഉയർത്തുന്ന രക്തദാഹികൾ മഹാനായ പ്രവാചകന്റേയും ഖലീഫമാരുടേയും ജീവിതമാതൃക സ്വീകരിക്കുമെങ്കിൽ എത്ര നന്നായിരുന്നേനേ.

***ഇന്നല്ലാഹമഅസ്സാബിരീൻ*** അല്ലാഹു ക്ഷമാശാലിയുടെ കൂടെയാണ് എന്നതാണ് ഇസ്ലാമിന്റെ പാഠം. ലോകത്തെവിടെയെങ്കിലും ഒരു സഹോദരനോ സഹോദരിയോ മരിച്ചുവീഴുമ്പോൾ നമ്മുടെ രക്തകോശമാണ് മരിച്ചുവീഴുന്നത്. അതുകൊണ്ട് അങ്ങനെ സംഭവിച്ചുകൂടാ. എത്രതന്നെ പീഡിപ്പിക്കപ്പെട്ടാലും മറ്റുള്ളവർക്കായി സ്വന്തം ഹൃദയങ്ങളെ വികസിപ്പിക്കുകയും നല്ല മരത്തിന്റെ കായ്കനികളെപ്പോലെ മറ്റുള്ളവർക്ക് മധുരം നൽകുകയും ചെയ്യുന്ന ഉദാരമായ ഒരു മനസ്സാണ് ഇസ്ലാം നമുക്ക് നല്കിയത്. ലോകമുള്ളേടത്തോളം കാലം ഇസ്ലാമാകുന്ന മഹാവൃക്ഷത്തിലെ മധുരഫലങ്ങളായി മറ്റുള്ളവർക്ക് പ്രിയം നൽകാൻ നമുക്ക് സാധിക്കുമാറാകട്ടെ. (ആമീൻ)

***മശ്ഹൂദ***

# 2006 മെയിൽ നടന്ന ദീനി പരീക്ഷാഫലം

38 ജമാഅത്തുകളിൽനിന്ന് 664 പേരാണ് ഈ വർഷം ദീനിപരീക്ഷയിൽ പങ്കെടുത്തത്. ഇനിയും ജമാഅത്തിന്റെ ഇത്തരം കാര്യങ്ങളിൽ സഹകരിച്ചുമുന്നോട്ടുപോകാൻ അല്ലാഹു നമുക്ക് തൗഫീഖ് ചെയ്യട്ടെ. (ആമീൻ) പരീക്ഷയെഴുതി ഉന്നതസ്ഥാനം കരസ്ഥമാക്കിയ സഹോദരിമാർക്ക് പ്രത്യേകിച്ചും പങ്കെടുത്ത മുഴുവൻ സഹോദരിമാർക്ക് പൊതുവെയും കേരള ലജ്നാ ഇമായില്ലായുടെയും അന്നൂറിന്റേയും അഭിനന്ദനങ്ങൾ!

**ഒന്നാംസ്ഥാനം (122/130)**

(1) ശംനാ ശഫീഖ്, കരുനാഗപ്പള്ളി (2) മിനാരത്തുന്നിസ, എറണാകുളം (3) താഹിറാ മുബശ്ശിർ, പള്ളിപ്പുറം (4) ആയിശാ മുസ്തഫാ, കരുളായി (5) നസീറാ കബീർ, കോഴിക്കോട്

**രണ്ടാംസ്ഥാനം (120/130)**

(1) ഫെമിനാ അബ്ദുൽമാലിക്, കടലായി (2) ശഹനാസ് സഫീർ, കൂടാളി

**മൂന്നാംസ്ഥാനം (119/130)**

(1) താഹിറ.ഒ.കെ, കരുളായി (2) ശക്കീലാ ശംസ്, കൂടാളി (3) യം.യം. മറിയംബീവി, കടലായി (4) സനീറാബീഗംഉസ്മാൻ, കണ്ണൂർസിറ്റി

അമത്തുൽഹഫീസ്, സദ്ർ, ലജ്നാ ഇമായില്ലാഹ്, കേരള

## നാസിറാത്ത് സീനിയർ

**ഒന്നാംസ്ഥാനം (205/210)**
ആസിഫ സി.എച്ച് (സിദ്ദീഖ് സി.എച്ച്), കരുളായി
**രണ്ടാം സ്ഥാനം (203/210)**
ജസ്ഫീന ഇ.കെ (മുഹമ്മദ് ഇ.കെ) കോഴിക്കോട്
**മൂന്നാം സ്ഥാനം (202/210)**
നാസ്നീൻ. ഇ.വി. (സാദിഖ് അഹ്മദ്) കൂടാളി

## നാസിറാത്ത് ജൂനിയർ

**ഒന്നാം സ്ഥാനം (150/155)**

(1) ത്വാഹിറ സിദ്ദീഖ, (മൗലവി മുഹമ്മദ് ഇസ്മായിൽ), കണ്ണൂർടൗൺ (2) റഫഅത്ത് കബീർ (പി.എം. കബീർ) കോഴിക്കോട്

**രണ്ടാം സ്ഥാനം (146/150)**
സലീഹാ മഹ്മൂദ് (മൗലവി മഹ്മൂദ്. കെ), അലനെല്ലൂർ

**മൂന്നാം സ്ഥാനം (141/150)**
ശബ്നം മുസഫ്ഫർ (മുസഫ്ഫർ അഹ്മദ്), പഴയങ്ങാടി

## സബ്ജൂനിയർ

**ഒന്നാം സ്ഥാനം (155/155)**
(1) ശാഹിസ്താ ഖാനം (യു. അബ്ദുൽ ഗഫൂർ), കണ്ണൂർസിറ്റി (2) ശിഫാന സിദ്ദീഖ് (മർഹൂം ടി.കെ.സിദ്ദീഖ്), കരുളായി
**രണ്ടാം സ്ഥാനം (150/155)**
(1) ആഫിയ സി.എച്ച് (സി.എച്ച്. സിദ്ദീഖ്), കരുളായി (2) സാനിയ തമന്ന (സഫീർ അഹ്മദ്.യു), കൂടാളി
**മൂന്നാം സ്ഥാനം (149/150)**
സാനിയ സഫർ (സഫർ അഹ്മദ്), കൂടാളി

## സബ്ജൂനിയർ ബി

**ഒന്നാം സ്ഥാനം (115/115)**
(1) ഫാത്തിമ തസ്നീം (സലീം അഹ്മദ്), മട്ടന്നൂർ (2) തമന്ന (സാബിർ അഹ്മദ്), കരുനാഗപ്പള്ളി (3) റീമ പർവീൻ (കമറുദ്ദീൻ), കൂടാളി (4)ഫാത്തിമ (ബശീർ അഹ്മദ്), കൂടാളി (5) സുഹാന (മുബശ്ശിർ അഹ്മദ്), കൂടാളി (6) അംന (ശറഫുദ്ദീൻ), കൂടാളി (7) നിത റശീദ് (റശീദ് അഹ്മദ്), കൊടിയത്തൂർ (8) നിലോഫർ ടി.കെ. (ടി.കെ. അബൂബക്കർ), പള്ളുരുത്തി (9) മാഹിദ വസീം (വസീം അഹ്മദ് ടി) കണ്ണൂർസിറ്റി; (10) സിയോന കെ. റഹ്മാൻ (ഖലീലുൽ റഹ്മാൻ), കണ്ണൂർ സിറ്റി (11) നിമ തഹ്സിൻ (ഇ.കെ. അക്ബർ അഹ്മദ്), കൊടിയത്തൂർ (12) നാസില.സി (സി.യൂസഫ്) പത്തപ്പിരിയം
**രണ്ടാം സ്ഥാനം (114/115)**
(1) ശമായിലാ സൗസൻ (നൗശാദ്.ടി), കണ്ണൂർസിറ്റി (2) അത്തിയത്തുൽ വഹാബ് (ടി.കെ. അശ്റഫ്), കരുളായി (3) ഖദീജ.സി. (ഡോ. സലാഹുദ്ദീൻ), കോഴിക്കോട്
**മൂന്നാം സ്ഥാനം (113/115)**
മറിയം നൗറീൻ (ഡോ.ഗുലാം അഹ്മദ്), പഴയങ്ങാടി

ജുവൈരിയ ഗൗഹർ, സ്റ്റേറ്റ് നാസിറാത്ത് സെക്രട്ടറി, കേരള

# 2006-ലെ കേരള സ്റ്റേറ്റ് ലജ്ന ഇമായില്ലായുടെ വാർഷിക സമ്മേളനത്തിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ സന്ദേശം

**ബ**ഹുമാനപ്പെട്ട അമത്തുൽ ഹഫീസ് സാഹിബ സൂബായി സദർ ലജ്നാ ഇമായില്ലാഹ്

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബ റക്കാത്തുഹു

താങ്കൾ അയച്ച കത്തു കിട്ടി. താങ്കളുടെ വാർഷിക സ്റ്റേറ്റ് ഇജ്തിമാ ഇൻശാഅല്ലാഹ് ജൂലായ് 22, 23 തിയ്യതികളിൽ നടക്കുന്നതായി താങ്കൾ എഴുതിയിരിക്കുന്നു. ഈയവസരത്തിൽ ഒരു സന്ദേശം അയക്കുവാൻ താങ്കൾ എന്നോടപേക്ഷിച്ചിരിക്കുന്നു. ജസാക്കുമുല്ലാഹ് തആല.

ഒന്നാമതായി ഞാൻ നിങ്ങൾക്ക് ഈ ഇജ്തിമാ നടത്തുന്നതിൽ മംഗളമാശംസിക്കുകയാണ്. ഈ ഇജ്തിമാ നിങ്ങൾക്കെല്ലാവർക്കും ഒരുപാട് അനുഗ്രഹങ്ങൾ കൊണ്ടുവരുന്നതാകട്ടെയെന്നും ഈയവസരത്തിൽ ധാരാളം നല്ല കാര്യങ്ങൾ പഠിക്കുവാനും പിന്നീട് അവയെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുവാനുമുള്ള തൗഫീഖ് തന്നനുഗ്രഹിക്കുമാറാകട്ടെ. ഈ സുപ്രധാനാവസരത്തിൽ താങ്കൾ നബി കീർത്തനയോഗവും നടത്തുകയും റസൂൽതിരുമേനിയുടെ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചും ആ പുണ്യാത്മാവിന്റെ പരിശുദ്ധവും പവിത്രവും ആയ സീറത്തിനെക്കുറിച്ചും അനുസ്മരിക്കപ്പെടുകയും ചെയ്യുകയാണ്.

ഈയവസരത്തിൽ എന്റെ സന്ദേശം ഇതാണ്. തങ്ങളുടെ ജീവിതങ്ങളുടെ ഓരോ ദിശയിലേക്കും ഹസ്റത്ത് റസൂൽ തിരുമേനി(സ)യുടെ പരിശുദ്ധ മാതൃകയെ മാർഗ്ഗദീപമാക്കുക. തിരുനബി(സ) അവർകൾക്ക് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടും എത്രമാത്രം ബന്ധം ഉണ്ടായിരുന്നു, ഈ ലോകത്ത് തിരുമേനി(സ) എപ്രകാരം ജീവിതം നയിച്ചു. അദ്ദേഹത്തിന്റെ ജീവിതം എല്ലാവിധത്തിലുള്ള അനാചാരാനുഷ്ഠാനങ്ങളിൽനിന്നും കൃത്രിമങ്ങളിൽനിന്നും എത്രമാത്രം പവിത്രമായിരുന്നു. ഈ കാര്യങ്ങളെല്ലാം മനസ്സിൽ കരുതിക്കൊണ്ട് സ്വായത്തമാക്കുകയാണെങ്കിൽ നിങ്ങളുടെ ജീവിതം എളുപ്പമാക്കിത്തീർക്കുവാൻ സാധിക്കുന്നതാണ്. ആ പുണ്യാത്മാവിന്റെ പരിശുദ്ധ ജീവിതം കഷ്ടപ്പാടിലും ഞെരുക്കത്തിലും ഉള്ളവർക്കും സുഖക്ഷേമങ്ങളിൽ ജീവിക്കുന്നവർക്കും മാതൃകയാണ്. തിരുനബി(സ) നമുക്കെല്ലാംതന്നെ മാതൃകയാണ്. അല്ലാഹു ഈ കാലത്ത് താങ്കളുടെ ചുമലുകളിൽ വെച്ചിരിക്കുന്ന മതപരമായ ഉത്തരവാദിത്തങ്ങളെ നിറവേറ്റുന്ന കാര്യത്തിലും ആ പുണ്യാത്മാവ്(സ.അ) മാതൃകയാണ്. ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) അരുൾ ചെയ്യുന്നു. അല്ലാഹുവിൽതന്നെ ലയിപ്പിച്ചിരുന്ന ഒരു വ്യക്തിയുടെ അന്ധകാരം നിറഞ്ഞ രാത്രികളിൽ ചെയ്യപ്പെട്ട ദുആകൾ ലോകത്ത് പെട്ടെന്ന് ഒരു മഹത്തായ വിപ്ലവം സംജാതമാക്കുകയുണ്ടായി.

താങ്കളും ഈ ആയുധം പ്രയോഗിക്കേണ്ടതാണ്. അല്ലാഹു താങ്കൾക്കായും ഈ ദുഷ്ക്കരമായ ഉത്തരവാദിത്വം എളുപ്പമാക്കിത്തീർക്കുവാനും അവന്റെ അനുഗ്രഹങ്ങളെ ആവാഹിച്ചെടുക്കുവാനുള്ള പ്രാപ്തി തന്നരുളുവാനും അധികമായി ദുആ ചെയ്യുക. അപ്പോൾ അവന്റെ അനുഗ്രഹം മഴപോലെ ആകാശത്തുനിന്ന് ഇറങ്ങുന്നതാണ്. ദുആക്കുശേഷം നിങ്ങൾ സ്നേഹത്തിന്റെ ആയുധംകൊണ്ടു ഹൃദയങ്ങളെ ജയിച്ചടക്കേണ്ടതാണ്. നിങ്ങളുടെ ഹൃദയത്തേയും അന്യരുടെ ഹൃദയങ്ങളേയും അല്ലുഹുവിനോടുള്ള സ്നേഹത്തിനായും അവന്റെ മതത്തിന്റെ മഹത്വത്തിന്റെ പതാകയെ നാട്ടുന്നതിനായും ജയിച്ചടക്കേണ്ടതാണ്. വളരെ മഹത്വമേറിയ കാര്യമാണിത്. എന്നാൽ, ഈ കാര്യം നിങ്ങൾക്കായി അല്ലാഹു എളുപ്പമാക്കിത്തന്നിരിക്കുകയാണ്. ഒരേയൊരു നിബന്ധനമാത്രം. തങ്ങളുടെ ഹൃദയങ്ങളെ ഋജുവാക്കിക്കൊണ്ട് ദയാലുവും മിസ്ക്കീനുമായിക്കൊണ്ട് അല്ലാഹുവിന്റെ തൃപ്തിക്കായി നമ്രശിരസ്ക്കരായിക്കൊണ്ടിരിക്കുക. നിങ്ങൾ ലോകത്തിന് ശിക്ഷണം നല്കേണ്ടവരാണ്. ആയതിന് ആദ്യമായി നിങ്ങളുടെ ശിക്ഷണം ആവശ്യമാണ്. തങ്ങളിൽ ഒരു പരിവർത്തനം ഏർപ്പെടുത്തി ഹൃദയത്തെ മൃദുലമാക്കുകയാണെങ്കിൽ നിങ്ങൾക്ക് മറ്റുള്ളവർക്കും ശിക്ഷണം നൽകുവാൻ സാധിക്കുന്നതാണ്. നിങ്ങൾ നിങ്ങളുടെ മക്കളുടെ ശിക്ഷണം സ്നേഹവായ്പോയുകൂടി ചെയ്യുക. അവർക്ക് അന്തസ്സ് കൊടുക്കുക. നിങ്ങൾക്ക് ലജ്നയിൽ പ്രവർത്തിക്കുന്നതിനായി ഈ കാര്യം വളരെ ആവശ്യമാണ്. അവരെ വളരെ സ്നേഹത്തോടും അനുകമ്പയോടും സൗമ്യതയോടും ബോധവൽക്കരിക്കുക. വിജയപ്രാപ്തിക്കായി എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു മുഴുലോകങ്ങൾക്കും അനുഗ്രഹമായി നമ്മുടെ പ്രിയപ്പെട്ട നബികരീം(സ) തിരുമേനിയുടെ പരിശുദ്ധ മാതൃകയെ എപ്പോഴും മുന്നിൽവെക്കുക. അല്ലാഹു നിങ്ങൾക്ക് അതിനുള്ള സൗഭാഗ്യം നൽകുമാറാകട്ടെ. അല്ലാഹു നിങ്ങളെല്ലാവരുടെമേലും തന്റെ അനുഗ്രഹം ഇറക്കുമാറാകട്ടെ. എല്ലാ അംഗങ്ങളേയും തന്റെ പ്രത്യേകമായ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. എല്ലാവർക്കും എന്റെ അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു എത്തിക്കുക.

വസ്സലാം<br>
വിനീതൻ, മിർസാ മസ്റൂർ അഹ്മദ്<br>
ഖലീഫത്തുൽ മസീഹ് ഖാമിസ്<br>
ലണ്ടൻ<br>
20.7.06

# മുഹമ്മദ് നബി(സ)

**ലോ**കം ഇന്നേവരെ കണ്ടിട്ടുള്ളതിൽവെച്ചേറ്റവും വിജയശ്രീലാളിതനായ പ്രവാചകൻ എന്ന് എതിരാളികൾവരെ ഏറ്റുപറഞ്ഞ നബിതിരുമേനി(സ) അറേബ്യയിലെ മക്ക എന്ന പ്രദേശത്താണ് ഭൂജാതനാകുന്നത്. ചെറുപ്പത്തിൽതന്നെ ജനങ്ങൾ ആ കുട്ടിയെ 'അൽ അമീൻ' എന്ന് വിളിക്കുന്നു. 'സത്യസന്ധൻ' എന്നതിന് പുറമേ അതിന് മറ്റൊരർത്ഥം കൂടിയുണ്ട് 'ഭൂമിയിൽ സമാധാനചിത്തനായി നടക്കുന്നയാൾ'. ദൈവാന്വേഷിയും സത്യാന്വേഷിയുമായി കഴിഞ്ഞിരുന്ന അദ്ദേഹത്തിന് 40-ാമത്തെ വയസ്സിൽ ***അസ്സലാം*** 'സമാധാനസാമ്രാട്ട്' എന്ന ഗുണനാമമുള്ള പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിൽനിന്ന് സമാധാനത്തിന്റെ മാലാഖ എന്നറിയപ്പെടുന്ന ജിബ്രീൽ മുഖേന ദിവ്യസന്ദേശം നൽകപ്പെടുന്നു. ഈ ദിവ്യസന്ദേശം ഒരു ജീവിതസംഹിതയായി ക്രോഡീകരിക്കപ്പെടുന്നു. ഇതിന് 'ഇസ്‌ലാം' എന്ന് നാമകരണം ചെയ്യപ്പെട്ടു. എന്താണ് ഇസ്‌ലാം? ഇസ്‌ലാം സമ്പൂർണ്ണ സമാധാനം വിഭാവനം ചെയ്യുന്നു. ഇത് പിൻപറ്റുന്ന, അനുസരിക്കുന്ന ആൾക്ക് മുസ്‌ലിം എന്ന് പറയപ്പെടുന്നു. അതായത് സ്വയം സമാധാനത്തിൽ നിലകൊള്ളുകയും മറ്റുള്ളവർക്ക് സമാധാനം പ്രദാനം ചെയ്യുകയും ചെയ്യുന്ന ആൾ.

മുസ്‌ലിമിനെക്കുറിച്ച് നബിതിരുമേനി(സ) ഇങ്ങനെ നിർവചിക്കുകയുണ്ടായി. ഏതൊരാളുടെ നാവിൽ നിന്നും കയ്യിൽനിന്നും മറ്റുള്ളവർ സുരക്ഷിതരായിരിക്കുന്നുവോ അവനാണ് മുസ്‌ലിം(ബുഖാരി) അവിടന്ന് ജീവിച്ച മക്കാപട്ടണത്തിന് 'ബലദുൽഅമീൻ' സമാധാനത്തിന്റെ പട്ടണം എന്ന് പറയപ്പെട്ടു. ഇങ്ങനെ അടിമുടി സമാധാനമാണ് നബി(സ) ലോകസമക്ഷം സമർപ്പിച്ചത്. ഈ സമാധാനം, ശാന്തി, കാരുണ്യത്തിന്റെ ഉദാത്തമാതൃകകൾ വെറും മനുഷ്യരുമായി മാത്രം ബന്ധിതമായിരുന്നവയല്ല. നബി(സ) മറ്റ് ജീവജാലങ്ങൾക്കും കാരുണ്യമായാണവതരിച്ചത്. ഇത് സംബന്ധമായി വിശുദ്ധഖുർആൻ പ്രഖ്യാപിക്കുന്നു.

"നാം നിന്നെ മുഴുലോകത്തിനും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല. പക്ഷിമൃഗാദികളോടുള്ള അവിടുത്തെ കാരുണ്യം നോക്കുക. മൃഗങ്ങളോട് ക്രൂരത കാണിക്കുന്നതിനെ തിരുമേനി ശാസിക്കുകയും പക്ഷിമൃഗാദികളുടെ നേരെ കാരുണ്യമുള്ളവരായിരിക്കാൻ കല്പിക്കുകയും ചെയ്തു. ഒരു പൂച്ചയെ പട്ടിണി കിടത്തികൊന്നുകളഞ്ഞ ഒരു ജൂതസ്ത്രീക്ക് ദൈവശിക്ഷ കിട്ടിയ കാര്യം തിരുമേനി എടുത്തുപറയുമായിരുന്നു. അതുപോലെതന്നെ ഒരു നായ ദാഹിച്ച് വലഞ്ഞപ്പോൾ അതിന്റെ ദാഹം മാറ്റിയ ഒരു സ്ത്രീയുടെ കഥയും പറയുമായിരുന്നു. ആ സ്ത്രീ തന്റെ ഷൂ ആഴമുള്ള കിണറ്റിൽ താഴ്ത്തി വെള്ളം കോരിയെടുത്ത് നായക്ക് നൽകിയത് കാരണം അതിൽ തൃപ്തിപ്പെട്ട അല്ലാഹു ആ സ്ത്രീയുടെ മുഴുവൻ മുൻപാപങ്ങളും പൊറുത്തുകൊടുത്തതായി തിരുമേനി പറഞ്ഞു. അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറയുന്നു. ഞങ്ങൾ യാത്രയിലായിരിക്കെ രണ്ട് പ്രാവുകൾ ഒരു കൂട്ടിൽ കളിക്കുന്നതായി കണ്ടു. ഞങ്ങൾ അവയെ പിടിച്ചു. അവ വളരെ ചെറിയ കുഞ്ഞുങ്ങളായിരുന്നു. അല്പം കഴിഞ്ഞ് തള്ളപ്രാവ് വന്ന് കൂട്ടിനകത്ത് കുഞ്ഞുങ്ങളെ കാണാഞ്ഞ് കൂട്ടിന് ചുറ്റും പറന്നുകൊണ്ടിരുന്നു. തിരുനബി(സ) ഇത് കണ്ടപ്പോൾ പ്രാവിൻകുഞ്ഞുങ്ങളെ പിടിച്ചവർ ഉടനെ അവയെ കൂട്ടിൽവെച്ച് തള്ളപ്രാവിനെ ആശ്വസിപ്പിക്കാൻ കല്പിച്ചു.

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) തന്നെ മറ്റൊരു രിവായത്തിൽ പറയുന്നു. തിരുനബിയോടൊപ്പം യാത്ര ചെയ്യുമ്പോൾ ഒരു ഉറുമ്പിൻപുറ്റ് കണ്ടു. ഞങ്ങൾ അതിന് മുകളിൽ ഉണക്കപുല്ല് വെച്ച് അതിന് തീ കൊടുത്തു. അത് കണ്ടപ്പോൾ തിരുമേനി(സ) കഠിനമായി ശാസിച്ചു. മറ്റൊരിക്കൽ മുഖത്ത് ചൂട്‌വെച്ച് ഒരു കഴുതയെ തിരുമേനി(സ) കണ്ടു. അങ്ങനെ ചെയ്യുന്നതിന്റെ കാരണം അന്വേഷിച്ചു. തിരിച്ചറിയുന്നതിനുവേണ്ടി റോമക്കാർ ഇപ്രകാരം ചെയ്യാറുണ്ടെന്ന് അവർ അറിയിച്ചു. മുഖം ശരീരത്തിന്റെ ഏറ്റവും മൃദുലവും പ്രധാനവുമായ ഭാഗമാണെന്നും ഒരിക്കലും ഒരു മൃഗത്തിന്റെ മുഖത്തും അപ്രകാരം ചൂട് വെക്കരുതെന്നും തിരുമേനി നിർദ്ദേശിച്ചു. അഥവാ അപ്രകാരം ചൂട് വെച്ചേതീരൂ എങ്കിൽ അതിന്റെ പിൻഭാഗത്ത് മാത്രമേ ആകാവൂ എന്ന് കല്പിക്കുകയും ചെയ്തു. ഇതിനുശേഷം മുസ്‌ലിംകൾ ജന്തുക്കളുടെ പിൻഭാഗത്തുമാത്രമേ ചൂട് വെക്കാറുണ്ടായിരുന്നുള്ളൂ. ഇതിനെ യൂറോപ്യന്മാരും പിന്നീട് അനുകരിച്ചു. മതകാര്യങ്ങളിൽ സഹിഷ്ണുത പുലർത്തേണ്ട ആവശ്യകതയെ തിരുമേനി(സ) എപ്പോഴും ഊന്നിപ്പറഞ്ഞിരുന്നു. ഇക്കാര്യത്തിൽ ഉദാത്തമായ ഒരു മാതൃക സംഭാവന ചെയ്യുകയുണ്ടായി. മതകാര്യങ്ങളിൽ സംവാദം ചെയ്യുന്നതിന്

നജ്റാനിലെ ഒരു ക്രൈസ്തവ സംഘം നബിയെ കാണാൻ മദീനയിൽ വന്നു. ചർച്ചിന്റെ ഉന്നതന്മാരായ പലരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. തിരുനബിയുടെ പള്ളിയിൽവെച്ച് മണിക്കൂറുകളോളം ആ സംഭാഷണം നീണ്ടുനിന്നു. ഒരു ഘട്ടത്തിൽ ക്രിസ്തീയ സംഘത്തിന്റെ നേതാവ് പുറത്തുപോകാനുള്ള അനുവാദം ചോദിച്ചു. തങ്ങൾക്ക് പ്രാർത്ഥന നടത്തുന്നതിന് സൗകര്യമുള്ള ഒരു സ്ഥലം തിരയേണ്ടതുണ്ടെന്ന് അദ്ദേഹം അറിയിച്ചു. അതിനുവേണ്ടി പള്ളിയിൽ നിന്നും പുറത്തുപോകേണ്ടതില്ലെന്നും ദൈവത്തെ ആരാധിക്കുന്നതിനുവേണ്ടി നിർമ്മിച്ച തന്റെ പള്ളിയിൽ വെച്ച്തന്നെ പ്രാർത്ഥന നടത്താവുന്നതാണെന്നും തിരുനബി(സ) അറിയിച്ചു. എല്ലാറ്റിലും ദോഷം കാണുന്ന പ്രവണത നബി(സ) വെറുത്തു. അധമബോധം പരത്തുന്നവൻ സമൂഹത്തിൽ നാശത്തിന് കാരണക്കാരനാണ്. ജനങ്ങളെ അഹങ്കാരം കാണിക്കാതിരിക്കാനും പെരുമ ഭാവിക്കാതിരിക്കാനും തിരുമേനി ഉദ്ബോധിപ്പിച്ചു. ദൈവത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് സമൂഹത്തിന്റെ ക്ഷേമത്തിന് വേണ്ടിയും ഉത്തമഫലങ്ങൾക്ക് വേണ്ടിയും പ്രയത്നിക്കുകയും വേണം. മറ്റുള്ളവരുടെ നേരെ ദുർഭാവന പുലർത്തുന്നതിനെതിരെ നബി(സ) താക്കീത് ചെയ്യുകയും പരസ്പരം നല്ലത് മാത്രം കാണാനും പ്രവർത്തിക്കാനും ചിന്തിക്കാനും കല്പിച്ചു. മറ്റുള്ളവരിൽനിന്നും ദോഷം കണ്ടെത്തുന്നതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുവിൻ. മറ്റുള്ളവരെ നിന്ദാസൂചകമായ പേരുകൾ നൽകി സ്മരിക്കുകയും അരുത്. ഓരോരുത്തരും താൻ ദൈവദാസരാണെന്ന് കരുതുകയും പരസ്പരം സഹോദരന്മാരായി കാണുകയും വിഷമഘട്ടത്തിൽ കൈവെടിയാതിരിക്കുകയും വേണം. ദരിദ്രരെ താഴ്ത്തിക്കാണുകയും ചെയ്യരുത്. പരിശുദ്ധി ഹൃദയത്തിൽനിന്നാണ് പുറപ്പെടുന്നത്. ദൈവം നിങ്ങളുടെ ശരീരത്തേയോ മുഖത്തേയോ നിങ്ങളുടെ പുറമേയുള്ള പ്രവർത്തികളേയോ നോക്കുന്നില്ല. അവൻ നിങ്ങളുടെ ഹൃദയത്തിലാണ് നോക്കുന്നത്. ശാന്തിയുടെ, സമാധാനത്തിന്റെ, സൗഹാർദ്ദത്തിന്റെ സർവ്വോപരി സഹിഷ്ണുതയുടെ രാജകുമാരനായിരുന്ന ഈ പുണ്യപുരുഷനെയാണ് തലയിൽ ബോംബ് വെച്ചുകൊണ്ട് കാർട്ടൂണിൽകൂടി ഭീകരവാദത്തിന്റെ ഏറ്റവും വലിയ വക്താവായി ചിത്രീകരിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള ജുഗുപ്സാവഹമായ ആക്രമണങ്ങളെ എംബസികളും ദേശീയപാതകളും കത്തിച്ചുകൊണ്ട് അക്രമമാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടല്ല പ്രതിരോധിക്കേണ്ടത്. മറിച്ച്, സ്വയം നബിതിരുമേനി(സ)യുടെ ഉത്തമ മാതൃകകൾ ജീവിതത്തിൽ പകർത്തി ആ മഹത്ജീവിതത്തിന്റെ സൗന്ദര്യം ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുകയാണ് നമ്മുടെ കർത്തവ്യം എന്ന് നമ്മുടെ ഖലീഫ, നമ്മുടെ നേതൃത്വം നമ്മോടാവശ്യപ്പെടുന്നു. നബിതിരുമേനിയുടെ എല്ലാ കല്പനകളും അനുസരിച്ച് ജീവിക്കുവാൻ നമുക്ക് സൗഭാഗ്യം നൽകുമാറാകട്ടെ.

***ശാകിറ റഹീം***

## തിരുത്ത്

കഴിഞ്ഞലക്കം അന്നൂറിന്റെ അവസാനത്തെ പേജിൽ കൊടുത്ത ഖിലാഫത്ത് ശതവാർഷിക ജൂബിലിയോടനുബന്ധിച്ച് ഖലീഫത്തുൽ മസീഹ് ആഹ്വാനം ചെയ്ത ദുആകളുടെ അർത്ഥങ്ങൾ 4-ാമത്തെ ദുആയുടെ അർത്ഥം 5-ാമത്തെ ദുആക്കും 5-ാമത്തെ ദുആയുടെ അർത്ഥം 4-ാമത്തെ ദുആക്കും ചേർത്തുപോയി. അച്ചടിയിൽ പിശക് വന്നതിൽ ഖേദിക്കുന്നു.

## ഉമറിന്റെ ദീർഘദൃഷ്ടി

'**ദൈ**വത്തിന്റെ വാളുകളിൽ ഒരുവാൾ' എന്ന് പുകൾപെറ്റ ഇസ്‌ലാമിലെ ധീരശൂരയോദ്ധാവാണ് ഖാലിദിബ്നുവലീദ്. ഖലീഫമാരുടെ കാലത്ത് മുസ്‌ലിം സേനയെ വിജയത്തിൽനിന്നും വിജയത്തിലേക്ക് കുതിപ്പിച്ച ആ മഹാന് ഏത് കീർത്തിമുദ്രയാണ് അധികമാവുക! ഇസ്‌ലാമിന്റെ മഹാനായ രണ്ടാംഖലീഫ ഖലീഫ ഉമർ(റ) അദ്ദേഹത്തിന് നൽകിയ സമ്മാനമോ ഘോരയുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കേ അദ്ദേഹത്തെ സർവ്വസൈന്യാധിപസ്ഥാനത്തുനിന്നും മാറ്റി!! മുസ്‌ലിംലോകം ആകെ അമ്പരന്നു. രഹസ്യമായി അന്വേഷിച്ചപ്പോഴല്ലേ ഉമറിന്റെ യുക്തി മനസ്സിലായത്. ഖാലിദിബ്നുവലീദ് നയിക്കുന്ന യുദ്ധങ്ങളിൽ വിജയം സുനിശ്ചിതമെന്ന് മുസ്‌ലിംസൈന്യത്തിന് ഉറച്ചധാരണയുണ്ട്. ഇങ്ങനെ വന്നാൽ മുസ്‌ലിംസൈന്യത്തിന്റെ ആവേശവും ത്യാഗശീലവും ഉത്സാഹവും തണുക്കാനിടയുണ്ട്. ഖാലിദിബ്നുവലീദ് ഒരിക്കൽ മരിക്കുകതന്നെ ചെയ്യും. അന്ന് മുസ്‌ലിംസൈന്യത്തിന് വമ്പിച്ച തകർച്ചയാവും സംഭവിക്കുക. മഹാനായ ഉമറിന്റെ കാഴ്ചപ്പാട് അപാരം. അല്ലാഹു അദ്ദേഹത്തിനും ഇസ്‌ലാമിന്റെ വീരയോദ്ധാവിനും അനുഗ്രഹം ചൊരിയട്ടെ.

# ഇസ്‌ലാമിന്റെ ഖലീഫയെ തിരിച്ചറിയുക

**ഖൈ**റുൽ ഉമ്മത്തായ മുസ്‌ലിം സമുദായം എല്ലാ മതപ്രത്യശാസ്ത്രങ്ങളെയും അതിജീവിക്കുമെന്നത് വിശുദ്ധഖുർആനിലെ സൂറഃസഫ്ഫിലൂടെ അല്ലാഹു മുസ്‌ലിംകൾക്ക് നൽകിയ വാഗ്ദാനമാണ്. സൂറഃസഫ്ഫിൽ അല്ലാഹു പറയുന്നു: "നിങ്ങളിഷ്ടപ്പെടുന്ന മറ്റൊരനുഗ്രഹവും (കൂടി നിങ്ങൾക്ക് ലഭിക്കുന്നതാണ്) അല്ലാഹുവിൽനിന്നുള്ള സഹായവും ആസന്നമായ വിജയവുമാണത്. സത്യവിശ്വാസികൾക്ക് സുവാർത്ത അറിയിക്കുക." (*61:14*)

ആയിരത്തിനാന്നൂറ് വർഷങ്ങൾക്കുമുമ്പ് പുണ്യപ്രവാചകനായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ.അ) തിരുമേനിയുടെ വേർപാടിനുശേഷം ഇനി നമ്മുടെ സ്ഥിതി എന്തെന്ന് ആകുലപ്പെട്ട് ദുഃഖഭാരത്താൽ പരിഭ്രാന്തരായ സഹായിമാരെ സമാശ്വസിപ്പിച്ചുകൊണ്ട് അല്ലാഹു അബൂബക്കർ സിദ്ദീഖ്(റ)നെ ഖലീഫയാക്കുകയും ഇസ്‌ലാമിനെ രക്ഷിക്കുകയുമുണ്ടായി. ഒരു നേതാവ് ഇല്ലാത്ത അവസ്ഥയിൽ മുസ്‌ലിംലോകം ഉണ്ടാവാൻ പാടില്ല എന്നത് അല്ലാഹുവിന്റെ നിശ്ചയമായിരുന്നു. തുടർന്ന് ഹസ്റത്ത് ഉമർ(റ), ഹസ്റത്ത് ഉസ്മാൻ(റ), ഹസ്റത്ത് അലി(റ) എന്നീ പുണ്യാത്മാക്കൾ അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ട ഖലീഫമാരായി. റാശിദീയ്യ ഖിലാഫത്ത് എന്നറിയപ്പെടുന്ന ഈ കാലഘട്ടത്തിനുശേഷം വരുന്ന ഖിലാഫത്ത് നശിക്കുമെന്നും അവസാനം വീണ്ടും ഖിലാഫത്ത് പുനഃസ്ഥാപിക്കുകയും അതിലൂടെ മാത്രമാണ് ഇസ്‌ലാമിന്റെ വിജയം എന്നും നബി(സ) അറിയിച്ചിരുന്നു.

മിശ്കാത്തിൽ മുസ്നദ് അഹ്മദിനെ ഉദ്ധരിച്ചുകൊണ്ട് ഹദീസ് രേഖപ്പെടുത്തിയത് ഇങ്ങനെയാണ്: "ഹസ്റത്ത് ഹുദൈഫ(റ) രിവായത്ത് ചെയ്യുന്നു. നബികരീം(സ) അരുൾചെയ്യുന്നു. അല്ലാഹു ഉദ്ദേശിക്കുന്ന കാലംവരെ നിങ്ങളിൽ നുബുവ്വത്ത് നിലനിൽക്കും. അതിനുശേഷം അല്ലാഹു അതിനെ ഉയർത്തും. പിന്നീട് നുബുവ്വത്തിന്റെ പാതയിൽ ഖിലാഫത്തിനെ അല്ലാഹു സ്ഥാപിതമാക്കും. അല്ലാഹു ഉദ്ദേശിക്കുന്ന കാലംവരെ അത് നിലനിൽക്കുകയും അതിനെ ഉയർത്തുകയും ചെയ്യുന്നതാണ്. അതിനുശേഷം അക്രമവാഴ്ചയും ദുഷ്ടകരമായ രാജവാഴ്ചയും ഉണ്ടാകും. അതിനുശേഷം നുബുവ്വത്തിന്റെ പാതയിൽ ഖിലാഫത്ത് വരും. ശേഷം നബികരീം(സ) മൗനംപാലിച്ചു." (*മിശ്കാത്ത് ബാബുൽ അൻദാർ മുസ്നദ് അഹ്മദ്*)

വിശുദ്ധഖുർആനിലെ സൂറഃഅന്നൂറിലൂടെ അല്ലാഹു സത്യവിശ്വാസികൾക്ക് സുവാർത്ത അറിയിക്കുന്നു." നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തികൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെമാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ." (24:56)

ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യോട് ആ മഹാത്മാവിന്റെ സമുദായത്തിന് ഖിലാഫത്ത് എന്ന മഹത്തായ അനുഗ്രഹം നല്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.

ലോകമുസ്‌ലിംകൾക്ക് ലഭിച്ച ഈ വിജയ വാഗ്ദാനങ്ങളുമായി ആയിരത്തിനാന്നൂറ് വർഷങ്ങൾക്ക് ശേഷമുള്ള ഈ കാലഘട്ടത്തെ നാം താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ഹൃദയം നടുങ്ങിപ്പോകുന്നു. അധികാരകസേരകൾക്കു വേണ്ടിയും ഭൗതികനേട്ടങ്ങൾക്കു വേണ്ടിയും തമ്മിൽ ശണ്ഠകൂടുന്ന സംഘടനകൾ, സമൂഹങ്ങൾ, രാജ്യങ്ങൾ. ഈ ലോകം നശ്വരമാണെന്നും ദൈവം ഇച്ഛിക്കുമ്പോൾ തൽക്ഷണം ഇല്ലാതാകുന്നതാണ് ഈ ജീവിതവും ലോകവും എന്ന് മനസ്സിലാക്കാതെ പോയ മതനേതാക്കൾ! പണ്ഡിതരെന്നു ഗണിക്കപ്പെടുന്ന ഇതരമുസ്‌ലിം സമൂഹം ഒരാഗോള നേതൃത്വവും കേന്ദ്രീയതയും ഇല്ലാത്തതിന്റെ പേരിൽ വിവിധ ലോക രാഷ്ട്രശക്തികൾക്കിടയിൽപ്പെട്ട് ഞെങ്ങിഞെരുങ്ങുകയാണ്. ലോകചരിത്രത്തിൽ മറ്റൊരു മതസമൂഹവും അനുഭവിച്ചിട്ടില്ലാത്ത അതിഭയാനകമായ അക്രമണങ്ങൾക്കും ദുരിതങ്ങൾക്കും ദുരന്തങ്ങൾക്കും വിധേയമാണ് ഇന്ന് മുസ്‌ലിംലോകം. തലച്ചോറുകൾപോലും മരവിച്ചുപോകുന്ന അതിദാരുണമായ വാർത്തകളാണ്

മുസ്ലിംനാടുകളിൽനിന്നും മുസ്ലിം സമൂഹത്തിൽ നിന്നും നാം കേൾക്കുകയും കാണുകയും ചെയ്തുകൊണ്ടിരിക്കുന്നത്. ചോരയും കണ്ണീരും ഒന്നിച്ചൊഴുകുന്ന അവിടങ്ങളിൽ ദുഃഖങ്ങളും വിലാപങ്ങളും ഒരു തുടർക്കഥയാവുന്നു. മുസ്ലിംയുവാക്കളെ ഭീകരരായി മുദ്രകുത്തി ലോകം മുഴുവൻ വേട്ടയാടുന്നു. അവരുടെ ആശ്രയം നഷ്ടപ്പെട്ട മാതാപിതാക്കൾ, വിധവയായ ഭാര്യമാർ, അനാഥരായ കുഞ്ഞുങ്ങൾ അങ്ങനെയൊരു ഭീകരചിത്രം നമ്മുടെ മുമ്പിൽ തെളിയുന്നു. അല്ലാഹുവിന്റെ ശാപത്തിനും കോപത്തിനും പാത്രമായ യഹൂദികളും ക്രിസ്ത്യൻസമൂഹവും ഇന്ന് മുസ്ലിം സമൂഹത്തെ വേട്ടയാടിക്കൊണ്ട് മുന്നേറുന്നു. നിശ്ചലമായി നോക്കിനില്ക്കുവാനല്ലാതെ മുസ്ലിം ഉലമാക്കൾക്ക് മറ്റെന്ത് മാർഗ്ഗം? അഫ്ഗാൻ യുദ്ധവും ഇറാഖ് യുദ്ധവും നല്കുന്ന പാഠവും ഇതുതന്നെയല്ലേ? ചെറുത്തുനില്ക്കാൻ കെല്പുള്ള മുസ്ലിംരാഷ്ട്രങ്ങളെ ആക്രമിച്ചു നശിപ്പിക്കുക. ഇതാണ് പാശ്ചാത്യശക്തികളുടെ നയം. പണംകൊണ്ട് അമ്മാനമാടുന്ന സൗദി അറേബ്യപോലുള്ള മുസ്ലിംരാഷ്ട്രങ്ങൾ എന്തേ ഇത് കണ്ട് മൗനംപാലിച്ചു? ആരെയാണ് ഇവർ ഭയക്കുന്നത്? അമേരിക്കയുടെ ഡിഫൻസ് സെക്രട്ടറി ഡൊനാർൾഡ് റംസ്ഫീൽഡിന്റെ മൗനസമ്മതത്തോടെ ഇറാഖിലെ അബുഗുറൈബ് ജയിലിൽ നടമാടിയ പേക്കൂത്തുകൾ ദൃശ്യമാധ്യമങ്ങൾ ലോകത്തിനു മുമ്പിൽ തുറന്നുകാട്ടിയപ്പോൾ, ബുഷ് ഭരണകൂടത്തിന് യുദ്ധത്തിനുവേണ്ട ഒത്താശ ചെയ്തുകൊടുത്ത രാഷ്ട്രനേതാക്കൾക്ക് പോലും ഉൾക്കിടിലമുണ്ടായില്ലേ? അത്രയും ഭീകരതയും ക്രൂരതയും നിറഞ്ഞതായിരുന്നു ആ രംഗങ്ങൾ. ചുരുക്കത്തിൽ ഭയാനകങ്ങളായ ദുരിതങ്ങളാൽ വലയം ചെയ്യപ്പെട്ടുനിൽക്കുന്ന മുസ്ലിം സമൂഹം മലവെള്ളത്തിലെ ചണ്ടികൾപോലെ ദുർബലമായിരിക്കുന്നു. അതിന്റെ ജീർണ്ണത പരിപൂർണ്ണമായി വരുന്നു. ഇന്ന് നാം കാണുന്ന ഇറാഖ്, അഫ്ഗാനിസ്ഥാൻ പോലുള്ള രാഷ്ട്രങ്ങളുടെ മേൽ ലോകപോലീസ് ചമയുന്നവർ നടത്തുന്ന ബോംബും മിസൈലും കൊണ്ടുള്ള കലാസൃഷ്ടികൾ ഇനിയും പല മുസ്ലിം രാഷ്ട്രങ്ങളും അനുഭവിക്കേണ്ടതായിവരും.

മുസ്ലിംലോകത്തിന്റെ ഇന്നത്തെ സാർവ്വത്രികവും സർവ്വതോന്മുഖവുമായ തകർച്ചയുടേയും നാശത്തിന്റേയും അടിസ്ഥാനപരമായ കാരണങ്ങളിലൊന്ന് അവർക്കൊരു സാർവ്വലൗകിക നേതൃത്വം ഇല്ല എന്നതാണ്. ഏകദേശം ലോകമുസ്ലിം ജനസംഖ്യ നൂറുകോടിയിലധികം വരും. ഇതിന്റെ അടിസ്ഥാനത്തിൽ ലോകരംഗത്ത് മുസ്ലിംരാഷ്ട്രങ്ങൾ സുശക്തമായ നിലയിൽ ഉണ്ടാകേണ്ടതായിരുന്നു. ദയനീയമെന്നു പറയട്ടെ, ഒരേ നേതൃത്വവും കേന്ദ്രവും ഏകലക്ഷ്യവും ഉള്ള ഏക സമുദായ സങ്കല്പം ഇന്ന് മുസ്ലിംകളിൽ ഇല്ലതന്നെ. മതത്തെ ദൃഢപ്പെടുത്തുകയും സമുദായത്തിൽ ശക്തിയും ബലവും ഐക്യവും നിലനിറുത്തുകയും ചെയ്യുവാൻ സുശക്തമായ ഒരാഗോളനേതൃത്വത്തിന് മാത്രമേ സാധിക്കുകയുള്ളൂ. ഇന്ന് ഭൂരിപക്ഷ മുസ്ലിം സമുദായം ഖിലാഫത്ത് എന്ന ആ ആത്മീയപ്രഭാവത്തെ പാടെ മറന്നിരിക്കുന്നു. അവർ പല കാരണങ്ങൾ നിരത്തി ഖിലാഫത്ത് എന്ന ആത്മീയ ചൈതന്യത്തെ വളച്ചൊടിക്കുന്നു. അല്ലെങ്കിൽ മുല്ലായിസം ആ ആത്മീയചൈതന്യത്തെ കണ്ടെത്താൻ അനുവദിക്കുന്നില്ല എന്നുവേണം കരുതാൻ! എന്നാൽ അല്ലാഹു അവന്റെ വാഗ്ദാനം ലംഘിച്ചിട്ടില്ല. അനുഗ്രഹീത മുസ്ലിം സമുദായത്തെ അവൻ കൈവിട്ടിട്ടില്ല. പരമ്പരാഗതമായ ഖിലാഫത്ത് അവസാനിക്കുമ്പോഴേക്കും അവൻ തന്റെ അനുഗൃഹീത ദാസനായ വാഗ്ദത്ത മഹ്ദീ മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ നിയോഗിച്ചുകൊണ്ട് അദ്ദേഹം മുഖേന യഥാർത്ഥ ഇസ്ലാമിക ഖിലാഫത്ത് പുനഃസ്ഥാപിച്ചിരിക്കുന്നു. അങ്ങനെ വാഗ്ദത്ത മസീഹ് തന്റെ സമുദായത്തിൽ ഖലീഫയായിരിക്കുമെന്ന ഹസ്റത്ത് റസൂൽകരീം(സ)ന്റെ പ്രവചനം അക്ഷരാർത്ഥത്തിൽതന്നെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുകയാണ്. പക്ഷേ, ഭൂരിപക്ഷ മുസ്ലിംകൾ ഈ യാഥാർത്ഥ്യം മനസ്സിലാക്കിയില്ല. അവർ ബനീഇസ്രായീലിനു പ്രവാചകനായിരുന്ന ഈസാനബി(അ)യെ ആകാശത്തുനിന്നും ഇറങ്ങിവരുന്നതും പ്രതീക്ഷിച്ചു കഴിയുകയാണ്.

റാശിദിയ്യ ഖിലാഫത്തിന്റെ കാലഘട്ടത്തിൽ ഇസ്ലാമിന് വൻമുന്നേറ്റം ഉണ്ടാവുകയും മുസ്ലിംകൾ എല്ലാവരേയും ബഹുമാനിക്കപ്പെടുന്ന ഒരു സമൂഹമായി വളരുകയും ചെയ്തു. എന്നാൽ മുല്ലായിസം ശക്തിപ്രാപിച്ചതോടുകൂടി ആ നല്ല കാലഘട്ടം യവനികയ്ക്കുള്ളിൽ മറഞ്ഞു. നബിതിരുമേനിയുടെ പിന്തുടർച്ചയിലുള്ള അത്തരം ഖിലാഫത്ത് ഇനിയും പുനഃസ്ഥാപിക്കാനാകുമോ? മുസ്ലിം നേതൃത്വം എന്നുവെച്ചാൽ, ഇമാമത്ത് ആണ്. അതല്ല ഇന്നവർക്ക് ആവശ്യം. ഖിലാഫത്തിന്റെ ഇമാമത്താണ്. പ്രസംഗിച്ചും കരഞ്ഞും പ്രാർത്ഥിച്ചുകൊണ്ടുപോലും അതു പുനഃസ്ഥാപിക്കപ്പെടുകയില്ല. നബിതിരുമേനിയുടെ പ്രവചനമനുസരിച്ച് ഇമാം മഹ്ദിയുടെ- വാഗ്ദത്ത മസീഹിന്റെ പിന്നിൽ സംഘടിച്ചുകൊണ്ട് മാത്രമേ ആ നേതൃത്വം പുനഃസ്ഥാപിക്കാനും ഇസ്ലാമിന്റെ- മുസ്ലിംലോകത്തിന്റെ തന്നെയും വിജയം ഉറപ്പിക്കാനും ഇനി സാധ്യമാവുകയുള്ളൂ.

അഹ്മദിയ്യാ ഖിലാഫത്തിനെ അംഗീകരിക്കുന്നില്ലെങ്കിൽ പതിമൂന്ന് നൂറ്റാണ്ടുകാലം നിലനിന്ന ഇസ്ലാമിക ഖിലാഫത്ത് എവിടെ? എന്തുകൊണ്ട് അത് നശിച്ചുപോയി? തുർക്കിയിൽ തുടർന്നുവന്ന നാമമാത്ര ഖിലാഫത്തും അവസാനിച്ചപ്പോൾ എന്തുകൊണ്ട് ഇന്നുവരേയും ഖിലാഫത്തിനെ പുനഃസ്ഥാപിക്കാൻ കഴിഞ്ഞില്ല. ലോകമുസ്ലിം നേതാക്കൾ അതിന്നായി സകല ശ്രമങ്ങളും നടത്തിയിട്ടും അനേകം കോൺഫറൻസു

കൾ വിളിച്ചുകൂട്ടിയിട്ടും എന്തുകൊണ്ട് അവരെല്ലാം പരാജയപ്പെടുന്നു. തുർക്കിഖിലാഫത്തിന്റെ അധഃപതനത്തിനുശേഷം മുസ്ലിംകൾക്ക് ആവശ്യം ഇന്നൊരു ഖിലാഫത്താണെന്നും അവർ ആഗ്രഹിക്കുന്നതും അതാണെന്നും, അതിന്റെ പേരിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ പോരാടാൻ മുസ്ലിംകളെ ആയുധമാക്കാം എന്നും മുൻകൂട്ടിക്കണ്ട ഗാന്ധിജി മൗലാനാ മുഹമ്മദലിയുടെ സഹായത്തോടെ ഖിലാഫത്ത് പ്രസ്ഥാനത്തിന് രൂപം കൊടുത്തു. അങ്ങനെ ഖിലാഫത്ത് പ്രസ്ഥാനത്തെ മുന്നിൽ കണ്ടുകൊണ്ട് ബ്രിട്ടന്നെതിരെ ജിഹാദ് നടത്താനും ഇന്ത്യയിൽനിന്ന് ഹിജ്റത്ത് ചെയ്യാനും തുനിഞ്ഞ മുസ്ലിം കലാപകാരികൾക്ക് പരിഹാസ്യമായ പരാജയം മാത്രമല്ല ബ്രിട്ടീഷുകാരുടെ കയ്യാൽ കനത്ത കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിയും വന്നു. കുറേയേറെ മുസ്ലിംകൾ നാടുകടത്തപ്പെട്ടു. നാടുകടത്താൻ ഇരുമ്പുവാഗണിൽ കൊണ്ടുപോകുന്ന വഴിയെ ശ്വാസംമുട്ടി മരിച്ചവർ അതിലും ഏറെ. ചുരുക്കത്തിൽ ഇസ്ലാമിനോടുള്ള സ്നേഹവും ഖിലാഫത്തിനോടുള്ള കൂറും വിശ്വാസവും അവർ പ്രകടിപ്പിക്കുകയായിരുന്നു. അതിനുവേണ്ടി ജീവത്യാഗം പോലും ചെയ്യാൻ മടിയില്ലാത്തവർ. പക്ഷേ, നിഷ്ഫലം. അല്ലാഹുവിന്റെ അനുഗ്രഹം ഇല്ലാതെ എങ്ങനെ ഖിലാഫത്തിന് രൂപം കൊടുക്കാൻ കഴിയും?

സൗദിഅറേബ്യ എണ്ണപ്പണത്തിന്റെ കൊഴുപ്പിൽ വളർന്നു ശക്തിപ്പെടുകയും അറബിലോകത്ത് വൻശക്തിയായി മാറുകയും ചെയ്തപ്പോൾ ഫൈസൽ രാജാവിന് ഖലീഫചമയാൻ മോഹം ഉദിച്ചു. അതിന്നായി അദ്ദേഹം റാബിത്തത്തുൽ ആലമീൻ ഇസ്ലാമിയ എന്ന സംഘടന രൂപീകരിച്ചു. അതിന്നായി ഉസ്മാനിയ ഖിലാഫത്തിന്റെ കീഴിലുണ്ടായിരുന്ന തിരുനബിയുടെ സ്മാരകവസ്തുക്കൾ കൈക്കലാക്കിയാൽ ഖിലാഫത്തിനുള്ള അവകാശം കൈവരും എന്നും അദ്ദേഹം വ്യാമോഹിച്ചു. അതിനിടയിൽ ദൈവനിർമ്മിതമായ അഹ്മദിയ്യാ ഖിലാഫത്തിനെ തകർക്കാൻ മനുഷ്യനിർമ്മിതമായ ഫൈസൽഖിലാഫത്ത് കരുക്കൾ നീക്കിക്കൊണ്ടേയിരുന്നു. അതിന്റെ ആദ്യപടിയായി ചില റാബിത്ത നേതാക്കന്മാരുടെ സ്വാധീനത്തോടെ അഹ്മദികൾക്ക് ഹജ്ജ് നിഷേധിക്കുകയുണ്ടായി. ഫൈസൽ രാജാവിനെ ഖലീഫ ചമയിക്കാനും അഹ്മദിയ്യാ ജമാഅത്തിനെ നിരോധിക്കാനും മുൻകൈയെടുത്ത രാഷ്ട്രത്തലവന്മാർ അന്നത്തെ പാക്കിസ്ഥാൻ പ്രസിഡന്റ് സുൽഫിക്കൽഅലിഭൂട്ടോയും ഉഗാണ്ട പ്രസിഡന്റ് ഈദിഅമീനുമാണ്. അങ്ങനെ ആ രണ്ട് രാജ്യങ്ങളിലും അഹ്മദിയ്യത്ത് നിരോധിച്ചുകൊണ്ട് അവർ ഭാവിഖലീഫ ഫൈസൽ രാജാവിന് സ്തുതിഗീതം പാടി. കാലചക്രം കറങ്ങിക്കൊണ്ടിരിക്കെ മനുഷ്യനിർമ്മിതമായ ഖലീഫയുടെയും സ്തുതിപാടകരുടേയും ജീവിതചക്രം അല്ലാഹുവിന്റെ കയ്യാൽ അതിദയനീയമായി ഞെരിഞ്ഞമർന്നു.

നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് അഥവാ അഹ്മദിയ്യാ ഖിലാഫത്ത് ദൈവികമായ നിർദ്ദേശമനുസരിച്ച് സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരിക്കയാൽ മറ്റൊരു ഇസ്ലാമിക ഖിലാഫത്തിന്റെ ആവശ്യമില്ല. അത് രൂപംകൊള്ളുകയുമില്ല എന്നതാണ് യാഥാർത്ഥ്യം. അല്ലെങ്കിൽ അല്ലാഹു വിശുദ്ധഖുർആനിലൂടെ വാഗ്ദത്തം ചെയ്ത ഖിലാഫത്ത് ഏതെങ്കിലുമൊരു രൂപത്തിൽ നിലനിൽക്കേണ്ടതായിരുന്നില്ലേ? ഖിലാഫത്തിനെ പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ അത്തരം ഒരു ഖിലാഫത്ത് ആവശ്യമില്ലെന്നും മുസ്ലിം ഉമ്മത്ത്തന്നെ ഖിലാഫത്താണെന്നുള്ള അസംബന്ധം എഴുന്നള്ളിച്ച്, മുസ്ലിം സമൂഹത്തെ കബളിപ്പിച്ച് തടിതപ്പുകയാണ് നേതൃത്വനിരയിലുള്ള ഉലമാക്കന്മാർ പിന്നീട് ചെയ്തത്.

ചുരുക്കത്തിൽ, വിഭിന്നരാജ്യങ്ങളിലെ വിഭിന്ന വംശങ്ങളിലെ വിഭിന്നകക്ഷികളിലെ എല്ലാ മുസ്ലിംകളേയും ഒന്നിപ്പിക്കാൻ ദൈവപാശത്തിന് മാത്രമേ സാധിക്കുകയുള്ളൂ. ഈ ദൈവപാശം മുഹമ്മദ് നബി (സ) ആണെങ്കിൽ, മുഹമ്മദ്നബി പ്രവചിച്ച ഇമാം മഹ്ദിയെ കണ്ടെത്തുക. മനസ്സിലാക്കുക. ആ ദൈവപാശം വിശുദ്ധഖുർആൻ ആണെങ്കിൽ, ഖുർആൻ കല്പിച്ച ***വ ആഖരീന മിൻഹും ലമ്മായൽഹഖുബിഹിം*** (ഇതേവരെ അവരോട് ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരുകൂട്ടരിലും) എന്ന വാക്യപ്രകാരം പ്രത്യക്ഷനായ തിരുനബിയുടെ രണ്ടാംപ്രഭാവത്തെ തിരിച്ചറിയുക. ആ ദൈവപാശം ഖിലാഫത്താണെങ്കിൽ, ഇന്ന് നിലനില്ക്കുന്ന യഥാർത്ഥ ഇസ്ലാമിക ഖിലാഫത്തിനെ അംഗീകരിക്കുക. ഇതാണ് മുസ്ലിം ലോകത്തിന് ഇന്നുള്ള ഏകപോംവഴി. ഇതിൽനിന്ന് അകന്നുകൊണ്ട് എത്ര ചർച്ച ചെയ്താലും എത്ര ചിന്തിച്ചാലും അതൊക്കെയും വെള്ളത്തിൽ വരച്ചവരപോലെയാവുകയേയുള്ളൂ.

വിശുദ്ധഖുർആന്റേയും തിരുഹദീസുകളുടേയും അടിസ്ഥാനത്തിൽനിന്നും വ്യക്തമാകുന്നത് ഖിലാഫത്തിന്റെ നാലാം ഘട്ടമായി നുബുവ്വത്തിന്റെ പാതയിൽ ഖിലാഫത്ത് ഉണ്ടാകുമെന്നാണ്. അപ്പോൾ ഇവിടെ ഒരു നബിവരുമെന്ന് വളരെ സ്പഷ്ടമായി വ്യക്തമാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആ നബി ഇമാം മഹ്ദി (അ) ആണെന്ന് വ്യക്തമാണ്. '***ലൽ മഹ്ദിയ്യ ഇല്ലാ ഈസാ***' എന്ന നബിവചനത്തിൽനിന്നും ഈസായും മഹ്ദിയും ഒരാളാണെന്നും മനസ്സിലാകുന്നു. ഈ പ്രവചനങ്ങളെല്ലാം അഹ്മദിയ്യാ ജമാഅത്തിന്റെ വന്ദ്യസ്ഥാപകരായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ൽ പൂർത്തിയായി. സൽമാനുൽ ഫാരിസിയുടെ തോളിൽ കൈവെച്ചുകൊണ്ട് നബി(സ) തിരുമേനി പറഞ്ഞത് ഹദീസിൽ രേഖപ്പെടുത്തിയത് ഇങ്ങനെയാണ്. "സത്യവിശ്വാസം-കാർത്തികനക്ഷത്രം വരെ ഉയർന്നുപോയാലും ഇദ്ദേഹത്തിന്റെ വംശത്തിൽപ്പെട്ട ഒരാളോ ഒന്നിലധികം വ്യക്തികളോ അതിനെ താഴ്ത്തിക്കൊണ്ടുവരുന്നതാണ്." സൽമാനുൽ ഫാരിസിയുടെ സന്താനപരമ്പരയിൽ ജനിച്ച ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ അല്ലാഹു ഇമാം മഹ്ദിയും വാഗ്ദത്ത മസീഹുമായി നിയോഗിച്ചു.

ഹസ്റത്ത് അഹ്മദ്(അ)ന്റെ ലുധിയാന പ്രഭാഷണത്തിന്റെ ഒരുവരി ഞാനിവിടെ ചേർത്തുകൊള്ളട്ടെ.

**ശേഷം 36–ാം പേജിൽ**

19–ാം പേജിൽനിന്ന്

***മൂന്നാം സമ്മാനം:*** ആസിഫാ ബീഗം കോഴിക്കോട്

## ഫിൽബദീഹ്

***ഒന്നാം സമ്മാനം:*** താഹിറാ സിദ്ദീഖാ കണ്ണൂർടൗൺ

***രണ്ടാം സമ്മാനം:*** നസീഹാ വാണിയമ്പലം

***മൂന്നാം സമ്മാനം:*** ജസ്ഫീന കോഴിക്കോട്

## പ്രബന്ധം

***ഒന്നാം സമ്മാനം:*** അമത്തുന്നസീർ പഴയങ്ങാടി

***രണ്ടാം സമ്മാനം:*** താഹിറാ സിദ്ദീഖാ കണ്ണൂർ ടൗൺ

## ക്വിസ്സ്

***ഒന്നാം സമ്മാനം:*** മുബീന, അമത്തുന്നസീർ പഴയങ്ങാടി (കണ്ണൂർ മേഖല)

***രണ്ടാം സമ്മാനം:*** ജസ്ഫീന, ഇർഫാന (കോഴിക്കോട് മേഖല)

***മൂന്നാം സമ്മാനം:*** മലീഹ, നിശാന പള്ളുരുത്തി (എറണാകുളം മേഖല) അത്തിയത്തുൽ ബാരിഅ്, ആൻസി അലനല്ലൂർ (പാലക്കാട് മേഖല)

## അക്ഷരശ്ലോകം

***ഒന്നാം സമ്മാനം:*** നാസിയാ ശുക്കൂർ, താഹിറാ സിദ്ദീഖാ കണ്ണൂർ ടൗൺ (കണ്ണൂർമേഖല)

ആസിഫാ ബീഗം, ഇർഫാന കോഴിക്കോട് (കോഴിക്കോട് മേഖല)

***രണ്ടാം സമ്മാനം:*** ശഫീന, നദാ അൻവർ കരുനാഗപ്പള്ളി

***മൂന്നാം സമ്മാനം:*** പാലക്കാട് മേഖല

# നാസിറാത്ത് ജൂനിയർ

## ഖുർആൻ

***ഒന്നാം സമ്മാനം:*** അമത്തുൽ ഹയ്യ് പഴയങ്ങാടി

***രണ്ടാം സമ്മാനം:*** ഹനീനാ സുൽത്താന കോഴിക്കോട്

***മൂന്നാം സമ്മാനം:*** സിഹാനാ മുനവർ കോഴിക്കോട്

## ഖസീദ

***ഒന്നാം സമ്മാനം:*** സിഹാനാ മുനവർ കോഴിക്കോട്

***രണ്ടാം സമ്മാനം:*** നസ്റിൻ മുബാറക് കോഴിക്കോട്

***മൂന്നാം സമ്മാനം:*** ശഹ്നാസ് അബ്ദുശ്ശുക്കൂർ പഴയങ്ങാടി

## ഉർദു പദ്യം

***ഒന്നാം സമ്മാനം:*** ശഹ്നാസ് അബ്ദുശ്ശുക്കൂർ പഴയങ്ങാടി

***രണ്ടാം സമ്മാനം:*** ഫഹ്മി പള്ളിപ്പുറം

***മൂന്നാം സമ്മാനം:*** കാമിലാ ഗുൽനാർ കണ്ണൂർ സിറ്റി

## മലയാള പദ്യം

***ഒന്നാം സമ്മാനം:*** ശഹ്നാസ് അബ്ദുശ്ശുക്കൂർ പഴയങ്ങാടി

***രണ്ടാം സമ്മാനം:*** നസ്റിൻ മുബാറക് കോഴിക്കോട്

***മൂന്നാം സമ്മാനം:*** നേഹാ സഫീർ കോഴിക്കോട്

## പ്രസംഗം

***ഒന്നാം സമ്മാനം:*** സിഹാനാ മുനവർ കോഴിക്കോട്

***രണ്ടാം സമ്മാനം:*** ശാസിയാ ചേലക്കര

***മൂന്നാം സമ്മാനം:*** ശഹ്നാസ് അബ്ദുശ്ശുക്കൂർ പഴയങ്ങാടി

## പെയിന്റിംഗ്

***ഒന്നാം സമ്മാനം:*** സുഹാനാ വസീം കോഴിക്കോട്

***രണ്ടാം സമ്മാനം:*** കാമിലാ ഗുൽനാർ കണ്ണൂർസിറ്റി

***മൂന്നാം സമ്മാനം:*** നിലോഫർ സുൽത്താനാ കോഴിക്കോട്, റിനീശാ റഫീഖ് കൂടാളി

# സബ്ജൂനിയർ

## ഖുർആൻ മനഃപാഠം

***ഒന്നാം സമ്മാനം:*** തൂബാ സദഫ് പള്ളുരുത്തി, ഫാത്തിമ മഞ്ചേരി

***രണ്ടാം സമ്മാനം:*** നിലോഫർ പള്ളുരുത്തി

***മൂന്നാം സമ്മാനം:*** സാനിയാ തമന്നാ കൂടാളി

## ഖസീദ

***ഒന്നാം സമ്മാനം:*** നിലോഫർ പള്ളുരുത്തി

***രണ്ടാം സമ്മാനം:*** സുനൈന സഫർ പഴയങ്ങാടി

***മൂന്നാം സമ്മാനം:*** അമീറാ ഖയ്യൂം പഴയങ്ങാടി

## ഉർദു പദ്യം

***ഒന്നാം സമ്മാനം:*** നിലോഫർ പള്ളുരുത്തി, തമന്ന കോഴിക്കോട്

***രണ്ടാം സമ്മാനം:*** മാരിയാ മുദസ്സിൽ പള്ളുരുത്തി

***മൂന്നാം സമ്മാനം:*** ഫാത്തിമാ ജലീൽ കരുനാഗപ്പള്ളി

## മലയാളപദ്യം

***ഒന്നാം സമ്മാനം:*** സുനൈന സഫർ പഴയങ്ങാടി

***രണ്ടാം സമ്മാനം:*** തമന്ന കോഴിക്കോട്

***മൂന്നാം സമ്മാനം:*** ഫാത്തിമാ മഞ്ചേരി

## പ്രസംഗം

***ഒന്നാം സമ്മാനം:*** സാനിയ തമന്ന കൂടാളി

***രണ്ടാം സമ്മാനം:*** നിലോഫർ പള്ളുരുത്തി

***മൂന്നാം സമ്മാനം:*** തൂബാ സഫർ പള്ളുരുത്തി

## പെയിന്റിംഗ്

***ഒന്നാം സമ്മാനം:*** മലീഹാ റഫീഖ് കോഴിക്കോട്

***രണ്ടാം സമ്മാനം:*** നിലോഫർ പള്ളുരുത്തി

***മൂന്നാം സമ്മാനം:*** സദഫ് തൂബാ പള്ളുരുത്തി

## സബ്ജൂനിയർ- ബി

### ഖുർആൻ

***ഒന്നാം സമ്മാനം:*** തസ്നീം സലീം മട്ടന്നൂർ
***രണ്ടാം സമ്മാനം:*** മുഹ്സിനാ ചേലക്കര
***മൂന്നാം സമ്മാനം:*** സിഹാനാ ജലീൽ പഴയങ്ങാടി

### ഖസീദ

***ഒന്നാം സമ്മാനം:*** ഫാത്തിമാ ബശീർ കൂടാളി
***രണ്ടാം സമ്മാനം:*** മുഹ്സിന ചേലക്കര
***മൂന്നാം സമ്മാനം:*** ലിമാ മൻസൂർ കരുനാഗപ്പള്ളി

### ഉർദു പദ്യം

***ഒന്നാം സമ്മാനം:*** ലിമാ മൻസൂർ കരുനാഗപ്പള്ളി
***രണ്ടാം സമ്മാനം:*** ഹാദിയാ കാക്കനാട്
***മൂന്നാം സമ്മാനം:*** മറിയാ നൗറീൻ പഴയങ്ങാടി, മുഹ്സീന ചേലക്കര

### മലയാള പദ്യം

***ഒന്നാം സമ്മാനം:*** ലിമാ മൻസൂർ കരുനാഗപ്പള്ളി
***ഒന്നാം സമ്മാനം:*** ആദിലാ കരുനാഗപ്പള്ളി
***ഒന്നാം സമ്മാനം:*** തസ്നീം സലീം മട്ടന്നൂർ

### പ്രസംഗം

***ഒന്നാം സമ്മാനം:*** സിഹാനാ ജലീൽ പഴയങ്ങാടി
***രണ്ടാം സമ്മാനം:*** ഫാത്തിമാ ബശീർ കൂടാളി
***മൂന്നാം സമ്മാനം:*** ശമിൻ ആദിനാട്

### പെയിന്റിംഗ്

***ഒന്നാം സമ്മാനം:*** ശമായിലാ സൗസൻ കണ്ണൂർസിറ്റി
***രണ്ടാം സമ്മാനം:*** റുത്ബുബ കണ്ണൂർ സിറ്റി
***മൂന്നാം സമ്മാനം:*** ഹാദിയാ കാക്കനാട്

●

---

**34-ാം പേജിൽനിന്ന്**

അദ്ദേഹം പറയുന്നു: "മുസ്ലിംകളേ, ഓർക്കുക. അല്ലാഹു ഞാൻ മുഖേന ഈ സുവാർത്ത അറിയിച്ചിരിക്കുകയാണ്. ഞാനെന്റെ സന്ദേശം എത്തിച്ചിരിക്കുന്നു. അത് ശ്രവിക്കുന്നതും ശ്രവിക്കാതിരിക്കുന്നതും നിങ്ങളുടെ ഇഷ്ടമാണ്. മുഹമ്മദ് നബി(സ)യുടെ സത്യം ലോകത്ത് വിജയിപ്പിക്കാനും വാഗ്ദത്തം ചെയ്യപ്പെട്ട ഇസ്ലാമിന്റെ ആഗോളവിജയം സമീപസ്ഥമാക്കാനും ആ പുണ്യാത്മാവിന്റെ പിന്നിൽ അണിചേർന്ന മുസ്ലിംകളോട് എന്നല്ല ലോകമുസ്ലിം രാഷ്ട്രങ്ങളോട് തന്നെ നമുക്കും ആഹ്വാനം ചെയ്യാം. നിങ്ങളും ഒരാത്മീയ നേതൃത്വത്തിന്റെ കീഴിൽ അണിനിരന്നുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിലൂടെ- ഇസ്ലാമിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുക. ഹസ്റത്ത് അഹ്മദ് (അ)ന് ശേഷം ആദ്ധ്യാത്മികതയുടേയും, ഭൗതികജ്ഞാനത്തിന്റേയും ഖുർആനിക രഹസ്യങ്ങളുടേയും നിറകുടങ്ങളായ നാല് ഖലീഫമാർ കടന്നുപോയി. ഇപ്പോൾ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു) ഇമാം മഹ്ദിയുടെ അഞ്ചാം ഖലീഫയായി ആഗോള അഹ്മദിയ്യാ ജമാഅത്തിനെ വിജയത്തിന്റെ പാതയിലേക്ക് മുന്നോട്ടു നയിക്കുന്നു.

അല്ലാഹുവുമായുള്ള ഖൈറെ ഉമ്മത്തിന്റെ ബന്ധത്തിൽ ഒരു മാധ്യമമായി പ്രവർത്തിക്കുന്നയാളായിരിക്കണം ഖലീഫ. ***ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്തി*** എന്നതിന്റെ അർത്ഥവും ഇതാണ്. ആ അർത്ഥത്തിൽ അഹ്മദിയ്യാ ഖലീഫ മസ്റൂർ അഹ്മദ് സാഹിബ് മാത്രമാണ് ഇന്ന് മുസ്ലിം ലോകത്തിന്റെ യഥാർത്ഥ നേതാവ്. ഇസ്ലാമിന്റെ ഖലീഫ! ആ ഇമാമിനെ തിരിച്ചറിയുന്നതിലാണ് മുസ്ലിം ലോകത്തിന്റെ ഭാവി നിലകൊള്ളുന്നത്. ***ലിയുള്ഹിറഹു അലദ്ദീനി കുല്ലിഹി*** എന്ന ഖുർആനിക പ്രവചനത്തിൻ പ്രകാരം ഇസ്ലാമിനെ മറ്റെല്ലാ മതങ്ങളുടെയും പ്രസ്ഥാനങ്ങളുടേയും മേൽ പരിപൂർണ്ണമായി വിജയിപ്പിക്കുകയെന്നുള്ളതാണ് നമ്മുടെ കർത്തവ്യം. ഇസ്ലാമിന്റെ ആഗോളവിജയം ഈ കാലഘട്ടത്തിലെ അഹ്മദിയ്യാ ഖിലാഫത്ത് മുഖേനയാണ് സംഭവിക്കേണ്ടത്. അത് സംഭവിക്കുകതന്നെ ചെയ്യും. ഇൻശാഅല്ലാഹ്.

**ബീഗം സമീറ ശംസ്**

## നബികീർത്തനയോഗം

കണ്ണൂർ മേഖലാ ലജ്നാ ഇമായില്ലാ നബികീർത്തനയോഗം കണ്ണൂർ ടൗൺ അഹ്മദിയ്യാ കോംപ്ലക്സിലുള്ള ഡോ. മൻസൂർ ഹാളിൽവെച്ച് 22.5.06-ന് ചേർന്നു. മുഹമ്മദ് നബി(സ)ന്റെ ജീവിതത്തിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കുടുംബജീവിതം ഭദ്രമാക്കണമെന്ന് മഹിളാ വിഭാഗം സംസ്ഥാന പ്രസിഡന്റ് അമത്തുൽ ഹഫീസ് സാഹിബ യോഗം ഉദ്ഘാടനം ചെയ്തുവെ പറഞ്ഞു.

കണ്ണൂർമേഖലാ ലജ്നാ ഇമായില്ലായുടെ ആഭിമുഖ്യത്തിൽ നടന്ന യോഗത്തിൽ ഡോ. മുബാറക്ക മുഹമ്മദ് സാഹിബ അധ്യക്ഷത വഹിച്ചു. ഹമീദ നാസർ (മതാചാര്യരോടുള്ള ആദരവ്), ജുവൈരിയ ഗൗഹർ (ആവിഷ്ക്കാര സ്വാതന്ത്ര്യം), ശാക്കിറ റഹീം (മുഹമ്മദ് നബി(സ), മശ്ഹൂദ (ഇസ്ലാമും സഹിഷ്ണുതയും), ശരീഫ (ജിഹാദ്) എന്നീ വിഷയങ്ങളെ ആസ്പദമാക്കി സംസാരിച്ചു. മേഖലാ സെക്രട്ടറി വഹീദസലിം സാഹിബ യോഗത്തെ സ്വാഗതം ചെയ്തു. മുന്നൂറ്റിയമ്പതോളം സ്ത്രീകളും കുട്ടികളും സന്നിഹിതരായിരുന്നു. അമുസ്ലിം സഹോദരിമാരും, അനഹ്മദി സഹോദരിമാരും പങ്കെടുത്തിരുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്.

*(വഹീദാ സലിം)*

# സൃഷ്ടിയുദ്ദേശ്യം അന്വർത്ഥമാക്കാൻ

“നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു. പരമകാരുണികനും കരുണാമയനുമായ അവനല്ലാതെ വേറൊരു ആരാധ്യനുമില്ല.”

‘ചലനം’ അത് ഓരോ നിമിഷവും നടന്നുകൊണ്ടിരിക്കുന്നു. ഒന്നിൽനിന്ന് മറ്റൊന്നിലേക്ക്. ഒരു കാലത്തിൽനിന്ന മറ്റൊരു കാലത്തിലേക്ക്. കാലത്തിന്റെ സമയത്തിന്റെ ഈ അനുസ്യൂതപ്രവാഹം എങ്ങോട്ടേക്കാണ്? നദി സാഗരത്തിലേക്ക് എത്തിച്ചേരാൻ വെമ്പൽകൊള്ളുന്നതുപോലെ ഏതോ ദിക്കിലേക്കുള്ള അനന്തമായ അജ്ഞാതമായ ദിശയിലേക്കുള്ള യാത്ര. ഈ യാത്ര എന്നു തുടങ്ങി, എന്നവസാനിക്കും അറിയില്ല! സർവ്വചരാചരങ്ങളിലുംവെച്ച് ബുദ്ധിമാനെന്ന് അഹങ്കരിക്കുന്ന മനുഷ്യന് ഉത്തരംമുട്ടുന്നു. യുഗയുഗാന്തരങ്ങളായി ഈ കാലചക്രം ചലിക്കുന്നു. ഒന്നും തന്നെ ഈ മനുഷ്യന്റെ കൈപിടിയിലല്ല. അവനെ സൃഷ്ടിച്ച ആ സർവ്വലോക സ്രഷ്ടാവിന്റെ കാരുണ്യവും സ്നേഹവും ഇല്ലെങ്കിൽ എന്നേ അവൻ നശിച്ചൊടുങ്ങുമായിരുന്നു. ചിന്തിക്കുക- എന്തിന് സ്രഷ്ടാവ് മനുഷ്യസൃഷ്ടിപ്പ് നടത്തി? എന്തിനവന് ആഹാരവിഭവങ്ങൾ നല്കി? ബുദ്ധിയും ചിന്താശക്തിയും നല്കി. ഇതിനുള്ള ഉത്തരം മനുഷ്യന് തന്റെ ചിന്താശക്തികൊണ്ട് മാത്രം ലഭിക്കുകയില്ല. ഇത്തരം നാനാവിധ ചോദ്യങ്ങളിലും സമസ്യകളിലുംപെട്ടുഴലുന്ന മനുഷ്യർക്ക് അവരുടെ സ്രഷ്ടാവിൽനിന്ന് ലഭിച്ച ആദ്യത്തെ വരദാനമായിരുന്നു പ്രവാചകാവതാരങ്ങൾ. ഓരോ കാലത്തും മനുഷ്യന്റെ ആത്മീയാഭിവൃദ്ധിക്കും ഭൗതികമായ ജീവിതത്തിനും പര്യാപ്തമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും പ്രവാചകന്മാർ മുഖേന നല്കിക്കൊണ്ടിരുന്നു. രണ്ടാമത്തെ വരദാനമായിരുന്നു ദിവ്യഗ്രന്ഥങ്ങൾ. അവയിൽ പ്രവാചകവരേണ്യനായ മുഹമ്മദ് നബി(സ)ക്ക് ദിവ്യവെളിപാടുമൂലം സർവ്വലോകനിയന്താദാതാവായ റബ്ബ് ഇറക്കിക്കൊടുത്ത വിശുദ്ധഖുർആനത്രെ ഏറ്റവും മഹത്തരമായത്, പൂർണ്ണമായത്. അതിൽ മനുഷ്യന്റെ സകല സമസ്യകൾക്കുമുള്ള ഉത്തരം അന്തർലീനമായിരിക്കുന്നു.

മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യമെന്തെന്നതായിരുന്നു ചിന്തിക്കുന്ന മനുഷ്യന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരുന്ന സമസ്യ. അതിന് വിശുദ്ധഖുർആൻ മുഖേന അല്ലാഹു പറയുന്നു. “ജിന്നിനേയും ഇൻസിനേയും എന്നെ ആരാധിക്കുവാനായിട്ടല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.” സന്ദേഹങ്ങൾക്കോ ഊഹങ്ങൾക്കോ ഇട നല്കാതെ വളരെയധികം വസ്തുനിഷ്ഠമായ വ്യക്തമായ ഒരു ഉത്തരം മനുഷ്യന് ഇതിൽനിന്ന് ലഭിച്ചിരിക്കുന്നു.

നാം ഒരു വ്യക്തിയെ ഇഷ്ടപ്പെടുന്നതിന്, ബഹുമാനിക്കുന്നതിന് ഒരു കാരണം ഉണ്ടാകും. അതൊരു പക്ഷേ സ്നേഹത്താലാവാം അല്ലെങ്കിൽ ഭയത്താലാവാം. എന്നാൽ സ്നേഹം, ഭയം എന്നീ രണ്ട് വികാരങ്ങളും ഉടലെടുക്കുന്നതിന് പിന്നിലും കാരണങ്ങൾ ഇല്ലാതെയില്ല. ശിക്ഷ ലഭിക്കുമ്പോൾ ശിക്ഷ നൽകുന്ന വ്യക്തിയെ നാം ഭയക്കുന്നു. പാരിതോഷികങ്ങൾ ലഭിക്കുമ്പോൾ നമുക്ക് ആ വസ്തുക്കൾ തന്ന വ്യക്തിയെ നാം സ്നേഹിക്കുന്നു. എന്നാൽ ഇവയെല്ലാംതന്നെ കേവലം ഭൗതികമായ ബന്ധങ്ങൾ നൽകുന്ന അനുഭൂതികളാണ്. പ്രസ്തുത അനുഭൂതികൾ മനുഷ്യന് തന്റെ സ്രഷ്ടാവിനോടുള്ള തന്റെ കടമയെ ഓർമ്മിപ്പിക്കുകകൂടി ചെയ്യുന്നു.

എന്തിനാണ് നാം നമ്മുടെ സ്രഷ്ടാവിനെ ആരാധിക്കുന്നത്? ചോദ്യത്തിൽതന്നെ ഉത്തരവും അടങ്ങിയിരിക്കുന്നു. അവൻ സ്രഷ്ടാവാണ്. കേവലം മനുഷ്യരുടെ മാത്രമല്ല. മനുഷ്യന് ജീവിക്കുവാൻ ആവശ്യമായ സകലതിന്റേയും സ്രഷ്ടാവാണവൻ.

വിശുദ്ധഖുർആനിൽ രണ്ടാം അദ്ധ്യായം 30-ാം സൂക്തത്തിൽ അല്ലാഹു പറയുന്നു. “ഭൂമിയിലുള്ളവയൊക്കെയും നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചവനാണവൻ. എന്നിട്ടവൻ ആകാശങ്ങളുടെ നേരെ തിരിഞ്ഞു. അവയെ ഏഴ് ആകാശങ്ങളായി ശരിപ്പെടുത്തുകയും ചെയ്തു. അവൻ എല്ലാ കാര്യങ്ങളും നന്നായി അറിയുന്നവനത്രെ.”

ശ്രദ്ധിക്കുക. ഇതിൽ പറഞ്ഞിരിക്കുന്നു. ഭൂമിയിലുള്ളവയൊക്കെയും അവൻ സൃഷ്ടിച്ചിരിക്കുന്നു. ആർക്കുവേണ്ടി- മനുഷ്യർക്ക്. ആ സ്രഷ്ടാവിനെ നിങ്ങൾ ആരാധിക്കുക എന്ന വസ്തുത ചിന്തിക്കുന്ന ആർക്കും മനസ്സിലാകും. എന്നിട്ടും തന്റെ സ്രഷ്ടാവിനെ നിഷേധിക്കുന്നവരോട് ആ സൃഷ്ടികർത്താവ് പറയുന്നു.

“നിങ്ങൾ അല്ലാഹുവിനെ എങ്ങനെ നിഷേധിക്കും?

നിങ്ങൾ നിർജ്ജീവരായിരുന്നു. എന്നിട്ട് നിങ്ങളെ അവൻ ജീവനുള്ളവനാക്കി. ഇനി അവൻ നിങ്ങളെ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യും. എന്നിട്ട് നിങ്ങൾ അവങ്കലേക്കുതന്നെ മടക്കപ്പെടുന്നതാണ്."

ഈ സൂക്തം നമ്മിൽ സ്നേഹവികാരവും ഭയവും ഉണ്ടാക്കുന്നു. ആരുമല്ലാതിരുന്ന നമുക്ക് മനുഷ്യജീവിയെന്ന അസ്തിത്വം നല്കിയിരിക്കുന്നു. മറ്റ് ജീവജാലങ്ങളെക്കാൾ ഉന്നതനായി അവനെ സൃഷ്ടിച്ചിരിക്കുന്നു. അറിവും, കഴിവും, ചിന്താശക്തിയും നല്കി അനുഗ്രഹിച്ചിരിക്കുന്നു. നന്മ തിന്മകളെ വേർതിരിച്ചറിയുവാനുള്ള വിവേചനബുദ്ധി നല്കിയിരിക്കുന്നു. തന്റെ സൃഷ്ടാവിനെ കുറിച്ചറിയുവാനുള്ള മാർഗ്ഗങ്ങളായി പ്രവാചകന്മാരേയും ദിവ്യഗ്രന്ഥങ്ങളേയും നല്കിയിരിക്കുന്നു. ഇതെല്ലാം നമ്മെ സൃഷ്ടാവിനെ സ്നേഹിക്കുവാൻ പ്രേരിപ്പിക്കുന്നു. നിത്യജീവിതത്തിൽ നാം പലതരം സ്നേഹവികാരങ്ങൾ അനുഭവിക്കുന്നു. അവയിൽ ഏറ്റവും മികച്ചതാണ് മാതൃസ്നേഹം. അതിന്റെ തീഷ്ണത പലപ്പോഴും നമ്മുടെ നയനങ്ങളെ ഈറനണിയിക്കുന്നു. അപ്പോൾ ചിന്തിക്കുക. നമ്മെ സദാ വീക്ഷിക്കുകയും നമ്മുടെ പല ആവശ്യങ്ങളും ആവശ്യപ്പെടാതെതന്നെ നിറവേറ്റിത്തരികയും ചെയ്യുന്ന ആ സ്രഷ്ടാവിന്റെ സ്നേഹത്തെക്കുറിച്ച്. അവന്റെ സൃഷ്ടിയായ മാതാവിന്റെ സ്നേഹവും പരിലാളനയും ഇത്രയുമാണെങ്കിൽ അല്ലാഹുവിന്റെ സാമീപ്യം എത്രമാത്രം ആനന്ദദായകമായിരിക്കും.

അതുകൊണ്ട് തന്നെയാണ് ചിന്തിക്കുന്നവരും ആത്മസാക്ഷാത്കാരം തേടിനടക്കുന്നവരും താപസന്മാരും എല്ലാം ഈ ഐഹികലോകത്തിന്റെ മായയിൽനിന്ന് മുക്തനേടുവാൻ ആഗ്രഹിക്കുന്നത്. മേൽ ഉദ്ധരിച്ച സൂക്തത്തിൽ മരണം എന്ന അവസ്ഥയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ജനനം-ജീവിതം എന്ന അവസ്ഥ മനുഷ്യനെ തന്റെ സ്രഷ്ടാവിനെക്കുറിച്ച് അറിവുണ്ടാക്കുന്നു. തന്റെ നാഥന്റെ മഹത്വത്തേയും ശക്തിവിശേഷങ്ങളേയും കുറിച്ച് അവനെ ബോധവാനാക്കുന്നു. വിശുദ്ധഗ്രന്ഥം അവതരിപ്പിച്ചതിലൂടെ അല്ലാഹു എന്താണ് ഉദ്ദേശിച്ചത്. ആ ഗ്രന്ഥത്തിലൂടെ അവൻ തന്റെ മഹിമയേയും തന്റെ സൃഷ്ടിയായ മനുഷ്യനിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്നും വെളിപ്പെടുത്തിയിരിക്കുന്നു. ആ ഗ്രന്ഥത്തിലൂടെ അല്ലാഹു പരലോകജീവിതത്തെക്കുറിച്ചും ബോധവാനാക്കുന്നു. മരണം എന്ന അവസ്ഥയും പരലോകജീവിതത്തിൽ സ്വർഗ്ഗം-നരകം എന്ന ഐഹികജീവിതത്തിന്റെ പ്രതിഫലനവും ഉണ്ടെന്ന തിരിച്ചറിവും തന്റെ നാഥനെ ഒരു നാൾ താൻ കണ്ടുമുട്ടും എന്ന വിശ്വാസത്തിന് ആക്കം കൂട്ടുന്നു. ഈ തിരിച്ചറിവ് മനുഷ്യനെ തന്റെ നാഥനെ ഭയഭക്തിബഹുമാനത്തോടെ ആരാധിക്കുവാൻ പ്രേരിപ്പിക്കുന്നു.

ഈ അനന്തമായ കാലചക്രത്തിൽ കൊഴിഞ്ഞുപോകുന്ന ഓരോ നിമിഷങ്ങളും പ്രതീക്ഷയോടെ ആ സ്രഷ്ടാവിന്റെ സാമീപ്യം ലഭിക്കും എന്നുള്ള ആഗ്രഹത്തോടെ പ്രാർത്ഥനയോടെ കൊണ്ടുപോകേണ്ടതാണ്. നിരാശ എന്നും മനുഷ്യനെ തളർത്തുന്നു. പ്രത്യാശയ്ക്ക് വകയുള്ള ജീവിതമാണ് മനുഷ്യന്റേത്. മാർഗ്ഗദർശിയായി വിശുദ്ധഖുർആനും, റസൂലുല്ലായും മഹ്ദീ മസീഹും, ഖലീഫമാരും നമ്മുടെ മുമ്പിലുണ്ട്. ദൈവസാമീപ്യം സിദ്ധിക്കുവാൻ ഭാഗ്യം ലഭിച്ച മഹാന്മാർ അവരുടെ ജീവിതംകൊണ്ട് നമുക്ക് പ്രത്യാശ തരുന്നു.

തന്റെ നാഥന്റെ സാമീപ്യത്തിനായി ആഗ്രഹിക്കുന്നവർക്കായി, ആത്മാർത്ഥമായി പരിശ്രമിക്കുന്നവർക്കായി തീർച്ചയായും സർജ്ഞാനിയായ അല്ലാഹു മാർഗ്ഗമൊരുക്കും. സുന്നത്തായ ഒരു ദുആ ഉണ്ട്. അത് ഇപ്രകാരമാണ്. "***അല്ലാഹുമ്മ ഇന്നീ അസ്അലുക്ക ഹുബ്ബക്ക വ ഹുബ്ബ മൻ യുഹിബ്ബുക്ക വൽ അമല ല്ലദീ യുബല്ലിഗുനീ ഹുബ്ബക്ക അല്ലാഹുമ്മ ജ്അൽഹുബ്ബക്ക അ ഹബ്ബ ഉലയ്യ മിൻ നഫ്സി വ അഹ്‌ലി വ മിനൽ മാഇൽ ബാരിദ്*** അല്ലാഹുവേ, നിന്റെ പ്രീതിയും നിന്നെ സ്നേഹിക്കുന്നവരുടെ പ്രീതിയും, നിന്റെ പ്രീതിയെ പ്രാപിക്കുവാനുള്ള പ്രവൃത്തികൾക്കുമായി ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, നിന്നോടുള്ള ഇഷ്ടം എന്നെക്കാളും എന്റെ കുടുംബത്തേക്കാളും തണുത്ത പാനീയത്തേക്കാളും ഏറെ ഇഷ്ടപ്പെട്ടതാക്കി മാറ്റേണമേ.

ഈ ദുആയിൽ ഒന്ന് വ്യക്തമാണ്. അല്ലാഹുവിന്റെ പ്രീതി, അല്ലെങ്കിൽ സാമീപ്യം ലഭിക്കുന്നതിൽനിന്നും മനുഷ്യൻ വഞ്ചിതനാകുന്നത് ആത്മസ്നേഹം, കുടുംബസ്നേഹം, തണുത്തപാനീയം (വിശപ്പ്) മൂലമാണ്. എന്നാൽ അല്ലാഹുതന്നെ നല്കിയിട്ടുള്ളവയല്ലേ ഇവ എന്ന ചോദ്യം മനസ്സിലുദിക്കാം. തീർച്ചയായും അല്ലാഹുവിന്റെ പരീക്ഷണോപാധികളാണ് ഈ വസ്തുക്കൾ. ഈ പരീക്ഷണങ്ങളിൽ വിജയിക്കുന്നവർക്ക് ദൈവസാമീപ്യം ലഭിക്കുന്നു. അല്ലാഹു പറയുന്നു.

അല്പമൊക്കെ ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. തങ്ങൾക്ക് വല്ല ആപത്തും നേരിടുമ്പോൾ (പരിഭ്രമിക്കാതെ) നിശ്ചയമായും ഞങ്ങൾ അല്ലാഹുവിനുള്ളവരും അവങ്കലേക് തന്നെ മടങ്ങുന്നവരുമാകുന്നു എന്ന് പറയുന്ന സഹനശീലർക്ക് നീ സുവാർത്തയറിയിക്കുക.

അല്ലാഹു നമുക്ക് അവന്റെ സാമീപ്യം തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

**സജീറാ ബാനു**

# നിക്കാഹ് ;
# ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഇന്ന് വിവാഹാവസരങ്ങളിൽ അല്ലാഹു കല്പിക്കാത്ത പലതരം അനാചാരങ്ങളും, ചടങ്ങുകളും പരസ്യമായി നടന്നുവരുന്നുണ്ട്. ഇസ്‌ലാമികാദ്ധ്യാപനങ്ങൾ പ്രകാരം വിവാഹം വളരെ ലളിതമാണ്. അവ അത്യാവശ്യം അറിഞ്ഞിരിക്കേണ്ടതുമാണ്. ഖാദിയാനിൽനിന്നുള്ള നിക്കാഹ് ഫോറത്തിന്റെ കൂടെ വിവാഹാവസരത്തിൽ ശ്രദ്ധിക്കേണ്ട അടിസ്ഥാനകാര്യങ്ങൾ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. അഹ്മദികൾ അതിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടതാണ്.

നിക്കാഹ് ഫോറം പൂരിപ്പിക്കുന്നതിനു മുമ്പേ താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും വായിക്കേണ്ടതാണ്.

1. വധുവിന്റെ യഥാർത്ഥ വലി (രക്ഷിതാവ്) പിതാവാണ്.

2. പിതാവ് മരണപ്പെട്ടിരിക്കുകയാണെങ്കിൽ യഥാക്രമം പിതാമഹൻ, സ്വന്തം സഹോദരൻ, മുലകുടിസഹോദരൻ, പിതൃവ്യൻ തുടങ്ങിയ പിതൃബന്ധത്തിൽപ്പെട്ട ബുദ്ധിസ്ഥിരതയുള്ളതും പ്രായപൂർത്തിയെത്തിയതുമായ ഏറ്റവും അടുത്തബന്ധുക്കളാണ് വലിയാകേണ്ടത്. എപ്പോഴെങ്കിലും വലിയെ സംബന്ധിച്ചുള്ള എന്തെങ്കിലും തർക്കമുണ്ടെങ്കിൽ നിക്കാഹ് വിളംബരത്തിനു മുമ്പേ നിസാറത്ത് ഉമൂറെ ആമ ഖാദിയാനിൽനിന്ന് ഇന്ന ആളായിരിക്കും വലി എന്നതിന് രേഖാമൂലം അനുമതി വാങ്ങേണ്ടതാണ്.

3. നിക്കാഹ് വേളയിൽ വലിക്ക് ഹാജരാകാൻ സാധിക്കാത്തപക്ഷം ഏതെങ്കിലും ഒരാളെ തന്റെ (പ്രതിനിധിയായി) നിശ്ചയിക്കേണ്ടതാണ്. പക്ഷേ, വലിയുടെ കോളത്തിൽ വലിതന്നെ ഒപ്പിട്ടിരിക്കണം. അതിനുവേണ്ടി ഫോറത്തിൽ സ്ഥലം നിശ്ചയിച്ചിട്ടുണ്ട്. ഇതുപോലെ വരന് നിക്കാഹ്വേളയിൽ ഹാജരാകാൻ സാധിക്കുന്നില്ലെങ്കിൽ അദ്ദേഹത്തിനും മറ്റൊരാളെ തന്റെ വക്കീലായി പ്രതിനിധിയെ നിശ്ചയിക്കാവുന്നതാണ്. അതിനും ഫോറത്തിൽ നിശ്ചിതകോളമുണ്ട്.

4. രക്ഷിതാവിനെ കൂടാതെ പെൺകുട്ടിക്ക് രണ്ട് സാക്ഷികൾ ഉണ്ടായിരിക്കേണ്ടതാണ്. രക്ഷിതാവ് സാക്ഷിയാകാവതല്ല.

5. വരന്റെ ആറുമാസം മുതൽ ഒരുവർഷം വരെയുള്ള വരുമാനമാണ് ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) മഹ്ർ നിജപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രാവർത്തികമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. വരനും വധുവും താമസിക്കുന്ന സ്ഥലങ്ങളിലെ ജമാഅത്ത് അമീർ/ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തേണ്ടത് അനിവാര്യമാണ്. അമീർ/പ്രസിഡന്റിന്റെ ഒപ്പിനോടൊപ്പം സീലുണ്ടെങ്കിൽ അതും വെക്കേണ്ടതാണ്. വധുവും വരനും വിദേശത്താണെങ്കിൽ ബന്ധപ്പെട്ട രാജ്യത്തിലെ അമീർ സാക്ഷ്യപ്പെടുത്തലും നിർബന്ധമാണ്. കുടുംബവീടുള്ള സ്ഥലങ്ങളിലെ സാക്ഷ്യമല്ല വേണ്ടത്. വധൂവരന്മാർ നിക്കാഹ് വേളയിൽ സന്നിഹിതരാണെങ്കിലും അവരുടെ ബന്ധപ്പെട്ട രാജ്യത്തിലെ അമീർതന്നെ സാക്ഷ്യപ്പെടുത്തേണ്ടത് നിർബന്ധമാണ്. ഓർക്കുക, ജമാഅത്ത് പ്രസിഡന്റല്ല മറിച്ച്, നാഷണൽ അമീറിന്റെ സാക്ഷ്യമാണ് വേണ്ടത്. (സീലോടുകൂടി)

7. വരന്റേയോ, വധുവിന്റേയോ നിക്കാഹ് ഒന്നാമത്തേതല്ലെങ്കിൽ സാക്ഷ്യപ്പെടുത്തിയ തലാഖ് പത്രം/ ഖുലാഅ് പത്രം നിക്കാഹ് ഫോറത്തിന്റെ കൂടെ നിർബന്ധമായും വെക്കേണ്ടതാണ്. ഖുലായെ സംബന്ധിച്ചിടത്തോളം ജമാഅത്തിന്റെ അംഗീകൃത ഖാളിയുടെ തീരുമാനമില്ലാതെ ഖുലാ നടപടികൾ പരിപൂർണ്ണമായിരിക്കുകയില്ല എന്ന കാര്യം ഓർത്തിരിക്കേണ്ടതാണ്.

8. ഖാദിയാനിൽവെച്ചാണ് നിക്കാഹ് നടത്തുന്നതെങ്കിൽ റിശ്ത്താനാത്താ- ഇസ്‌ലാഹോ ഇർശാദ് ഓഫീസിൽനിന്ന് നേരത്തെതന്നെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. വധുവിന്റെ രക്ഷിതാവും സാക്ഷികളും ഓഫീസിൽ എത്തേണ്ടതുമാണ്.

9. നിക്കാഹ് ഫോറത്തിൽ വരന്റേയും വധുവിന്റേയും വിവരങ്ങൾ (പേര്, ജനനതിയ്യതി, വയസ്സ് തുടങ്ങിയവ) തിരിച്ചറിയൻ കാർഡിന്റേയോ പാസ്പോർട്ടിന്റേയോ അടിസ്ഥാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

10. നിക്കാഹ് ഫോറത്തിലെ മൂന്ന് പേപ്പറും മുഴുവനായും പൂരിപ്പിക്കേണ്ടതാണ്.

11. നിക്കാഹ് വിളംബരത്തിന് ശേഷം ഒരുമാസത്തിനുള്ളിൽ ഖാദിയാൻ രിശ്ത്താ നാത്താ ഓഫീസിൽ ഫോറങ്ങൾ രജിസ്ട്രേഷൻ ചെയ്യിക്കേണ്ടതാണ്. രജിസ്ട്രേഷനുവേണ്ടി ഫോറത്തിലെ മൂന്ന് പേപ്പറും ഓഫീസിൽ നിർബന്ധമായും എത്തിക്കണം. രജിസ്ട്രേഷനുശേഷം ഒരു പേപ്പർ ഓഫീസിൽ സൂക്ഷിക്കുന്നതാണ്. ബാക്കി രണ്ട് പേപ്പർ ഇരുവിഭാഗത്തിനും തിരിച്ചേൽപ്പിക്കുന്നതായിരിക്കും. രജിസ്ട്രേഷന് വേണ്ടി ഫോറങ്ങൾ ഓഫീസിൽ എത്തിക്കുന്നതിനു മുമ്പേ എറ്റക്കുറച്ചിലുകളില്ലെന്ന് നല്ലപോലെ പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം സമയം നഷ്ടപ്പെടുന്നതാണ്.

12. രിശ്ത്താ നാത്താ ഓഫീസിൽനിന്ന് ഉർദുവിനുപുറമെ ഇംഗ്ലീഷിലും നിക്കാഹ് ഫോറം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു ഭാഷയിലെ നിക്കാഹ് ഫോറം ഉപയോഗപ്പെടുത്താവുന്നതാണ്.

ജമാഅത്തംഗങ്ങൾ അനാചാരങ്ങളിൽനിന്നും ബിദ്അത്തുകളിൽനിന്നും അകന്നിരിക്കേണ്ടതാണ്.

1. അല്ലാഹു പറയുന്നു: ''സത്യവിശ്വാസികൾ വ്യർത്ഥമായ കാര്യങ്ങളിൽനിന്ന് മുഖം തിരിക്കേണ്ടതാണ്. അനാവശ്യ ചെലവുകൾ നടത്തുന്നതുമല്ല.''

(*സൂറത്തുൽ ഫുർഖാൻ, ആയത്ത് 68*)

2. തിരുനബി(സ)ന്റെ നിയോഗോദ്ദേശ്യത്തെ കുറിച്ച് അല്ലാഹു പറയുന്നു: "അവരിൽനിന്ന് അവരുടെ (അനാചാരങ്ങളുടെ) ഭാരത്തേയും അവരുടെ കഴുത്തുകളിൽ ഇട്ടിരിക്കുന്ന (ബിദ്അത്തിന്റെ) കുരുക്കുകളേയും അദ്ദേഹം ദൂരെയാക്കുന്നു (*സൂറത്തുൽ അഅ്റാഫ്, ആയത്ത് 158*)

3. ഹസ്റത്ത് മസീഹ് മൗഊദ്(അ) ബയ്അത്തിന്റെ പത്ത് നിബന്ധനകളിൽ പറയുന്നു: "ദുരാചാരങ്ങളിൽ നിന്നും ദുരാഗ്രഹങ്ങളിൽനിന്നും ഒഴിഞ്ഞുമാറുകയും അനാഡംബരമായ ജീവിതം നയിക്കുകയും ചെയ്യുന്നതാണ്."

4. തഹ്രീക് ജദീദ് ആഹ്വാനങ്ങളുടെ ഉദ്ദേശ്യം, ജമാഅത്ത് തങ്ങളുടെ അവസ്ഥക്കനുസരിച്ച് ചെലവഴിക്കുന്ന ശീലമുണ്ടാക്കണമെന്നതും നാശത്തിന്റെ ഗർത്തങ്ങളിൽ വീഴാതെ സംരക്ഷിക്കപ്പെടണമെന്നതും അങ്ങനെ ധനവാനും ദരിദ്രനും തമ്മിലുള്ള അന്തരം ദിനംപ്രതി കുറഞ്ഞുവരണമെന്നതും മാത്രമാണ്.

5. സകല അനാചാരങ്ങളേയും വേരോടെ പിഴുതെറിയുക എന്നത് അഹ്മദി ഭവനങ്ങളുടെ കർത്തവ്യമാണ്.

6. സഹോദങ്ങൾക്കിടയിൽ 'ഭാജി' (വിവാഹാവസരങ്ങളിൽ അന്യസമുദായങ്ങൾ ദേവീദേവന്മാരെ തൃപ്തിപ്പെടുത്താൻ വിളമ്പുന്ന ഒരു പ്രത്യേകതരം പലഹാരം) വിതരണം ചെയ്യുന്നതും ശരീഅത്തിന്റെ വീക്ഷണത്തിൽ ഹറാമാണ്. പടക്കം പൊട്ടിക്കുന്നതും നപുംസകങ്ങൾക്കും മറ്റും കൊടുക്കുന്നതും ഹറാമിൽപെടുന്നു.

7. ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വരന്റെ ആറു മാസം മുതൽ ഒരു വർഷംവരെയുള്ള വരുമാനമാണ് മഹർ ആയി നിശ്ചയിച്ചിരിക്കുന്നത്.

8. പെൺവീട്ടുകാരോട് ആഭരണങ്ങളും വസ്ത്രങ്ങളും മറ്റും ആവശ്യപ്പെടുന്നത് ലജ്ജാകരമായ പ്രവൃത്തിയാണ്. (മുസ്‌ലിഹ് മൗഊദ്(റ)

9. വിവാഹാവസരത്തിലെ മൈലാഞ്ചിയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന അനാചാരങ്ങളും നമ്മുടെ പക്കൽ അനിസ്‌ലാമികമാണ്.

10. നോട്ടുമാല ഇടുന്നതും വധുവിന്റെ തലയിൽ കുടുമ കെട്ടുന്നതും അനാവശ്യവും അനാചാരവുമാണ്.

11. സ്ത്രീയുടെ വീട്ടിൽനിന്ന് കൊടുക്കുന്ന സമ്മാനങ്ങൾ മറ്റുള്ളവരുടെ മുമ്പാകെ പ്രദർശിപ്പിക്കുന്നത് ശരിയല്ല. കൊടുക്കുന്നതെന്തും പെട്ടികളിൽ അടച്ചു കൊടുക്കേണ്ടതാണ്. വരന്റെ വീട്ടുകാർ സ്ത്രീധനം ആഗ്രഹിക്കുന്നതും ചോദിക്കുന്നതും നല്ല കാര്യമല്ല.

12. വിവാഹസമയത്തെ അതിഥി സൽക്കാരം:- സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വിവാഹക്ഷണത്തെ സംബന്ധിച്ച് നൽകിയ പ്രധാനപ്പെട്ടതും അടിസ്ഥാനപരവുമായ നിർദ്ദേശം ഇങ്ങനെയാണ്. അതിഥികളെ സൽക്കരിക്കൽ നിർബന്ധമാണ്. അതോടൊപ്പം അതിഥിസൽക്കാരസമയത്ത് കൃത്രിമത്തവും അനാവശ്യചെലവും ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പെൺകുട്ടിയെ വിവാഹം ചെയ്തയക്കുമ്പോൾ പെൺകുട്ടിയുടെ വീട്ടുകാർക്ക് അവരുടെ അവസ്ഥക്കനുസരിച്ച് അതിഥികളോടുള്ള കടമ നിർവ്വഹിക്കാവുന്നതാണ്. എന്നാൽ പെൺകുട്ടിയുടെ വീട്ടുകാർ പ്രാദേശിക അതിഥികൾക്ക് ഭക്ഷണം കൊടുക്കണമെന്നുള്ളത് നിർബന്ധമുള്ള കാര്യമല്ല.

* ഒരു കാര്യം ഓർക്കുക. വധൂവരന്മാർ ദാമ്പത്യ ജീവിതത്തിൽ പ്രവേശിച്ചശേഷം വരൻ തന്റെ കഴിവനുസരിച്ച് വലീമ നടത്തേണ്ടതാണ്. വലീമയിൽ ദരിദ്രരെ തീർച്ചയായും ഉൾപ്പെടുത്തേണ്ടതാണ്.

15. ക്ഷണിക്കാതെ വിവാഹസദ്യക്ക് പോകുന്നതും കുട്ടികളെ കൂടെ കൊണ്ടുപോകുന്നതും തെറ്റാണ്. തിരുനബി(സ) അത്തരക്കാരെ കള്ളന്മാരും കൊള്ളക്കാരുമാണെന്നാണ് പറഞ്ഞിട്ടുള്ളത്.

**പർദ്ദ:-**

ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റേയും ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ:

* വിവാഹാവസരത്തിൽ പർദ്ദയുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആതിഥേയർ പർദ്ദയെ മുൻനിർത്തി സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ ഇരിക്കാനും ഭക്ഷണം കഴിക്കാനുമുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്.

* സ്ത്രീകൾക്ക് സ്ത്രീകൾ ഭക്ഷണം വിളമ്പേണ്ടതാണ്. പുരുഷന്മാർ പുറത്തുനിന്ന് ഭക്ഷണം എത്തിച്ചുകൊടുക്കാവുന്നതാണ്.

* വീഡിയോ എടുക്കേണ്ടത് നിർബന്ധമാണെങ്കിൽ അതിനുമുമ്പേ അതിഥികളായ സ്ത്രീകളോട് വീഡിയോയിൽ പെടാതിരിക്കാൻ പർദ്ദയെക്കുറിച്ച് നല്ല പോലെ വിളംബരപ്പെടുത്തേണ്ടതാണ്.

* വധൂവരന്മാരുടെ ഫോട്ടോകൾ എടുക്കുമ്പോൾ കുടുംബത്തിൽപെടാത്ത അന്യസ്ത്രീകൾ അടുത്തിരുന്ന് ഫോട്ടോകൾ എടുക്കരുത്.

* വരന്റെ മുമ്പിൽ കുടുംബത്തിൽപെടാത്ത അന്യസ്ത്രീകൾ പർദ്ദ ആചരിക്കുകയും കളിതമാശകളിൽ ഏർപ്പെടാതിരിക്കുകയും ചെയ്യേണ്ടതാണ്.

* ഏതെങ്കിലും വിവാഹാവസരത്തിൽ ഈ നിർദ്ദേശങ്ങൾ ലംഘിക്കപ്പെടുന്നതായി കാണുമ്പോൾ ഭാരവാഹികൾ ആതിഥേയന്റെ ശ്രദ്ധയിൽപെടുത്തി തെറ്റ് തിരുത്തേണ്ടതാണ്. ആതിഥേയൻ തെറ്റ് തിരുത്തുന്നില്ലെങ്കിൽ അനിഷ്ടകരമായ ഇത്തരം പ്രവർത്തികളോട് പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് അഹ്മദികളായ അതിഥികൾ ആ സദസ്സിൽനിന്ന് എഴുന്നേറ്റ് പോകേണ്ടതാണ്.

16. വധൂവരന്മാരുടെ വീട്ടുകാർ വിവാഹാവസരത്തിൽ നമസ്കാരത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിവാഹ പരിപാടികൾ കാരണത്താൽ നമസ്കാരം നഷ്ടപ്പെടുന്നത് ബർക്കത്ത് (ദൈവികാനുഗ്രഹങ്ങൾ) ഇല്ലാതാക്കുന്നതാണ്.

*നാസിർ ഇസ്‌ലാഹൊ ഇർശാദ്, ഖാദിയാൻ*

***ഉമ്മുസൽമ***

അനുസ്മരണം

# ഞങ്ങളുടെ വന്ദ്യപിതാവ്

ഞങ്ങളുടെ വന്ദ്യപിതാവ് മർഹൂം ടി.കെ. സിദ്ദീഖ് സാഹിബ് ഇക്കഴിഞ്ഞ 21.5.06-ന് ഒരാക്സിഡന്റിലൂടെ വഫാത്തായി. ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജിഊൻ. നാട്ടുകാർക്കും ജമാഅത്തിനും കുടുംബത്തിനും ഞങ്ങൾക്കും ഒരുപോലെ പ്രിയങ്കരനായിരുന്നു ഞങ്ങളുടെ പ്രിയപിതാവ്. അദ്ദേഹം വഫാത്തായവേളയിൽ നാട്ടുകാരിലും ജമാഅത്തംഗങ്ങളിലും ഉണ്ടായ വിഷമം ഞങ്ങളുടെ പിതാവിനോടുള്ള സ്നേഹത്തേയും അംഗീകാരത്തേയും വിളിച്ചോതുന്നു. പാവപ്പെട്ടവരോടും അവശരോടും ഞങ്ങളുടെ പിതാവ് പെരുമാറിയിരുന്നത് സ്വന്തക്കാരോടെന്നപോലെയാണ്. അവശതയനുഭവിക്കുന്നവരെ സാമ്പത്തികമായും ശാരീരികമായും സഹായിക്കുക എന്നത് അദ്ദേഹത്തിന് വളരെ പ്രിയപ്പെട്ടകാര്യമായിരുന്നു. എല്ലാ വെള്ളിയാഴ്ചകളിലും വരുന്ന ഒരു യാചകസ്ത്രീ വാപ്പായുടെ വഫാത്തിനുശേഷം ഒരു വെള്ളിയാഴ്ച ദിവസം വീട്ടിൽവന്നു. ഇന്നിവിടെ എന്താ മീൻ മുറിക്കുന്നത് സാധാരണ ഇറച്ചിയാണല്ലോ ഉണ്ടാവാറ് എന്നു ചോദിച്ചു. കൂട്ടത്തിൽ ആരോ ഗൃഹനാഥൻ മരിച്ചവിവരം അവരോട് പറഞ്ഞു. കേട്ടമാത്രയിൽ അവരുടെ കയ്യിലുണ്ടായിരുന്ന പാത്രം താഴെവീണു, അവർ കരയാൻ തുടങ്ങി. ഏറേസമയം കഴിഞ്ഞാണ് അവർക്കാശ്വാസം കിട്ടിയത്. അതുപോലെ എയ്ഡ്സ് ബാധിച്ച് കുടുംബവും സമൂഹവും ഉപേക്ഷിച്ച് വളരെ സഹതാപമർഹിക്കുന്ന രീതിയിൽ ജീവിച്ചിരുന്ന ഒരു സഹോദരനെ ഞങ്ങളുടെ പിതാവ് ഒരിക്കൽ സന്ദർശിക്കുകയുണ്ടായി. അതിനുശേഷം ഞങ്ങളോട് വാപ്പ, ഞാൻ അയാളുടെകൂടെ ഉണ്ടായിരുന്ന സമയത്ത് അയാൾക്കുണ്ടായിരുന്ന സന്തോഷവും സമാധാനവും കണ്ടിട്ട് എനിക്ക് ഇന്നേവരെ ചെയ്ത എന്റെ എല്ലാ കർമ്മങ്ങളേക്കാളും കൂടുതൽ സംതൃപ്തിയുണ്ടായി എന്ന് പറയുകയുണ്ടായി.

ആതിഥ്യമര്യാദയിൽ വാപ്പാക്കുണ്ടായിരുന്ന താല്പര്യം ഒരിക്കലും മറക്കാൻ കഴിയില്ല. കഴിയുന്ന എല്ലാ കാര്യങ്ങളും സ്വയം ചെയ്യുന്ന പ്രകൃതക്കാരനായിരുന്നു. എല്ലാ സാധനങ്ങളും സ്വയംതന്നെ കടയിൽപോയി വാങ്ങിവരും. എത്ര തിരക്കുണ്ടെങ്കിലും വീട്ടിൽ ഓടിവന്ന് കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കും. അതിഥികൾക്കുവേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കാൻ വല്ലാത്ത തിരക്കുക്കൂട്ടലാണ്. എന്നാൽ, അതിഥികൾ എത്തിക്കഴിഞ്ഞാൽ അവരോട് ഇരുന്നു സംസാരിക്കാനും മറ്റും മടികാണിക്കുന്ന ഒരു പ്രകൃതക്കാരനാണ്. ജമാഅത്തിലെ പല ഉന്നതരായ വ്യക്തികളും വീട്ടിൽ അന്തിയുറങ്ങിയിട്ടുണ്ടെങ്കിലും ഗൃഹനാഥനെ പരിചയപ്പെടാൻ അവർക്ക് കുറച്ചവസരം മാത്രമേ ലഭിച്ചിട്ടുണ്ടാവുകയുള്ളൂ. കാരണം പരിചയപ്പെടാൻ മടി കാണിക്കുന്ന വാപ്പാന്റെ സ്വഭാവംതന്നെ. മസീഹ് മൗഊദ്(അ)ന്റെ പൗത്രൻ ഹസ്റത്ത് മിയാൻ സാഹിബിനും ഭാര്യക്കും ആതിഥ്യമരുളാൻ ഞങ്ങളുടെ വാപ്പ അവസരം ഒരുക്കിത്തന്നു. അതുപോലെ മൗലാനാ ജലാലുദ്ദീൻ സാഹിബ്, മൗലാനാ ഇനാംഗോറി സാഹിബ്, മൗലാനാ ഇനായത്തുള്ളാ സാഹിബ് തുടങ്ങിയവർക്കെല്ലാം ഭക്ഷണം ഉണ്ടാക്കിക്കൊടുക്കാൻ ഞങ്ങൾക്ക് അവസരം ഉണ്ടാക്കിത്തന്നു. ഞങ്ങൾ ഓർക്കുന്നു. യുകെ മുൻഅമീർ ഡോ. ഇഫ്തിഖാർ അയാസ് സാഹിബും ഭാര്യയും വീട്ടിൽവന്ന് ഒരു ദിവസം താമസിച്ചു. ഞങ്ങൾക്ക് വലിയ സന്തോഷമായിരുന്നു. അങ്ങകലെ ലണ്ടനിൽനിന്ന്, നമ്മുടെ പ്രിയപ്പെട്ട ഹുസൂറിന്റെ നാട്ടിൽനിന്നും വന്ന അതിഥികൾ, അവരേയും സൽക്കരിക്കാൻ ഞങ്ങളുടെ പ്രിയപ്പെട്ട വാപ്പ അവസരം തന്നു. അവരുടെ ഭാര്യ, ബഹുമാന്യരായ അബുൽഅത്താ ജലന്തരിയുടെ(റ) മകളാണ്. അവർ ഞങ്ങളോട് ഞങ്ങളുടെ വീട്ടിലെ ഒരംഗത്തെപ്പോലെ പെരുമാറി. ട്യൂബ്മൈലാഞ്ചി മാത്രം കണ്ടുശീലിച്ച അവർക്ക് മൈലാഞ്ചിയില കണ്ടപ്പോൾ വളരെ കൗതുകംതോന്നി. ഞങ്ങൾ മൈലാഞ്ചി കല്ലിലരച്ച് അവരുടെ കയ്യിലിട്ടുകൊടുത്തു. ആ കൈകളിൽ പതിഞ്ഞ ചുവപ്പ് അവരുടെ ഹൃദയത്തിലും പതിഞ്ഞുകാണും. ആക്സിഡന്റ് വാർത്ത അറിഞ്ഞതുമുതൽ ഡോ. ഇഫ്തിഹർ സാഹിബ് അഞ്ചോ ആറോ തവണ ഫോൺ ചെയ്തുകൊണ്ടേയിരുന്നു. അദ്ദേഹത്തിന്റെ അവസാനകാളും വന്നു. അപ്പോൾ ജനാസ ഖബറിലേക്ക് ഇറക്കുകയാണ്. എന്നാൽ ഞാനും എന്റെ കുടുംബവുമിതാ സിദ്ദീഖ് സാഹിബിന്റെ ജനാസ ദുആയിൽ പങ്കുചേരുന്നു എന്നറിയിച്ചു. വാപ്പായുടെ ആതിഥ്യമര്യാദയും കളങ്കമില്ലാത്ത ആത്മാർത്ഥതയുമാണ് അതിനുപിന്നിലുള്ള രഹസ്യം.

തന്റെ കീഴിലുള്ള തൊഴിലാളികളോട് വളരെ വിനയപൂർവ്വമാണ് ഞങ്ങളുടെ വാപ്പ പെരുമാറിയിരുന്നത്. വാപ്പാനെ പരിചയമില്ലാത്ത ആളുകൾ മില്ലിന്റെ മുതലാളിയെ അന്വേഷിച്ചുവരുമ്പോൾ മറ്റുള്ളവർക്കിടയിൽ വാപ്പാനെ വേർതിരിച്ചറിയാൻ കഴിയില്ല. കാരണം വാപ്പ മറ്റുള്ളവർക്കൊപ്പം മരം മുറിക്കുകയും ഏറ്റുകയുമൊക്കെ ചെയ്യുന്ന കാഴ്ചയാണ് അവർക്ക് കാണാൻ കഴിയുക. വലിയ തടിയൊക്കെ ഈരാനായി കൊണ്ടുവരുമ്പോൾ പണിക്കാരുടെ മുന്നിലായി അതേറ്റാനായി വാപ്പയും ഉണ്ടാവും. എന്തിനാണിത്ര ഭാരം ചുമക്കുന്നതെന്ന് ഞങ്ങൾ ചോദിച്ചാൽ അവരും അല്ലാഹുവിന്റെ സൃഷ്ടികളല്ലേ എന്നാണ് ഞങ്ങൾക്കുള്ള മറുപടി. കുറച്ചുകാലമായി ബിസിനസ്സിലും കൃഷികാര്യങ്ങളിലും വല്ലാതെ ധൃതിപിടിച്ച് കാര്യങ്ങൾ നടത്തലായിരുന്നു. എന്തിനാണിത്ര ധൃതിപിടിക്കുന്നതെന്നു ചോദിച്ചാൽ കൂടുതൽ വരുമാനമുണ്ടായാൽ എനിക്ക് ജമാഅത്തിന് കൂടുതൽ നൽകാൻ അവസരമുണ്ടാകും എന്നാണ് മറുപടി. ഞങ്ങളുടെ വാപ്പ വസിയ്യത്ത് ചെയ്ത ആളായിരുന്നു. ഓരോ ദിവസവും അതാതു ദിവസത്തെ വരുമാനം കൃത്യമായി എഴുതിവെച്ച് മാസാവസാനത്തിലെ വെള്ളിയാഴ്ച ചന്ദ കൊടുക്കുക എന്നതായിരുന്നു വാപ്പാന്റെ പതിവ്. എന്നാൽ വഫാത്തായ ആ മാസം 18-ന് വെള്ളിയാഴ്ചതന്നെ ആ മാസത്തെ

ചന്ദക്ക് റശീതി എഴുതിവാങ്ങിയിരുന്നു. സാധു പെൺകുട്ടികളുടെ വിവാഹകാര്യമോ ആരെങ്കിലും രോഗാവസ്ഥയിൽ സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്നതായോ അറിഞ്ഞാൽ ഞങ്ങളുടെ വാപ്പ അവിടെ ഓടിയെത്തുകയും അവരെ സഹായിക്കുകയും ചെയ്യുമായിരുന്നു. താൻചെയ്ത സഹായങ്ങളും സേവനങ്ങളും രഹസ്യമായി സൂക്ഷിക്കുന്നതായിരുന്നു വാപ്പാക്ക് ഇഷ്ടം. തന്റെ പ്രവൃത്തി അല്ലാഹുവിനുള്ളതാണെന്ന ഉറച്ച വിശ്വാസമായിരുന്നു വാപ്പായുടേത്. വാപ്പായുടെ വഫാത്തിനുശേഷം മറ്റുള്ളവർ പറഞ്ഞാണ് ചിലതെല്ലാം ഞങ്ങൾപോലും അറിയുന്നത്.

എപ്പോഴും പുഞ്ചിരിച്ചുകൊണ്ടിരിക്കുന്ന ഒരു മുഖഭാവമാണ് വാപ്പാന്റേത്. ചിരിച്ചുകൊണ്ട് കാര്യങ്ങൾ പറഞ്ഞുതരും. ദേഷ്യപ്പെടുന്ന സ്വഭാവം ഇല്ലെന്നുതന്നെ പറയാം. മക്കൾ എന്താവശ്യപ്പെട്ടാലും അന്നുതന്നെ ചെയ്തുതരും. ജമാഅത്തിന്റെ പല തസ്തികകളിലും സേവനം ചെയ്ത വ്യക്തിയായിരുന്നു. മരണസമയത്ത് ഫസലെ ഉമർ പബ്ലിക് സ്കൂളിന്റെ അഡ്മിനിസ്ട്രേറ്റർ, കരുളായി ജമാഅത്തിന്റെ മാൽ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ നിർവ്വഹിച്ചുവരികയായിരുന്നു. വളരെ ചെറിയ കാലത്തിനുള്ളിൽതന്നെ ജമാഅത്തിലും കുടുംബത്തിലുമെല്ലാം വളരെയധികം സേവനങ്ങൾ ചെയ്ത അദ്ദേഹം തന്റെ രക്ഷിതാവിന്റെ സന്നിധിയിലേക്ക് തിരിച്ചുപോയി. മലക്കുകൾ പൂമാലയിട്ട് നിങ്ങളുടെ വാപ്പാനെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി എന്ന് എല്ലാവരും സമാധാനിപ്പിക്കുന്നു. അല്ലാഹുവേ, നീ ഞങ്ങളുടെ പിതാവിനെ അങ്ങനെത്തന്നെ ആക്കേണമേ. അദ്ദേഹം ചെയ്ത സൽക്കർമ്മങ്ങൾക്ക് പൂർണ്ണമായും പ്രതിഫലം നല്കി അദ്ദേഹത്തെ സ്വർഗ്ഗത്തിന്റെ ശ്രേഷ്ഠരായ അവകാശികളിൽപെട്ടവനാക്കേണമേ. അദ്ദേഹത്തിന്റെ വിനയത്തിന്റേയും സൽക്കർമ്മത്തിന്റേയും പാതയിൽ നീ ഞങ്ങളുടെ ഉമ്മാനേയും ഞങ്ങളേയും വഴി നടത്തേണമേ. അദ്ദേഹത്തിന്റെ വേർപാടുമൂലമുണ്ടായ എല്ലാ ദുഃഖങ്ങളും സഹിക്കുവാൻ ഞങ്ങൾക്ക് ക്ഷമയും സഹനശക്തിയും പ്രദാനം ചെയ്യാൻ സർവ്വശക്തനായ അല്ലാഹുവിനോട് ദുആ ചെയ്യണമെന്ന് എല്ലാവരോടും അപേക്ഷിക്കുന്നു.

***ശിഫാന, നിശാന, ഫാനിത***

## ബിലാവിനകത്ത് ഖദീജസാഹിബ

പഴയങ്ങാടി: റിട്ട: റെയിൽവെ ചീഫ് പാർസൽ ക്ലർക്ക് മർഹൂം കെ.പി. അബ്ദുർറഹീം സാഹിബിന്റെ സഹധർമ്മിണിയും ഖാദിയാനിലെ 313 ദർവേശുമാരിൽ ഒരാളായിരുന്ന മർഹൂം ഫഖ്റുദ്ദീൻ സാഹിബ് മലബാരിയുടെ ഇളയമകളുമായ ബിലാവിനകത്ത് ഖദീജ സാഹിബ (82) ഏപ്രിൽ 7-ന് സ്വവസതിയിൽവെച്ച് നിര്യാതയായി. (ഇന്നാലില്ലാഹി..) മർഹൂം മൗലാനാ അബ്ദുല്ലാസാഹിബ് എച്ച്.എയുടെ സഹോദരി പുത്രിയാണ് പരേത. മദ്രാസ് ക്യൂൻമേരീസ് കോളേജിൽനിന്ന് ഉന്നത വിദ്യാഭ്യാസം നേടിയ കേരളത്തിലെ ആദ്യത്തെ അഹ്മദിവനിത കൂടിയാണ് ഇവർ.

അബ്ദുൽ ഹലീം, അബ്ദുൽ ഖയ്യൂം, അബ്ദുൽ ഹഖീം, റഹ്മത്തുന്നിസ, നുസ്റത്ത്, ഇസ്മത്ത് എന്നിവർ മക്കളും. പി.ബി. അബ്ദുർ റഹീം, അബ്ദുൽ മജീദ്, റഷീദ് അഹ്മദ്, ശരീഫ, ശക്കീല, മെഹ്റുന്നിസ എന്നിവർ മരുമക്കളുമാണ്. അല്ലാഹു പരേതാത്മാവിന് മഗ്ഫിറത്ത് നല്കട്ടെ. ആമീൻ.

## കെ.എ. ഹാജറ സാഹിബ

മഞ്ചേശ്വരം ജമാഅത്ത് ലജ്ന ഇമായില്ലാ പ്രസിഡന്റും, മഞ്ചേശ്വരം ജമാഅത്ത് പ്രസിഡന്റ് എം.പി. ഇബ്രാഹിംസാഹിബിന്റെ ഭാര്യയുമായ കെ.എ. ഹാജറ സാഹിബ 19.3.2006-ന് പുലർച്ചെ തന്റെ നാഥനിലേക്ക് യാത്രയായി. (*ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജിഊൻ*) കോഴിക്കോട് ജമാഅത്തിലെ മർഹൂം കെ.എ. മൊയ്തീൻകോയ സാഹിബിന്റെ മകളാണ് പരേത. ഇവർ മുമ്പ് മഞ്ചേശ്വരം-മംഗലാപുരം സംയുക്ത ജമാഅത്തായിരുന്നപ്പോഴും, പിന്നീട് മഞ്ചേശ്വരം പ്രത്യേക ജമാഅത്തായതിനുശേഷവും പലതവണ ലജ്ന പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ലജ്ന ഇമായില്ലാ പ്രസിഡന്റ് എന്ന നിലയിൽ ജമാഅത്തിൽ അവർ വഹിച്ച പങ്ക് വളരെ വലുതാണ്. പലതവണ മർക്കസിൽനിന്നും ഉത്തമപ്രവർത്തനത്തിനായി ജമാഅത്തിന് സമ്മാനങ്ങൾ ഇവർ നേടിക്കൊടുത്തിട്ടുമുണ്ട്. മുംതസ്ഭാനു, ഫാത്തിമ ജസീന, ത്വാഹിറശബീന, ഇസ്മായിൽഅബ്ദുല്ലാഹ്, എം.പി. വസീമ, എം.പി. ആയിശ അബ്ദുസ്സലാം എന്നിവർ മക്കളും, നാസിർ അഹ്മദ്, നസീം അഹ്മദ് എന്നിവർ ജാമാതാക്കളുമാണ്. പരേതയ്ക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും ഉന്നതമായ സ്ഥാനവും നൽകുമാറാകട്ടെ. ആമീൻ.


## ബി. കുഞ്ഞലിമാ സാഹിബ

പഴയങ്ങാടി ജമാഅത്തിലെ ബി.കുഞ്ഞലിമാ സാഹിബ (82) ഏപ്രിൽ 30-ന് പരിയാരം മെഡിക്കൽകോളേജ് ആശുപത്രിയിൽവെച്ച് നിര്യാതയായി. ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജിഊൻ. സുദീർഘകാലം പഴയങ്ങാടി അഹ്മദിയ്യാ മദ്രസയിൽ ഉസ്താദും ജമാഅത്തിന്റെ ജനറൽ സെക്രട്ടറിയുമായിരുന്ന മർഹൂം സി.എച്ച്. അബ്ദുൽഖാദർ മാസ്റ്റർ സാഹിബിന്റെ ഭാര്യയാണ് കുഞ്ഞലിമാ സാഹിബ. സംസ്ഥാന പബ്ലിക്കേഷൻ വകുപ്പിന്റെ സദർ ആയ പ്രൊഫ. മഹ്മൂദ് അഹമ്മദ് സാഹിബ്, ബി. അബ്ദുൽ ഹമീദ് സാഹിബ് (സ്റ്റാർഹോംസ്, എറണാകുളം), ബി.സഊദാബീബി സാഹിബ, ബി. താഹിറാസാഹിബ, ബി. സക്ക്യാബീബി എന്നിവർ മക്കളും, മർഹൂം കെ.പി. കുഞ്ഞഹ്മദ് സാഹിബ്, കെ.പി. മാമുക്കോയ സാഹിബ്, എം. മുഹമ്മദ് സാഹിബ്, കെ. മുബാറക്കാബീബി, യു. ശമീമാബീബി എന്നിവർ മരുമക്കളുമാണ്. പരേതാത്മാവിന് അല്ലാഹു മഗ്ഫിറത്ത് നൽകുമാറാകട്ടെ. ആമീൻ.

നാസിറാത്ത് കോർണർ

# ആ കൈകളിലെ പൂക്കൾ

ഓടുന്ന ബസ്സിലിരുന്നു ഞാൻ നോക്കവേ
ചാരത്തിരിക്കുന്ന വൃദ്ധന്റെ കൈകളിൽ
വെള്ളപൂച്ചെണ്ട് കണ്ടു ഞാൻ മോഹിച്ചു
കണ്ണെടുക്കാതെ ഞാൻ പൂക്കളും നോക്കിപ്പോയ്
അല്പദൂരത്തെത്തീ, വൃദ്ധനെഴുന്നേറ്റു
എന്നരികത്തെത്തി പൂക്കളും തന്നിട്ട്
പുഞ്ചിരി തൂകിക്കൊണ്ടിങ്ങനെയുമോതി
“മോളേ, നിനക്കായിരിക്കട്ടെ ഈ പൂക്കൾ
എൻ ഭാര്യക്കുമതാവും ആഹ്ലാദവും”
ഇത്രയും ചൊല്ലിക്കൊണ്ടാ വൃദ്ധൻ പോകയായ്
സ്റ്റോപ്പെത്തി, ഞാനോ പകച്ചുനോക്കീടവേ
മന്ദമായ് നടന്നകലുന്നു കാലുകൾ
റോഡരികത്തെ ശ്മശാനമുറ്റത്തേക്കായ്....



*സാനിയ സിദ്ദീഖ്*

---

## സോച്നേ കീ ബാതേം

മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) പറയുന്നു. ഞാനൊരു സദസ്സിൽ ചെന്നപ്പോൾ അവിടെ വലിയ കോലാഹലം. എല്ലാവർക്കും പ്രസിഡന്റാവണം. അതിന്റെ പേരിലാണ് ബഹളം. ഇതുകേട്ട് ഹക്കീം നൂറുദ്ദീൻ സാഹിബ് പറഞ്ഞു. ഒരാളെ പ്രസിഡന്റാക്കുക. മറ്റേയാളെ സദ്റും. മൂന്നാമതൊരാൾ മുറബ്ബിയും നാലാമത്തെയാൾ ചെയർമാനും ആവട്ടെ. ഇതുകേട്ടപ്പോൾ കൂടിയിരുന്നവർക്ക് സന്തോഷമായി. മുറബ്ബിയായി തെരഞ്ഞെടുത്തയാളോട് ഒരാൾ പറഞ്ഞു. ഏറ്റവും വലിയ സ്ഥാനം കിട്ടിയത് നിങ്ങൾക്കാണ്. മുറബ്ബിയുടെ അരികിൽ സദ്റിന് എന്ത് സ്ഥാനമാണുള്ളത്? സദ്റിനെ കണ്ട ചിലർ പറഞ്ഞു. ഏറ്റവും വലിയ പദവി അലങ്കരിക്കുന്നത് സദ്റാണ്. മുറബ്ബിക്ക് വീട്ടിൽ കുത്തിയിരിക്കാനല്ലാതെ മറ്റെന്ത് ജോലിയുണ്ട്. പ്രസിഡന്റിനെ കണ്ടപ്പോൾ അവരുടെ മട്ടൊന്ന് മാറി. താങ്കളാണ് ഞങ്ങളുടെ പ്രസിഡന്റ്. സദ്ർ സ്ഥാനം കിട്ടിയിട്ട് കാര്യമെന്ത്? ഖുൽ അഊദു ഓതി ദുആ ചെയ്യുന്ന മുല്ലാക്കയുടെ വാക്കാണ് സദ്ർ. ഇക്കാലത്ത് വലിയ ബുദ്ധിമാന്മാരുടെ അടുക്കൽ താങ്കൾ ചെന്നു നോക്കൂ. തങ്ങളിൽ ഏറ്റവും ഉത്തമരായ ആൾക്കാരെയാണ് അവർ പ്രസഡന്റാക്കുന്നത്. എന്നാലവർ ചെയർമാനോട് പറഞ്ഞതിങ്ങനെയായിരുന്നു. നിങ്ങൾ ചെയർമാനായതിൽ ഞങ്ങളെല്ലാവരും സന്തുഷ്ടരാണ്.

സ്ഥാനം മോഹിക്കുന്നവർക്ക് സമൂഹത്തിൽ എന്തെങ്കിലും ചെയ്യണമെന്ന ഉദ്ദേശ്യമേയില്ല. ഒരു ഡപ്യൂട്ടി കമ്മീഷണർക്ക് കത്തെഴുതുമ്പോൾ താഴെ പേരിനൊപ്പം സ്ഥാനപ്പേരും കാണണം. മുസ്‌ലിംകളുടെ നേതാവ് തങ്ങളാണെന്ന ദുരഭിമാനത്തോടെ മറ്റുള്ളവരുടെ മുമ്പിൽ തലയുയർത്തി നടക്കണം. അതാണവരുടെ മോഹം. ഇങ്ങനെയുള്ളവർ സദസ്സുകളിൽ ചെന്നിരിക്കുന്നത് തന്നെ സ്ഥാനം മോഹിച്ചാണ്.

നേതാവാക്കുക എന്നത് അല്ലാഹുവിന്റെ കൃത്യമാണ്. ഏതൊരാൾക്ക് അല്ലാഹു നേതൃത്വം നൽകാനുദ്ദേശിക്കുന്നുവോ അദ്ദേഹത്തെ അല്ലാഹു നേതാവാക്കുന്നു. മസീഹ് മൗഊദ്(അ) പറയുന്നു. ഞാനൊരു രഹസ്യ അറയിലായിരുന്നു. എന്നെക്കുറിച്ച് ഒരാൾക്കും അറിവുണ്ടായിരുന്നില്ല. എന്നെ ആരെങ്കിലും പരിഗണിക്കണമെന്ന ആഗ്രഹവും എന്നിലുണ്ടായിരുന്നില്ല. ഏകാന്തവാസത്തിൽനിന്ന് ഞാൻ പുറത്തുവന്നത് നിർബന്ധിതനായിട്ടാണ്. ഒരു സ്വകാര്യജീവിതം നയിച്ച് തികച്ചും ഗോപ്യമായനിലയിൽമരിച്ചുപോകണമെന്നതായിരുന്നു എന്റെ ആഗ്രഹം. എന്നാൽ, നിനക്ക് മുഴുലോകത്തും പ്രതാപത്തോടെയുള്ള പ്രസിദ്ധി പ്രദാനം ചെയ്യുന്നതാണെന്ന് അല്ലാഹു എന്നോട് പറഞ്ഞു.

നാസിറാത്ത് കോർണർ

## സോച്നേ കീ ബാതേം

**തി**രുനബി(സ)നെ അനുസരിച്ചതിന്റെ ഫലമായി അല്ലാഹുവിന്റെ സാമീപ്യവും അനുഗ്രഹങ്ങളും കരസ്ഥമാക്കിയ ആയിരക്കണക്കിനു ജനങ്ങൾ എല്ലാ കാലഘട്ടങ്ങളിലും ഉണ്ടായിരുന്നതായി കാണാൻ സാധിക്കുന്നതാണ്.

ഹസ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിൽ ഒരിക്കൽ കൈസറിന് അസഹ്യമായ തലവേദനയുണ്ടായി. എല്ലാവിധ ചികിത്സകൾ നടത്തിയിട്ടും സുഖപ്പെട്ടില്ല. ഒരാൾ കൈസറിനോടു പറഞ്ഞു: ഹസ്റത്ത് ഉമർ(റ)ന് എല്ലാ കാര്യങ്ങളും എഴുതി അദ്ദേഹത്തിൽനിന്ന് തബർറുക്ക് (അനുഗ്രഹദ്രവ്യം) എന്തെങ്കിലും ചോദിക്കുക. അദ്ദേഹം താങ്കൾക്കുവേണ്ടി ദുആ ചെയ്യുകയും തബർറുക്ക് കൊടുത്തയക്കുകയും ചെയ്യുന്നതാണ്. അദ്ദേഹത്തിന്റെ ദുആയുടെ ഫലമായി താങ്കൾ സുഖം പ്രാപിക്കും. കൈസർ, ഉമർ(റ)ന്റെ അടുക്കലേക്ക് തന്റെ ദൂതനെ അയച്ചു. അഹംഭാവികളായ ഇക്കൂട്ടർ എന്റെ അടുക്കൽ നേരിട്ട് വരാൻ മടിക്കുന്നവരാണ്. ഇപ്പോൾ കൈസർ വിഷമത്തിലായതുകൊണ്ട് അയാളുടെ ദൂതനെ എന്റെ അടുക്കലേക്ക് അയച്ചിരിക്കുന്നു. ഞാൻ അയാൾക്ക് എന്തെങ്കിലും തബർറുക്ക് അയക്കുകയാണെങ്കിൽ അതിനെ അയാൾ നിസ്സാരമായികണ്ട് ഉപയോഗിക്കാതിരുന്നേക്കാം. അതുകൊണ്ട് അയാളുടെ അഹംഭാവത്തെ ഉടച്ചുകളയുകയും തബർറുക്കായി ഉപയോഗിക്കാൻ പറ്റിയതുമായ എന്തെങ്കിലും കൊടുത്തയക്കാനുള്ള അവസരമാണിത് എന്ന് ഉമർ(റ) ചിന്തിച്ചു. അങ്ങനെ പുള്ളികളും കറകളും കൊണ്ട് മുഷിഞ്ഞ് കറുത്തുപോയ ഒരു പഴയതൊപ്പി തബർറുക്കായി അയച്ചുകൊടുത്തു. ഈ തൊപ്പി കണ്ടപ്പോൾ അയാൾക്ക് തീരെ ഇഷ്ടമായില്ല. അയാൾ ആ തൊപ്പി ധരിച്ചില്ല. എന്നാൽ മുഹമ്മദ് നബി(സ) മുഖേന മാത്രമേ നിങ്ങൾക്ക് ഇനി ബർക്കത്ത് (അനുഗ്രഹം) കിട്ടുകയുള്ളൂ എന്ന് അല്ലാഹു അയാളെ പഠിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നു. അയാൾക്ക് അസഹ്യമായ തലവേദനയുണ്ടായി. തന്റെ വേലക്കാരോടു പറഞ്ഞു. ഉമർ(റ) കൊടുത്തയച്ച ആ തൊപ്പി കൊണ്ടുവരൂ. എന്റെ വേദന മാറാൻ ആ തൊപ്പി ഞാൻ എന്റെ തലയിൽ വെക്കട്ടെ. അങ്ങനെ അയാൾ ആ തൊപ്പി ധരിക്കുകയും വേദന ശമിക്കുകയും ചെയ്തു. ഇയാൾക്ക് എട്ട്, ഒമ്പത് ദിവസം കൂടുമ്പോൾ തലവേദനയുണ്ടാകാറുണ്ടായിരുന്നു. അതുകൊണ്ട് തന്റെ രാജസദസ്സിലിരിക്കുമ്പോഴും ഹസ്റത്ത് ഉമർ(റ) കൊടുത്തയച്ച ആ പഴകിജീർണ്ണിച്ച തൊപ്പി നിത്യേന ധരിച്ചുകൊണ്ടിരിക്കുന്നത് പതിവാക്കി. അല്ലാഹു ഈ അടയാളം കാണിച്ചതിന്റെ പിന്നിൽ മറ്റൊരു കാര്യംകൂടി ഒളിഞ്ഞുകിടക്കുന്നുണ്ടായിരുന്നു. അതായത് തിരുനബി(സ)ന്റെ ഒരു സ്വഹാബി കൈസറിന്റെ തടവിലുണ്ടായിരുന്നു. അദ്ദേഹത്തിന് പന്നിയിറച്ചി കൊടുക്കണമെന്ന് കൈസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ആ സ്വഹാബി വിശപ്പു സഹിക്കാൻ തയ്യാറായി പന്നിയിറച്ചി തിന്നാൻ കൂട്ടാക്കിയില്ല. വളരെ ദിവസങ്ങൾ വിശന്നിരുന്നശേഷം മരിക്കേണ്ട ഘട്ടമെത്തുമ്പോൾ കൈസർ അദ്ദേഹത്തിന് റൊട്ടി കൊടുക്കുമായിരുന്നു. അങ്ങനെ അദ്ദേഹത്തിന് കുറച്ച് ആരോഗ്യവും ശക്തിയും കിട്ടിക്കഴിഞ്ഞാൽ വീണ്ടും പന്നിയിറച്ചി കൊടുക്കുമായിരുന്നു. ഇപ്രകാരം അയാൾ അദ്ദേഹത്തെ ജീവിക്കാനും വിട്ടില്ല, മരിക്കാനും വിട്ടില്ല. ആരോ അയാളോടു പറഞ്ഞു താങ്കൾക്ക് ഈ തലവേദന വിട്ടുമാറാത്തത് താങ്കൾ ഈ മുസ്ലിമിനെ തടവറയിൽ ഇട്ടിരിക്കുന്നതുകൊണ്ടാണ്. ഇതിനുള്ള ചികിത്സ ഉമർ(റ)നോട് ദുആക്കപേക്ഷിക്കുകയും അദ്ദേഹത്തിൽനിന്ന് തബർറുക്ക് വാങ്ങലും മാത്രമാണ്. ഹസ്റത്ത് ഉമർ(റ) അയാൾക്ക് തൊപ്പി കൊടുത്തയച്ചപ്പോൾ അക്കാരണത്താൽ അയാളുടെ തലവേദന വിട്ടുമാറി. അതിൽ അയാൾ പ്രഭാവിതനായി ആ സ്വഹാബിയെ വിട്ടയച്ചു.

നോക്കുവിൻ, ഒരുഭാഗത്ത് കൈസർ ഒരു സ്വഹാബിയെ ബുദ്ധിമുട്ടിക്കുന്നു. മറുഭാഗത്ത് അല്ലാഹു അയാൾക്കുള്ള ശിക്ഷയെന്നോണം അയാൾക്ക് തലവേദനയുണ്ടാക്കുന്നു. മറ്റൊരാൾ ഉമർ(റ)ൽനിന്ന് തബർറുക്ക് വാങ്ങിപ്പിക്കുന്നതിനും ദുആ ചെയ്യുന്നതിനും വേണ്ടി അഭിപ്രായപ്പെടുന്നു. അദ്ദേഹം തബർറുക്ക് കൊടുത്തയക്കുന്നു. അങ്ങനെ കൈസറിന്റെ തലവേദന മാറിപ്പോകുന്നു. ഇപ്രകാരം അല്ലാഹു ആ സ്വഹാബിക്ക് മോചനമാർഗ്ഗം ഉണ്ടാക്കുകയും മുഹമ്മദ്നബി(സ)ന്റെ സത്യസാക്ഷ്യം അയാളിൽ വെളിപ്പെടുത്തുകയും ചെയ്യുന്നു.

***റിസ്വാന ഇഫ്ഫത്ത്. എം.***